# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: വി.വേണുഗോപാൽ

ഒക്ടോബർ 2023 | വാല്യം 50 ലക്കം 7 | പേജ് 12 | വില 10.00 രൂപ

UNITY Monthly | October 2023 | Volume 50 Issue 7 | Chief Editor: V.VENUGOPAL | Page 12 | Price Rs. 10.00


# സിഎജി റിപ്പോർട്ട്: വെളിവാകുന്നത് അഴിമതിയിൽ മുങ്ങിക്കുളിച്ച ബിജെപി ഭരണത്തിന്റെ വികൃതമുഖം

**വിവിധ ക്ഷേമപദ്ധതികൾ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട പല പദ്ധതികളിലും ഞെട്ടിപ്പിക്കുന്ന സാമ്പത്തിക ക്രമക്കേടുകളും പൊരുത്തക്കേടുകളും ഉള്ളതായി ആഗസ്റ്റ് 10ന് സിഎജി പാർലമെന്റിൽ സമർപ്പിച്ച റിപ്പോർട്ടിൽ വെളിവാക്കിയിരിക്കുന്നു. ഭരണസുതാര്യതയെക്കുറിച്ചുള്ള ചോദ്യങ്ങളും റിപ്പോർട്ട് ഉയർത്തിയിരിക്കുന്നു. മൂന്ന് സുപ്രധാന പദ്ധതികളിലാണ് ഫണ്ട് ദുരുപയോഗം ചൂണ്ടിക്കാട്ടപ്പെട്ടിട്ടുള്ളത്. ഗുരുതരമായ ഈ ആരോപണങ്ങൾക്ക് ഒരു വിശദീകരണത്തിനും തയ്യാറാകാതെ പ്രധാനമന്ത്രി മോദി ദുരൂഹമായ മൗനം തുടരുന്നു.**

ഇന്ത്യയുടെ ഭരണഘടനയുടെ 148-ാം വകുപ്പനുസരിച്ച് സ്ഥാപിതമായിട്ടുള്ള രാജ്യത്തെ പരമോന്നത ഓഡിറ്റിങ്ങ് സംവിധാനമാണ് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ അഥവാ സിഎജി. കേന്ദ്രത്തിന്റെയോ സംസ്ഥാനത്തിന്റെയോ ഖജനാവിൽനിന്നുള്ള സാമ്പത്തികസഹായത്തോടെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും അധികാരസ്ഥാനങ്ങളുടെയും സർക്കാർ കമ്പനികളുടെയും മറ്റ് കോർപ്പറേഷനുകളുടെയും, വരവുചെലവ് കണക്കുകൾ ബന്ധപ്പെട്ട നിയമങ്ങൾക്കനുസരിച്ച് സിഎജി ഓഡിറ്റ് ചെയ്യുന്നു.

വിവിധ ക്ഷേമപദ്ധതികൾ ഉൾപ്പെടെ പ്രധാനപ്പെട്ട പല പദ്ധതികളിലും ക്രമക്കേടുകളും, ഭരണസുതാര്യതയെക്കുറിച്ചുള്ള ചോദ്യങ്ങളും, കഴിഞ്ഞ ആഗസ്റ്റ് 10ന് സിഎജി പാർലമെന്റിൽ സമർപ്പിച്ച റിപ്പോർട്ട് വെളിവാക്കി. ആദ്യ ഭാഗത്തിൽ, താഴെപ്പറയുന്ന നാല് മന്ത്രാലയങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ അവർ സമർപ്പിച്ചു:

- റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം: ദക്ഷിണേന്ത്യയിലെ എൻഎച്ച്എഐയുടെ ടോൾ ഓപ്പറേഷൻ സംബന്ധിച്ച കംപ്ലയൻസ് ഓഡിറ്റ്
- റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം: 'ഭാരത്മാല പരിയോജനയുടെ ഒന്നാം ഘട്ടം നടപ്പാക്കൽ' എന്നതിനെക്കുറിച്ചുള്ള പെർഫോമൻസ് ഓഡിറ്റ്
- റെയിൽവേ മന്ത്രാലയം
- കേന്ദ്ര സർക്കാരിന്റെ അക്കൗണ്ടുകളുടെ സാമ്പത്തിക ഓഡിറ്റ്.

മൂന്ന് സുപ്രധാന പദ്ധതികളിൽ പൊതുഫണ്ട് ദുരുപയോഗം ചെയ്തതിലേക്കും സാമ്പത്തിക ക്രമക്കേടുകളിലേക്കും വെളിച്ചം വീശുകയും അതുവഴി പൊതുഭരണത്തിൽ സുതാര്യതയും ഉത്തരവാദിത്തവും വർധിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്ന റിപ്പോർട്ടുകൾ പുറത്തുവന്നെങ്കിലും സർക്കാരിൽ നിന്ന് പ്രതികരണമൊന്നും ഉണ്ടായിട്ടില്ല. നിർണായകമായ ആ വെളിപ്പെടുത്തലുകൾ എന്തൊക്കെയാണെന്നും സിഎജി ചൂണ്ടിക്കാണിച്ചതെന്താണെന്നും നമുക്ക് നോക്കാം.

### റോഡ് ഗതാഗതവും ടോൾപിരിവ് സംവിധാനവും

ഡൽഹി മുതൽ ഗുരുഗ്രാംവരെയുള്ള ദ്വാരക എക്സ്പ്രസ് വേ പദ്ധതിയുടെ നിർമ്മാണച്ചെലവിൽ ഗുരുതരമായ ആശങ്കകൾ സിഎജി ഉയർത്തിക്കാട്ടുന്നു.

(ശേഷം 4-ാം പേജിൽ)


ഉൾപേജ്

6 സ്വകാര്യസേന: സാമ്രാജ്യത്വ യുദ്ധ സന്നാഹങ്ങളുടെ പുതിയ മുഖം

7 ചാന്ദ്രയാൻ ദൗത്യത്തെ ഹിന്ദുമതവുമായി ബന്ധിപ്പിക്കുന്നത് ഫാസിസ്റ്റ് പദ്ധതി

9 ചൂഷിത ജനതയുടെ കണ്ണീരൊപ്പാൻ മാർക്സിസത്തിനേ സാധിക്കൂ


ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ...




വിദ്യാഭ്യാസത്തെ ഉന്മൂലനം ചെയ്യുന്ന എൻഇപി 2020 പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സെപ്റ്റംബർ 26ന് സേവ് എഡ്യൂക്കേഷൻ കമ്മിറ്റി രാജ്ഭവനിലേയ്ക്ക് നടത്തിയ മാർച്ചിന്റെ മുൻനിര.

## ചികിൽസാച്ചെലവ് കുത്തനെ ഉയരുന്നു

# സൗജന്യ ആരോഗ്യപരിരക്ഷ കടങ്കഥയാകുന്ന കേരളത്തിലെ പൊതുജനാരോഗ്യമേഖല

**സർക്കാർ സംവിധാനങ്ങൾ യൂസർ ഫീ തത്വത്തിലേക്ക് മാറുകയും സൂപ്പർ സ്പെഷ്യാലിറ്റികളും മൾട്ടി സൂപ്പർ സ്പെഷ്യാലിറ്റികളുമൊക്കെയായി വൻകിട സ്വകാര്യ ആശുപത്രികൾ കളം നിറയുകയും ചെയ്യുന്ന കാഴ്ച കേരളത്തിൽ കണ്ടുതുടങ്ങിയിട്ട് അധികമായില്ല. അതിന് ആഗോളവത്ക്കരണത്തിന്റെ പഴക്കമേയുള്ളൂ. മുതലാളിത്ത സാമൂഹ്യക്രമം അഭിമുഖീകരിക്കുന്ന സമസ്തരോഗങ്ങൾക്കുമുള്ള ഒറ്റമൂലി എന്നനിലയിൽ ആഗോളവത്ക്കരണം അവതരിപ്പിക്കപ്പെട്ടപ്പോൾ മുതൽ നടപ്പിലാക്കിവരുന്ന പരിഷ്കാരങ്ങളിലൂടെയാണ് വിദ്യാഭ്യാസ, ആരോഗ്യരംഗങ്ങൾ സ്വകാര്യസംരംഭകരുടെ കൈപ്പിടിയിൽ അമർന്നത്.**

സംസ്ഥാനത്ത് സർക്കാർ ആശുപത്രിയിൽ മൂന്നോ നാലോ പതിറ്റാണ്ട് മുമ്പ് ലഭിച്ചിരുന്ന സേവനങ്ങളുടെ നിലവാരവും വൈപുല്യവും പരിമിതമായിരുന്നെങ്കിലും ചികിൽസ ആവശ്യപ്പെട്ടുവരുന്ന മുഴുവൻ ജനങ്ങൾക്കും സേവനങ്ങൾ സൗജന്യമായി നൽകുക എന്നതായിരുന്നു പൊതുജനാരോഗ്യരംഗം പിന്തുടർന്നിരുന്ന അടിസ്ഥാന നയസമീപനം. ഇതിൽനിന്ന് വിഭിന്നമായി ആദ്യം ഒപി ടിക്കറ്റിന് ഒരു ചെറിയ ഫീസ് ഏർപ്പെടുത്തി. അന്ന് കേരളത്തിൽ അലയടിച്ച പ്രതിഷേധം ആർക്കും വിസ്മരിക്കാനാവില്ല. ശക്തമായ എതിർപ്പുകാരണം മൂന്നിലേറെ തവണ അത് മാറ്റിവയ്ക്കേണ്ടിവന്നു. അതിൽ പിരിഞ്ഞുകിട്ടിയ തുക ചെറുതായിരുന്നെങ്കിലും എല്ലാത്തരം സേവനങ്ങൾക്കും ഫീസ് ഏർപ്പെടുത്തുക എന്ന സമ്പ്രദായത്തോട് ജനങ്ങളെ ഇണക്കിയെടുക്കുക എന്ന ഗൂഢലക്ഷ്യം അതുനിറവേറ്റി.

നിർദ്ദോഷമായ ഒരു ലഘുഫീസ് എന്ന മട്ടിൽ വന്ന്, പിന്നീട് പൊതുജനാരോഗ്യരംഗത്തെ മുഴുവൻ പിടിയിലമർത്തിയ യൂസർഫീസായി അത് മാറി. ഇടതും വലതുമൊക്കെ ചേർന്ന് ആശുപത്രി വികസന സമിതി ഉണ്ടാക്കി, കൗശലപൂർവ്വം, നിയോലിബറൽ സാമ്പത്തിക നയത്തിന്റെ കെണിയിൽ ജനങ്ങളെ പെടുത്തി. അങ്ങനെ കേരളത്തിൽ സൗജന്യ ആരോഗ്യപരിരക്ഷ ഏതാണ്ട് പൂർണ്ണമായി അപ്രത്യക്ഷമായി. ബിപിഎൽ റേഷൻ കാർഡ്, ഇൻഷ്വറൻസ് പോളിസി, കാരുണ്യ അംഗത്വം ഇങ്ങിനെ ഒട്ടനവധി മാനദണ്ഡങ്ങൾ കൊണ്ടുവന്ന് സൗജന്യചികിൽസയുടെ യോഗ്യത നിർണ്ണയിച്ചുതുടങ്ങിയതോടെ സാധാരണജനങ്ങൾക്ക് വലിയ തുക മുടക്കിയാലേ ചികിൽസ ലഭിക്കൂ എന്ന സ്ഥിതിയായി. കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടയിൽ സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യരംഗത്തുവന്ന ഏറ്റവും ആപൽക്കരമായ ഈ നയവ്യതിയാനമാണ് കേരളത്തിന്റെ ആരോഗ്യരംഗം നേരിടുന്ന എല്ലാ പ്രശ്നങ്ങളുടെയും മൂലകാരണം.

ആഗോളവത്ക്കരണത്തിന്റെ ആദർശവാക്യംതന്നെ സ്വകാര്യവത്ക്കരണവും ഉദാരവത്ക്കരണവുമാണ്. അന്തർദ്ദേശീയതലത്തിൽ ആഗോളകുത്തകകൾക്കിടയിൽ സമവായമുണ്ടാക്കി ഒന്നിനുപിന്നാലെ ഒന്ന് എന്ന നിലയിൽ നടപ്പിലാക്കിയ നയങ്ങൾ നിക്ഷേപരംഗത്തും ബൗദ്ധികസ്വത്തവകാശത്തിലുമെത്തിയപ്പോൾ ആരോഗ്യവും കുടിവെള്ളവും വിദ്യാഭ്യാസവും വൈദ്യുതിയുമെല്ലാം കച്ചവടച്ചരക്കായി.

(ശേഷം 2-ാം പേജിൽ)

**കേരളത്തിലെ ആരോഗ്യരംഗം**

# പൊതുജനാരോഗ്യമേഖല ലോകബാങ്കിനും കുത്തകകൾക്കും തീറെഴുതപ്പെടുന്നു

*(1–ാം പേജിൽ നിന്ന്)*

അതിന്റെ പ്രത്യാഘാതമാണ് ഇന്ന് കേരളത്തിലെ സാധാരണക്കാരൻ ജീവതത്തിന്റെ സമസ്തമേഖലകളിലെയും പ്രതിസന്ധിയായി അനുഭവിക്കുന്നത്. ഈ നയങ്ങൾ ഒന്നൊന്നായി നടപ്പിലാക്കുന്നതിൽ കേന്ദ്രമെന്നില്ല, കേരളമെന്നില്ല മുന്നണികളെന്നോ രാഷ്ട്രീയ പാർട്ടികളെന്നോ ഭേദമില്ല. ആഗോളവത്ക്കരണത്തോട് ആർക്കും അയിത്തമില്ല എന്നുമാത്രമല്ല, വാരിപ്പുണരുകയുമാണ്.

## തകർന്നടിയുന്ന പൊതുജനാരോഗ്യ സംവിധാനങ്ങൾ

കേരള മോഡൽ എന്ന് ഖ്യാതിനേടിയ കേരളത്തിലെ ആരോഗ്യരംഗത്തുനിന്ന് ഇന്ന് ഉയരുന്നത് അശുഭ സൂചനകളാണ്. പതിനെട്ടുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യസംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയായ ആരോഗ്യകിരണം പദ്ധതി പാളുന്നു എന്നതാണ് ഏറ്റവുമൊടുവിൽ കേൾക്കുന്ന വാർത്ത. രാഷ്ട്രീയ ബാലസ്വാസ്ഥ്യ കാര്യക്രമ പ്രകാരം ചികിത്സാസഹായം ലഭിക്കുന്ന മുപ്പതുരോഗങ്ങൾക്ക് പുറമെയുള്ള എല്ലാരോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ എപിഎൽ, ബിപിഎൽ വ്യത്യാസമില്ലാതെ ചികിത്സാസഹായം ലഭിക്കുമെന്നും മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യമായി ലഭിക്കുമെന്നും, സർക്കാർ ആശുപത്രിയിൽ ലഭ്യമല്ലാത്തവ ആശുപത്രിയുമായി എംപാനൽ ചെയ്തിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽനിന്നും തികച്ചും സൗജന്യമായി ലഭ്യമാക്കുമെന്നുമൊക്കെയുള്ള അവകാശവാദം വീൺവാക്കായി. ഇത് പ്രതിസന്ധിയിലാക്കുന്നത് നീണ്ടുനിൽക്കുന്ന ചികിത്സ ആവശ്യമുള്ള നൂറുകണക്കിന് കുഞ്ഞുങ്ങളെയാണ്. കോടിക്കണക്കിന് രൂപ സർക്കാർ കുടിശിക വരുത്തിയിരിക്കുന്ന സാഹചര്യത്തിൽ സ്വകാര്യ ആശുപത്രികൾ ചികിത്സ നിഷേധിക്കുന്നു എന്നതാണ് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

കേരളത്തിലെ നാൽപ്പതുശതമാനംവരുന്ന ദരിദ്രരും ദുർബലരുമായ കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപ ചികിത്സക്കായി കൊടുക്കുന്ന ആരോഗ്യ സംരക്ഷണ പദ്ധതിയായ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി അഥവാ കാസ്പും അവതാളത്തിലായിട്ട് ഏറെ നാളുകളായി. സർക്കാർ കുടിശിക വരുത്തിയിരിക്കുന്നതിനാൽ സ്വകാര്യ ആശുപത്രികൾ ചികിത്സ നിഷേധിക്കുന്നു എന്നതാണ് ഇവിടെയും കാരണം. കുടിശ്ശിക 350കോടിയോളം പിന്നിട്ടിരിക്കുന്ന സാഹചര്യത്തിൽ കേരള പ്രൈവറ്റ് ഹോസ്പിറ്റൽ മാനേജ്മെന്റ് അസ്സോസിയേഷൻ കാസ്പിൽനിന്നും പിന്മാറുന്നതായി പ്രഖ്യാപിച്ചു കഴിഞ്ഞു. അഞ്ചുവയസ്സിൽ താഴെ പ്രായമുള്ള ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും ഓഡിറ്ററി വെർബൽ ഹാബിലിറ്റേഷനും (എവിഎച്ച്) നൽകിവന്നിരുന്ന ശ്രുതിതരംഗം പദ്ധതിയും പേപ്പറിൽ ഒതുങ്ങുന്നു എന്നവാർത്തകളും വന്നുകൊണ്ടിരിക്കുന്നു. സർക്കാർ ഫണ്ട് ലഭ്യമാക്കാത്തതിനെത്തുടർന്ന് ശസ്ത്രക്രിയകൾപോലും അനന്തമായി മുടങ്ങുന്നു. പല കാരണങ്ങളാൽ രോഗികൾക്ക് ചികിത്സ മുടങ്ങുകയോ അനന്തമായി നീളുകയോ ചെയ്യുന്നു. എൻഡോസൾഫാൻ ദുരിതബാധിതർക്ക് കേരളത്തിന് പുറത്തുള്ള ആശുപത്രികൾ നൽകിവന്നിരുന്ന ചികിത്സയും ഏതാണ്ട് നിലച്ച മട്ടാണ്. അവിടെയും സർക്കാരിന്റെ അനാസ്ഥതന്നെ കാരണം. പാളിപ്പോയ മറ്റൊരു പരിഷ്കരണമാണ് ആരോഗ്യ ഇൻഷ്വറൻസ്. സ്വകാര്യ ആശുപത്രികളിലെ കഴുത്തറപ്പൻ ചികിത്സയിലേയ്ക്കോ അതിനു പാങ്ങില്ലാത്തവൻ മരണത്തിലേയ്ക്കോപോലും തള്ളിവിടപ്പെടുന്ന ഒരു സാഹചര്യം കേരളത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇതിനൊക്കെപുറമെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർ ആശുപത്രികൾക്കുള്ളിൽ ആക്രമിക്കപ്പെടുന്ന സംഭവങ്ങളും വർദ്ധിക്കുന്നു.

ഈ വർഷം സെപ്റ്റംബർ വരെ കേരളത്തിൽ 55പേർ എലിപ്പനിമൂലവും 36പേർ ഡെങ്കിപ്പനി മൂലവും മരിച്ചതായാണ് ഔദ്യോഗിക കണക്ക്. ഇതിനിടയിലാണ് നിപ വീണ്ടും ആശങ്ക ഉയർത്തിയത്. 2018മുതലുള്ള കണക്കെടുത്താൽ ഇതിനകം നാലുതവണ നിപ ബാധയുണ്ടായി. നിശ്ചിത ഇടവേളകളിൽ പകർച്ചവ്യാധികൾ ആവർത്തിക്കുന്നു. പകർച്ചവ്യാധി ഭീഷണിയുള്ള സ്ഥലങ്ങളിലൊന്നായാണ് ലോകാരോഗ്യസംഘടന കേരളത്തെ വിലയിരുത്തുന്നത്. ആവശ്യകയ്ക്കനുസരിച്ച് ഡോക്ടർമാരില്ല, നഴ്സുമാരില്ല, പാരാമെഡിക്കൽ സ്റ്റാഫില്ല, മറ്റ് ജീവനക്കാരില്ല അങ്ങനെ എണ്ണിപ്പറഞ്ഞു തീർക്കാവുന്നതല്ല കേരളത്തിലെ ആരോഗ്യരംഗത്തെ അനാരോഗ്യപ്രവണതകൾ. വൈദ്യശാസ്ത്രം അനുദിനം വികാസം പ്രാപിക്കുകയാണങ്കിലും അതിന്റെ പ്രയോജനം സാധാരണക്കാരിൽ എത്തുംവിധം സർക്കാർ സംവിധാനങ്ങൾ പുതുക്കപ്പെടുന്നില്ല. ഗതിയില്ലാതെ സർക്കാർ ആശുപത്രിയിലെത്തുന്നവരാകട്ടെ ആശുപത്രിക്കകത്ത് നെട്ടോടമോടി വലയുകയാണ്. വികസന സമിതികൾ എന്നപേരിലുണ്ടാക്കിയിരിക്കുന്ന പിരിവുകമ്പനിവക നിരവധി ചാർജ്ജുകൾവേറെ. ഒപി ടിക്കറ്റിനുമായി പത്തുരൂപ. റയിൽവേ റിസർവേഷൻ കൗണ്ടറിനെ അനുസ്മരിപ്പിക്കുംവിധം പിറ്റേന്നത്തെ ഒപിക്കുവേണ്ടി തലേന്നു രാത്രിതന്നെ വന്ന് ക്യൂവിൽനിൽക്കേണ്ട അവസ്ഥ. രോഗികളെയുംകൊണ്ട് വരുന്നവർ നാനാവശത്തേക്കും ഓടാൻതക്കവണ്ണം ആളുകളുടെ വലിയ സന്നാഹവും സംഘവുമായി വേണം വരാൻ. എല്ലാ പരിശോധനകളും പുറത്തേയ്ക്ക്. അകത്തുവല്ലപ്പോഴും കിട്ടുന്ന പരിശോധനകൾക്കാകട്ടെ പുറത്തേതുമായി വലിയ വില വ്യത്യാസമില്ലതാനും. വികസനത്തിന്റെ പേരുപറഞ്ഞ് അവശേഷിക്കുന്ന കെട്ടിടങ്ങൾ കൂടെ പൊളിച്ചുകളയുന്നതാണ് ഇന്ന് ഒട്ടുമിക്ക സർക്കാർ ആശുപത്രികളിലും കണ്ടുവരുന്നത്. മറ്റുചിലയിടങ്ങളിലാകട്ടെ, കെട്ടിടങ്ങൾ യഥേഷ്ടം കെട്ടിപ്പൊക്കുന്നതല്ലാതെ ആവശ്യമായ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നില്ല. ഏതാണ്ട് തകർന്നടിയുന്നൊരു പൊതുജനാരോഗ്യസംവിധാനമാണ് ആഗോളവത്ക്കരണം മൂന്നുപതിറ്റാണ്ടു പിന്നിട്ടപ്പോൾ കേരളത്തിന്റെ കൈമുതൽ. സാധാരണക്കാരന് നീണ്ടുനിൽക്കുന്ന ചികിത്സ ആവശ്യമുള്ള രോഗങ്ങൾ വന്നാൽ സഹായാഭ്യർത്ഥനയുമായി തെരുവിലിറങ്ങുകയോ സാമൂഹ്യമാധ്യമങ്ങളിൽ കറങ്ങുകയോ അല്ലാതെ മാർഗ്ഗമില്ല. സുമനസ്സുകളുടെ സഹായത്തോടെ കണ്ടെത്തുന്ന പണമാകട്ടെ സ്വകാര്യആശുപത്രികളുടെ അക്കൗണ്ടുകളിലേയ്ക്കാണ് ഒഴുകുന്നത്. സർക്കാർ ആശുപത്രികളുടെ ജീർണ്ണത സ്വകാര്യസ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് ഇടമൊരുക്കുന്നു. ലോകത്തിന് മുഴുവൻ മാതൃകയായിരുന്ന കേരളത്തിലെ പൊതുജനാരോഗ്യസംവിധാനം ഈ നിലയിലേയ്ക്ക് കൂപ്പുകുത്തിയത് എങ്ങനെയാണ്. പരിശോധിക്കപ്പെടേണ്ട വിഷയമാണിത്.

## കേരളത്തിലെ ആരോഗ്യരംഗത്ത് ലോകബാങ്കിന്റെ കാൽവയ്പ്

ഘട്ടം ഘട്ടമായി വികാസം പ്രാപിച്ചുവന്നതാണ് കേരളത്തിലെ ആരോഗ്യമേഖല. ഒരു നൂറ്റാണ്ടിനുമുമ്പ് കേരളത്തിൽ ആരംഭിച്ച വിദ്യാഭ്യാസപ്രക്ഷോഭവും അതിലൂടെ വികസിച്ചുവന്ന പൊതുവിദ്യാഭ്യാസവുമാണ് അതിന്റെ അടിത്തറ. വിദ്യാഭ്യാസത്തിലൂടെ സൃഷ്ടിക്കപ്പെട്ട ആരോഗ്യാവബോധവും ശുചിത്വബോധവും പൊതുവിദ്യാഭ്യാസമെന്നതുപോലെ പൊതുജനാരോഗ്യം എന്ന സങ്കൽപ്പത്തിനും ഇടയൊരുക്കി. ഐക്യകേരളം പിറക്കുന്നതിനുമുമ്പ് കേരളത്തിൽ വിദ്യാലയങ്ങൾ ആരംഭിച്ചിരുന്നു എന്നതുപോലെ ഐക്യകേരളം പിറക്കുന്നതിന് മുമ്പുതന്നെ കേരളത്തിൽ ആതുരാലയങ്ങളും ആരംഭിച്ചിരുന്നു. പിന്നീട് സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള ആസൂത്രണത്തിലും സമ്പൂർണമായ ചുമതലയിലും ചെലവിലും അത് കാലാനുസൃതമായി വികാസം പ്രാപിച്ച് പോരുകയും ചെയ്തു. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾമുതൽ മെഡിക്കൽ കോളജുകൾവരെ നീളുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ ഒരു ശൃംഖലതന്നെ രൂപപ്പെട്ടു. അർപ്പിതമനസ്കരായ ആരോഗ്യപ്രവർത്തകർ വാർത്തെടുക്കപ്പെട്ടു. രോഗീശുശ്രൂഷ ഉദാത്തമായ മാനവികതയുടെ നിദർശനമായി. പ്രൊഫഷന്റെ ധാർമ്മികത അനേകരെ ആ മേഖലയിലേയ്ക്ക് ആകർഷിച്ചു. സുഘടിതവും സുശിക്ഷിതവുമായ ഒരു സംവിധാനം അങ്ങനെ സ്ഥാപിക്കപ്പെട്ടു. ശിശു മരണനിരക്ക്, മാതൃമരണനിരക്ക്, രോഗപ്രതിരോധം ഇവയിലെല്ലാം ലോകനിലവാരത്തോട് കിടപിടിക്കുംവിധം കേരളത്തിലെ പൊതുജനാരോഗ്യമേഖല ശ്രദ്ധേയമായി. പരിമിതികൾ പലതുണ്ടായിരുന്നുവെങ്കിലും സാധാരണക്കാർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമായിരുന്നു. ആരോഗ്യം വ്യവസായത്തിന്റെ പരിധിയിലായിരുന്നില്ല. സാമൂഹ്യക്ഷേമത്തിന്റെ പരിധിയിലായിരുന്നു.

കേരളത്തിലെ ആരോഗ്യരംഗം അടിമുടി പൊളിച്ചെഴുതപ്പെടുന്ന നയങ്ങൾ ആരംഭിച്ചത് 'ആരോഗ്യകേരളം, ഐശ്വര്യകേരളം' എന്ന പേരിൽ കേന്ദ്രാവിഷ്കൃതപദ്ധതിയായ എൻആർഎച്ച്എം നടപ്പിലാക്കിത്തുടങ്ങിയതോടെയാണ്. ഭീമമായ ലോകബാങ്ക് വായ്പയുടെ പിന്തുണയോടെ നടപ്പിലാക്കപ്പെട്ട എൻആർഎച്ച്എം, നിശ്ചിതമായി തീരുമാനിക്കപ്പെട്ടതും രൂപപ്പെടുത്തപ്പെട്ടതുമായ ഒരു സ്കീമിലൂടെ ആരോഗ്യരംഗത്തെ കമ്പോളമാക്കി വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യംവച്ചുള്ളതായിരുന്നു. വി.എസ്.അച്ചുതാനന്ദൻ കേരളത്തിന്റെ മുഖ്യമന്ത്രിയും പി.കെ.ശ്രീമതി ആരോഗ്യ മന്ത്രിയുമായിരുന്ന സർക്കാരാണ് കേരളത്തിന്റെ സ്വന്തം പദ്ധതി എന്ന ഘോഷത്തോടെ ആരോഗ്യകേരളം ആരംഭിച്ചത്. മനുഷ്യന്റെ രോഗവും ദുരിതവും നിസ്സഹായതയും മരണവുംവരെ ചരക്കും കമ്പോളവുമാക്കി മാറ്റുന്ന എൻആർഎച്ച്എംന് കേരളത്തിലെ ഇടതുസർക്കാരിട്ട മൂടുപടമാണ് ആരോഗ്യകേരളം. ആരോഗ്യകേരളം പദ്ധതി വന്നതിനുശേഷം ആരോഗ്യരംഗത്തുണ്ടായ കാതലായ മാറ്റങ്ങൾ പരിശോധിച്ചാൽ ആഗോളവത്ക്കരണത്തിന്റെയും ലോകബാങ്കിന്റെയും എൻആർഎച്ച്എംന്റെയും തിട്ടൂരത്തിൽനിന്ന് പേരിലോ ഉള്ളടക്കത്തിലോ അൽപ്പംപോലും വ്യത്യാസമില്ല ഇതിന് എന്ന് വ്യക്തമാകും.

1996ൽ ഇറങ്ങിയ 'ഫ്രം പ്ലാൻ ടു മാർക്കറ്റ്' എന്ന ലോകബാങ്കിന്റെ വികസനരേഖയാണ് അടിത്തറ. 2005ൽ മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരുന്ന സമയത്താണ് എൻആർഎച്ച്എം ആരംഭിച്ചത്. അതുവരെ ആരോഗ്യരംഗം കൺകറന്റ് ലിസ്റ്റിലാണ് ഉൾപ്പെടുത്തപ്പെട്ടിരുന്നത്. എന്നാൽ എൻആർഎച്ച്എമ്മിനെ കുടിയിരുത്തിക്കൊണ്ടുള്ള ധാരണാപത്രത്തിൽ കേരളം ഒപ്പിട്ടതിനെത്തുടർന്ന് ആരോഗ്യരംഗത്ത് കേരളത്തിന് തനത് ആസൂത്രണങ്ങൾ സാധിക്കാതെ വന്നു. എൻആർഎച്ച്എമ്മിന് ആരോഗ്യവകുപ്പിനോടോ, ഇതിനകം വികസിച്ചുവന്നതും പലതട്ടുകളിലായി വിന്യസിക്കപ്പെട്ടിരുന്നതുമായ സർക്കാർ സംവിധാനങ്ങളോടോ കടപ്പാടുണ്ടായിരുന്നില്ല. എന്നാൽ തിരിച്ച് ഉണ്ടായേ മതിയാകുതാനും. അതോടൊപ്പം നിലവിലുള്ള സർക്കാർ സംവിധാനങ്ങൾക്ക് സമാന്തരമായി മറ്റൊരു സംവിധാനം തന്നെ രൂപപ്പെടുത്തി സർക്കാർ സംവിധാനങ്ങളെ നോക്കുകുത്തികളാക്കി. ആരോഗ്യവകുപ്പിലെ ജീവനക്കാരെ ഉപയോഗപ്പെടുത്തി സംസ്ഥാന മിഷനും ജില്ലാമിഷനുമെല്ലാം സർക്കാർ ആരോഗ്യവകുപ്പ് രൂപീകരിച്ചുകൊടുത്തു.

2005മുതൽ 2012വരെ നീണ്ടുനിൽക്കുന്ന പദ്ധതിയായി വിഭാവനം ചെയ്യപ്പെട്ടിരുന്ന എൻആർഎച്ച്എംൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്ന പതിനെട്ട് സംസ്ഥാനങ്ങളിൽ ആദ്യം കേരളം ഉണ്ടായിരുന്നില്ല എന്നതാണ് ശ്രദ്ധേയമായ കാര്യം. കേരളം അങ്ങോട്ട് ചെന്ന് വാങ്ങിച്ച പദ്ധതിയാണിത്. ഘടനാപരമായ പൊളിച്ചെഴുത്താണ് ഉന്നമെങ്കിലും ആ പൊളിച്ചെഴുത്തിന് ലോകബാങ്ക് മുടക്കാൻ തയ്യാറായിരിക്കുന്ന ഭീമമായ പണത്തിലായിരുന്നു കേരളത്തിലെ ഇടതുസർക്കാരിന്റെ കണ്ണ്. ലോകബാങ്കിന്റെ കാശുവാങ്ങി എങ്ങനെയാണോ ഇ.കെ.നായനാരുടെ സർക്കാർ കേരളത്തിലെ പുകൾപെറ്റ വിദ്യാഭ്യാസക്രമത്തെ ലോകബാങ്കിനും ആഗോളകുത്തകകൾക്കും അടിയറവച്ചത് അതിന്റെ തനിയാവർത്തനമാണ് ആരോഗ്യരംഗത്തും സംഭവിച്ചത്. എൻആർഎച്ച്എംന്റെ നടത്തിപ്പിനായി വിഎസ് അച്ചുതാനന്ദന്റെ കേരളസർക്കാരും കേന്ദ്രസർക്കാരുംതമ്മിൽ ധാരണാപത്രം ഒപ്പിട്ടു. കേന്ദ്രസർക്കാരിന്റെ ഒരു പദ്ധതി നടപ്പിലാക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധാരണാപത്രം ഒപ്പിടുന്നത് വിചിത്രമായി തോന്നുന്നില്ലേ. കാരണം മറ്റൊന്നല്ല, ഇത് കേന്ദ്രസർക്കാരിന്റെ തനത് പദ്ധതി അല്ല. കേന്ദ്രവും ലോകബാങ്കുമായി ധാരണയിലെത്തി നടപ്പിലാക്കുന്ന പദ്ധതിയാണ്. കാശുമുടക്കുന്നത് ലോകബാങ്കാണ്. ആ പദ്ധതിയിൽ കക്ഷിചേരുന്നതിനുള്ള ധാരണയാണ് സംസ്ഥാന സർക്കാർ ഒപ്പിട്ട് നേടിയത്.

ജില്ലാമിഷൻ രൂപീകരിക്കേണ്ടത് എങ്ങനെ, ജില്ലാ സൊസൈറ്റിയുടെ ചട്ടങ്ങൾ, വ്യവസ്ഥകൾ എന്തൊക്കെ, പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ കീഴിൽ ജില്ലാതല പ്ലാനിംഗം പ്രവർത്തനങ്ങളും പ്രോത്സാഹി

*(ശേഷം 3–ാം പേജിൽ)*

**കേരളത്തിലെ ആരോഗ്യരംഗം**

# 'പദ്ധതി'കളുടെയും 'ആനുകൂല്യ'ങ്ങളുടെയും ചക്രവ്യൂഹത്തിൽ ഞെരുക്കപ്പെടുന്ന സൗജന്യചികിത്സ

*(2–ാം പേജിൽ നിന്ന്)*

പ്പിക്കാനും വികേന്ദ്രീകരണം നടപ്പിലാക്കാനുമുള്ള നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളണം, കമ്മ്യൂണിറ്റി ഹെൽത്ത് ഇൻഷ്വറൻസ് നടപ്പിലാക്കാൻ ഈ കരാർ പ്രകാരം സംസ്ഥാന സർക്കാർ ബാധ്യസ്ഥമാണ്..ഇങ്ങനെ പോകുന്നു കരാറിലെ വ്യവസ്ഥകൾ. ലോകബാങ്ക് ഇറക്കിയിരിക്കുന്ന രേഖകൾ പരിശോധിച്ചാൽ കേന്ദ്രസർക്കാർ ലോകബാങ്കുമായി ഉണ്ടാക്കിയിരിക്കുന്ന കരാറാണ് സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും തമ്മിലുള്ള ധാരണാപത്രത്തിലുമുള്ളത് എന്ന് വ്യക്തമാകും.

ആരോഗ്യമേഖലയുടെ ഘടന അഴിച്ചു പണിയുന്നതിലായിരുന്നു എൻആർഎച്ചംന്റെ കണ്ണ്. അധികാരം വികേന്ദ്രീകരിച്ച് താഴെത്തലത്തിലേയ്ക്ക് എത്തിക്കൽ, പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ പങ്കാളികളാക്കൽ, മെഡിക്കൽ എഡ്യൂക്കേഷൻ, പൊതുജനാരോഗ്യ നടത്തിപ്പ്, പരമ്പരാഗത വൈദ്യത്തെ ഉൾച്ചേർക്കൽ, ആരോഗ്യരംഗത്ത് പണംമുടക്കലിന്റെ പുതിയ സംവിധാനങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയ നടപടികളിലൂടെയാണ് ഈ ഘടനാപരമായ മാറ്റംകൊണ്ടുവരേണ്ടത് എന്ന് എൻആർഎച്ച്എംന്റെ ആമുഖത്തിൽ പറയുന്നുണ്ട്.

പൊളിച്ചടുക്കലിന്റെ ആദ്യഘട്ടം ആശുപത്രികൾ ത്രിതലപഞ്ചായത്തുകളെ ഏൽപ്പിക്കുക എന്നതായിരുന്നു. ഇത് എൻആർഎച്ച്എംന്റെ നിബന്ധനയായിരുന്നു. കേരളത്തിലെ സർക്കാർ ആശുപത്രികൾ ജില്ലാ, ബ്ലോക്, ഗ്രാമപഞ്ചായത്തുകളുടെ കീഴിലേയ്ക്ക് മാറിക്കഴിഞ്ഞു. സംസ്ഥാന സർക്കാർ ആരോഗ്യരംഗത്ത് മുതൽമുടക്കുന്ന സാഹചര്യം ഒഴിവാക്കിയെടുക്കുക എന്നതാണ് ഇതിന്റെ താൽപര്യം. ബൃഹത്തായ ഒരു പൊതുജനാരോഗ്യസംവിധാനത്തിന്റെ നിയന്ത്രണവും ആസൂത്രണവും പരിപാലനവും സദാ നിർവഹിക്കാനുള്ള കാര്യശേഷിയും സാമ്പത്തിക ശേഷിയും പഞ്ചായത്തുകൾക്ക് ഉണ്ടോ. തുടക്കത്തിൽ ജനങ്ങളുടെ കണ്ണിൽ പൊടിയിടാനായി പഞ്ചായത്തുകൾക്ക് ഭീമമായ തുകനൽകി പരിശീലനമെന്ന പേരിൽ ചില കെട്ടുകാഴ്ചകൾ നടത്തി, സർക്കാർ ആശുപത്രികളിൽ പുത്തൻ കെട്ടിടങ്ങൾ പണിയുന്നു, ടൈലിടുന്നു, കരാർ അടിസ്ഥാനത്തിൽ സ്റ്റാഫിനെ നിയമിക്കുന്നു അങ്ങനെ തുടക്കത്തിൽ ഉയർന്നേക്കാമായിരുന്ന ആശങ്കകളും എതിർപ്പുകളും കാശിറക്കി മറികടന്നു.

'ആശ'(അക്രെഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റ്)മാരുടെ രംഗപ്രവേശമായിരുന്നു മറ്റൊരു പുതുമ. ആരോഗ്യരംഗവുമായി എന്തെങ്കിലും മുൻപരിചയമോ ബിഎസ്‌സി, എഎൻഎം, ജിഎൻഎം തുടങ്ങിയ എന്തെങ്കിലും നഴ്സിംഗ് കോഴ്സുകളോ പാസ്സായവരല്ല ആശമാർ. ജനങ്ങളെ പൊതുജനാരോഗ്യവകുപ്പുമായി ബന്ധപ്പെടുത്തുന്ന ഇടനിലക്കാരിയാണെങ്കിലും ആശ ആരോഗ്യവകുപ്പിന്റെ ഔപചാരിക ജീവനക്കാരിയല്ല, ശമ്പളമില്ല, ഓണറേറിയം മാത്രം. പണിക്ക് കുറവൊന്നുമില്ല, എന്നാൽ പ്രതിഫലമില്ല. നാമമാത്രമായ പരിശീലനമേ ഉള്ളുവെങ്കിലും അലോപ്പതി മരുന്നുകുറിക്കാനുള്ള അവകാശമുണ്ട്. അംഗീകാരമുള്ള കോഴ്സുകൾ പാസ്സായ നിരവധി ആളുകൾ തൊഴിലില്ലാതെ നിൽക്കുമ്പോഴാണ് ആശമാരെക്കൊണ്ട് ശമ്പളമില്ലാതെ ഈ ജോലി ചെയ്യിക്കുന്നത്. ക്വാളിഫിക്കേഷനുള്ള ആളുകളാകുമ്പോൾ കൂലികൊടുക്കണമല്ലോ. പഞ്ചായത്തിനാണ് ആശയെ നിയമിക്കുന്നതിനുള്ള അധികാരം. ജനങ്ങളുടെ നിസ്സഹായാവസ്ഥയും തൊഴിലില്ലായ്മയും മുതലെടുക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ആരോഗ്യവകുപ്പിൽ സ്ഥിരപ്പെടുത്തണം എന്നാവശ്യപ്പെട്ടും ചെയ്യുന്ന പണിക്ക് കൂലി ആവശ്യപ്പെട്ടും ആശമാർ നിരന്തരമായി സമരം ചെയ്യേണ്ടിവരുന്നു എന്നതാണ് ഇന്നത്തെ സാഹചര്യം.

"ആസൂത്രണത്തിന്റെയും ബഡ്ജറ്റിംഗിന്റെയും നടത്തിപ്പിന്റെയും ചുമതല ജില്ലകൾക്കായിരിക്കും, ജലവിതരണം, സാനിറ്റേഷൻ, ശുചിത്വം, പോഷകാഹാരം തുടങ്ങിയ മേഖലകളിൽ ജില്ലാതല ഹെൽത്ത് പ്ലാനായിരിക്കും അടിസ്ഥാന പ്രവർത്തന യൂണിറ്റ്, ബന്ധപ്പെട്ട വകുപ്പുകളെ ജില്ലാഹെൽത്ത് മിഷന്റെ ഭാഗമാക്കി കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കും." ഇത് എൻആർഎച്ച്എംന്റെ രേഖയിലെ വാചകങ്ങളാണ്. എങ്ങനെയാണ് ആരോഗ്യകേരളത്തിന്റെ ഭാഗമായി നടക്കുന്ന പരിഷ്കാരങ്ങളിലും ഇതു തന്നെ സംഭവിക്കുന്നത്. ആരോഗ്യരംഗത്ത് ചിരപ്രതിഷ്ഠിതമായ സ്ഥാപനങ്ങളുടെ സ്ഥാനത്ത് വില്ലേജ് ഹെൽത്ത് സാനിറ്റേഷൻ സമിതി, ആശുപത്രി വികസനസമിതി, ജില്ലാ ഹെൽത്ത് മിഷൻ ഒക്കെ സ്ഥാപിതമായത് എങ്ങനെയാണ്? ഡ്രഗ് വെയർ ഹൗസുകളുടെ സ്ഥാനം മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് കൈവശപ്പെടുത്തിയത് എങ്ങനെയാണ്? ആർദ്രം മിഷൻ, ജനനി സുരക്ഷായോജന, രാഷ്ട്രീയ സ്വാസ്ഥ്യ ബാല്യകാര്യക്രമം തുടങ്ങി ആകർഷകമായ പേരുകളെല്ലാം എൻആർഎച്ച്എംന്റേതാണ്. എൻആർഎച്ച്എംഉം എൻയുഎച്ച്എംഉം കാലാവധി പൂർത്തിയാക്കി ഇപ്പോൾ എല്ലാം എൻഎച്ച്എംന്റെ കീഴിലാണ്. ആരോഗ്യവകുപ്പ് എങ്ങനെയാണ് നാഷണൽ ഹെൽത്ത് മിഷൻ ആയത്. ഇങ്ങനെ വളരെ ദുരൂഹമായും രഹസ്യമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാര്യങ്ങളാണ് കേരളത്തിലെ ആരോഗ്യരംഗത്തെ പ്രതിസന്ധിയിലാക്കുന്നത്. ഇതിനൊക്കെ മറുപടി പറയാൻ സർക്കാരിന് ഉത്തരവാദിത്തമുണ്ട്. ഈ മാറ്റങ്ങൾ ആര് എവിടെ തീരുമാനിക്കുന്നു എന്നതും വിശദമാക്കാൻ സർക്കാരിന് ഉത്തരവാദിത്തമുണ്ട്. ഈ പരിഷ്കാരങ്ങളൊന്നുംതന്നെ കേരള നിയമസഭയിൽ ചർച്ചചെയ്തിട്ടോ, നിയമസഭയുടെ അംഗീകാരത്തോടെയോ നടപ്പിലാക്കുന്ന പദ്ധതികളല്ല. മെഡിക്കൽ കമ്മ്യൂണിറ്റിയുടെപോലും അംഗീകാരമില്ല.

ജീവൻ രക്ഷാ ഔഷധങ്ങളുടെ വിലവർദ്ധനവാണ് മറ്റൊരു പ്രധാന പ്രശ്നം. എല്ലാ മരുന്നുകൾക്കും വില വർദ്ധിച്ചിരിക്കുന്നു. മരുന്ന് നിർമ്മാണം സമ്പൂർണമായും സ്വകാര്യമേഖലയിലാണ് നടക്കുന്നത്. ഗവേഷണങ്ങളും സ്വകാര്യമേഖലയിലാണ് നടന്നുപോരുന്നത്. പേറ്റന്റ് നിയമഭേദഗതിയാണ് വിലവർദ്ധനവിന്റെ മറ്റൊരു കാരണം. മൻമോഹൻസിംഗിന്റെ കാലത്താണ് പ്രക്രിയ പേറ്റന്റ് ആയിരുന്നത് ഉൽപ്പന്ന പേറ്റന്റ് എന്ന നിലയിലേയ്ക്ക് മാറ്റിക്കൊണ്ട് പാർലമെന്റ് നിയമം പാസ്സാക്കിയത്. ഇടതുപക്ഷം വിപ്പുകൊടുത്താണ് നിയമഭേദഗതിക്ക് അനുകൂലമായി സ്വന്തം അംഗങ്ങളെക്കൊണ്ട് വോട്ടുചെയ്യിച്ചത് എന്നതും ചരിത്രമാണ്.

## ആരോഗ്യ ഇൻഷ്വറൻസ്

ഇനിമേൽ പൗരന് ചികിൽസ നൽകേണ്ടത് സർക്കാരിന്റെ ചുമതലയല്ല, ആരോഗ്യം അവനവന്റെമാത്രം ചുമതലയാണ് എന്ന പൊതുബോധം സൃഷ്ടിച്ചുകൊണ്ടാണ് രോഗമെന്ന ദുരിതാവസ്ഥയെ വിപണിയാക്കുന്ന ശക്തികൾ രംഗപ്രവേശം ചെയ്തത്. ആരോഗ്യ ഇൻഷ്വറൻസ് അത്തരമൊരു ബിസിനസ് രംഗമാണ്. ഇന്ത്യയിൽ ആരോഗ്യ ഇൻഷ്വറൻസ് വലിയ പ്രചാരം നേടിയ വിപണിയായിരുന്നില്ല. വികസിത രാജ്യങ്ങളിൽ ഈ രംഗത്ത് കുത്തകകൾക്കാണ് ആധിപത്യം. ആരോഗ്യ ഇൻഷ്വറൻസ് ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് എൻആർഎച്ച്എം നടപ്പാക്കിയത്. 'പൊതുസ്വകാര്യ പങ്കാളിത്തം' എൻആർഎച്ച്എംന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഭാവിയിൽ പിടിപെട്ടേക്കാവുന്ന രോഗത്തെക്കുറിച്ചുള്ള ഭയം, അതിനുവേണ്ടിവരുന്ന ഭീമമായ ചികിൽസാ ചിലവിനെ സംബന്ധിച്ച ഭീതി തുടങ്ങിയവമൂലം ആശങ്കയിലാകുന്ന ജനങ്ങൾ ആരോഗ്യ ഇൻഷ്വറൻസിൽ അഭയം പ്രാപിക്കാൻ നിർബന്ധിതരാകുന്നു.

ഇതിലൂടെ ആരോഗ്യമേഖലക്കുവേണ്ടി സർക്കാർ ചിലവഴിക്കേണ്ടുന്ന തുകയുടെ ഗണ്യമായൊരു പങ്ക് വർഷംതോറും സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളുടെ പക്കലെത്തുന്നു. സർക്കാർ ഫണ്ടുനൽകി, സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിൽസ ഉറപ്പാക്കേണ്ടതിനു പകരം സർക്കാരാശുപത്രിയിലെ ചികിൽസയ്ക്ക് ഒരു സ്വകാര്യ ഇൻഷ്വറൻസ് കമ്പനി വഴി സർക്കാർ ഫണ്ട് എത്തിക്കുന്ന വിചിത്രമായ പദ്ധതിയാണിത്. 2008ൽ ആരംഭിച്ച 'രാഷ്ട്രീയ സ്വാസ്ഥ്യ ബിമാ യോജന' അല്ലെങ്കിൽ ആർഎസ്ബിവൈ ആണ് ഇതിൽ ആദ്യത്തേത്. കേന്ദ്രസർക്കാരിന്റെ തൊഴിൽ മന്ത്രാലയമാണ് ആർഎസ്ബിവൈ ആരംഭിച്ചത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (ബിപിഎൽ) കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാൻ എന്നുപറഞ്ഞാണ് ഇത് രൂപവത്ക്കരിച്ചത്. 2018ൽ 5 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പ്ലാനുകൾ നൽകുന്ന ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ പരിരക്ഷാ പദ്ധതികളിലൊന്നെന്നും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുള്ളതെന്നുമൊക്കെയുള്ള ഘോഷവുമായി പിഎംജെഎവൈ പ്രഖ്യാപിക്കപ്പെട്ടു. 'ആയുഷ്മാൻ ഭാരത് യോജന' അഥവാ പ്രധാനമന്ത്രി ജന ആരോഗ്യ യോജന. രാജ്യത്തെവിടെയും എംപാനൽ ചെയ്ത ഏതെങ്കിലും ആശുപത്രികളിൽ ആരോഗ്യ സേവനങ്ങൾ ലഭിക്കാൻ ഉപയോഗിക്കാമെന്നും മോഹിപ്പിച്ചു.

കേരളത്തിൽ ആരോഗ്യകേരളം പദ്ധതിയുടെ ചുവടുപിടിച്ചാണ് ഇൻഷ്വറൻസ് കടന്നുവരുന്നത്. കേരളത്തിലും തൊഴിൽ വകുപ്പും തൊഴിൽവകുപ്പിന്റെ കീഴിൽ രൂപീകരിച്ച 'ചിയാക്ക'മാണ് ആരോഗ്യ ഇൻഷ്വറൻസ് ആദ്യം കൈകാര്യം ചെയ്തിരുന്നത്. കേരളത്തിൽ, സർക്കാർ നടപ്പിലാക്കിയ ചിസ്, ചിസ് പ്ലസ്, എസ് ചിസ്, കേന്ദ്രസർക്കാരിന്റെ പദ്ധതിയായ ആർഎസ്ബിവൈ ഇവയ്ക്ക് പകരമായാണ് കാരുണ്യ സുരക്ഷാപദ്ധതിയായി രംഗപ്രവേശം ചെയ്തിരിക്കുന്നത്. എല്ലാ ആരോഗ്യപദ്ധതികളും ഒരു കുടക്കീഴിൽ എന്നതാണ് കാസ്പിന്റെ ആശയം. അന്യസംസ്ഥാന തൊഴിലാളികൾക്ക് 'ആവാസ്', സർക്കാർ ജീവനക്കാർക്ക് 'മെഡിസെപ്പ്', കൂടാതെ ഇൻഷ്വറൻസ് ബിസിനസ്സിനെ പ്രോത്സാഹിപ്പിക്കാൻ വേറേയും പദ്ധതികൾ സർക്കാർ നടപ്പാക്കുന്നുണ്ട്. ഇൻഷ്വറൻസ് കമ്പനികളെ സംബന്ധിച്ചിടത്തോളം കാര്യമായ മുതൽ മുടക്കില്ലാതെ ലഭിക്കുന്ന വലിയനേട്ടങ്ങളാണ് ഇത്തരം പദ്ധതികളുടെ ആകർഷണീയത. ഇൻഷ്വറൻസിന്റെ പരിധിയിൽ വരുന്ന ആശുപത്രികൾ, രോഗങ്ങൾ എല്ലാം മുൻകൂട്ടി നിർണയിക്കപ്പെടുന്നു. ഇൻഷ്വറൻസ് തുക കൊടുക്കുന്ന കാര്യത്തിൽ കമ്പനികൾ പിശുക്കുകാണിക്കുന്നതുകൊണ്ട് മതിയായ ചികിത്സ രോഗികൾക്ക് ലഭിക്കാതെ വരുന്നു. കേരളത്തിലെ ആരോഗ്യ ഇൻഷ്വറൻസിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നത് റിലയൻസിനെ ആണ്. നിലനിൽപ്പുതന്നെ അവതാളത്തിലായിരിക്കുന്ന റിലയൻസ് എങ്ങനെയാണ് ഇൻഷ്വറൻസ് തുക നൽകുന്നത്. റിലയൻസിന്റെ സ്ഥാനത്ത് ഇപ്പോൾ ഓറിയന്റൽ ഇൻഷ്വറൻസ് ആണ്.

## മെഡിക്കൽ വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധി

പൊതുജനാരോഗ്യരംഗം മാത്രമല്ല, മെഡിക്കൽവിദ്യാഭ്യാസരംഗവും ഇന്ന് ചെലവേറിയതായി മാറിയിരിക്കുന്നു. പ്രൊഫഷന്റെ ധാർമ്മികതയെത്തന്നെ ചോദ്യം ചെയ്യുംവിധമാണ് കോഴ്സുകൾക്ക് ഫീസ് ഏർപ്പെടുത്തിയിരിക്കുന്നത്. വൈദ്യശാസ്ത്രത്തിന്റെയും ശാസ്ത്രമേഖലയുടെയും വളർച്ചയും വികാസവും ഒഴിവാക്കിക്കൊണ്ട് മിത്തിലേയ്ക്കും പുരാണങ്ങളിലേയ്ക്കും പിന്തിരിഞ്ഞു നടക്കുംവിധമുള്ള ഉള്ളടക്കങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് മെഡിക്കൽവിദ്യാഭ്യാസരംഗവും പൊളിച്ചെഴുതപ്പെടുകയാണ്. 2019ൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയെ(എംസിഐ) പൂർണമായും ഇല്ലാതാക്കിക്കൊണ്ട് നാഷണൽ മെഡിക്കൽ കമ്മീഷൻ(എൻഎംസി) നിലവിൽ വന്നു. മെഡിക്കൽ വിദഗ്ധർ ആണ് ഇതുവരെ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ കാര്യങ്ങൾ തീരുമാനിച്ചതെങ്കിൽ എൻഎംസിയിൽ 80% അംഗങ്ങളും സർക്കാർ നോമിനികളാണ്. യൂണിവേഴ്സിറ്റി പരീക്ഷയുടെ പ്രാധാന്യത്തെ ഇല്ലാതാക്കിക്കൊണ്ടും മെഡിക്കൽ പഠനത്തെ ഒബ്ജെക്ടീവ് മാതൃകയിലുള്ള ഒരു പരീക്ഷക്കുവേണ്ടിയുള്ള പഠനം മാത്രമാക്കി ചുരുക്കിക്കൊണ്ടും നെക്സ്റ്റ് പരീക്ഷ ഉൾപ്പെടുത്തിയിരിക്കുന്നു. ആയുഷിനെ ആധുനിക വൈദ്യശാസ്ത്ര പഠനത്തിലേക്ക് ഉൾചേർക്കുന്നു, യോഗ പഠനം നിർബന്ധമാക്കുന്നു, ആയുഷ് പോസ്റ്റിങ് ഹൗസ് സർജൻസി കാലയളവിൽ നടപ്പിലാക്കുക, കമ്മ്യൂണിറ്റി ഹെൽത്ത് പ്രൊവൈഡേഴ്സിന് കുറച്ചു മാസത്തെ ട്രെയിനിങ് നൽകികൊണ്ട് മരുന്നുകുറിക്കാനുള്ള അവസരം നൽകുക, മെഡിക്കൽ വിദ്യാർത്ഥികൾക്ക് ഹിപ്പോക്രാറ്റിക് പ്രതിജ്ഞക്ക് പകരം ചരകശപഥം മതിയെന്ന് തീരുമാനിക്കുക, മെഡിക്കൽ കരിക്കുലത്തിൽ ഇതുവരെ നിലനിന്നിരുന്ന രീതി മാറ്റി ആദ്യ വർഷം ആദ്യ മാസം ഫൌണ്ടേഷൻ കോഴ്സ് എന്ന പേരിൽ യോഗയും ഇംഗ്ലീഷും സ്പോർട്സുമൊക്കെ പഠിപ്പിക്കാൻ നിർദ്ദേശിക്കുക, ഇംഗ്ലീഷ് ഭാഷ മെഡിക്കൽ പഠനത്തിന് ഒരു ആവശ്യകതയല്ലാതാക്കുക, ടെക്സ്റ്റ്ബുക്കുകൾ പ്രാദേശിക ഭാഷയിലേക് വിവർത്തനം ചെയ്യുക അങ്ങനെ പോകുന്നു എൻഎംസിയുടെ നിർദ്ദേശങ്ങൾ. ആധുനിക വൈദ്യശാസ്ത്രത്തിന്റെ കണ്ടെത്തലുകളെയും വികാസത്തെയും പടിക്ക് പുറത്താക്കുംവിധം വൈദ്യവിദ്യാഭ്യാസം പൊള്ളയും കാമ്പുകെട്ടതുമാക്കുന്നതും ഗുരുതരവും ദൂരവ്യാപകവുമായ പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തുന്നതുമായ നീക്കങ്ങളാണ് ഇവ.

*(ശേഷം 4–ാം പേജിൽ)*

**സിഎജി റിപ്പോർട്ട്**

# ടെണ്ടർ മാനദണ്ഡങ്ങൾ അട്ടിമറിച്ച്, തുക പെരുപ്പിച്ച്, പാർശ്വവർത്തികൾക്ക് കരാർ നൽകുന്നു

*(1–ാം പേജിൽ നിന്ന്)*

ഒരു കിലോമീറ്ററിന് 18.20 കോടി രൂപയായിരുന്നആദ്യംഅനുവദിച്ചത്. എന്നാൽ പിന്നീട് ഈ ചെലവ് കിലോമീറ്ററിന് 250.77 കോടി രൂപയായി ഉയർന്നു. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ലഭ്യമല്ലെന്ന് സിഎജി കണ്ടെത്തി. കൂടാതെ, നേരത്തെ വിഭാവനം ചെയ്തിരുന്നില്ലാത്ത എട്ടുവരി എലിവേറ്റഡ് പാതയും ആറുവരി ക്രോസിങ് റോഡും നിർമ്മിക്കാനുള്ള തീരുമാനവും സംശയാസ്പദമാണ്. ഈ വമ്പിച്ച വർദ്ധനവിന്റെ ഗുണഭോക്താക്കൾ ആരാണ്?

അഞ്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ (എൻഎച്ച്എഐ) ടോൾ പ്രവർത്തനങ്ങൾ പരിശോധിച്ചപ്പോൾ, ടോൾ പ്ലാസ ചട്ടങ്ങൾ ലംഘിച്ച് അഞ്ച് ടോൾ പ്ലാസകളിൽനിന്ന് മൊത്തം 132.05 കോടി രൂപ യാത്രക്കാരിൽനിന്ന് പിരിച്ചെടുത്തതായി സിഎജി കണ്ടെത്തി. 2020 മേയ് മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിൽ മൂന്ന് ടോൾ പ്ലാസകളിൽ ഫീസ് ഈടാക്കിയത് 'ഭേദഗതി വരുത്തിയ ടോൾ ഫീ നിയമങ്ങളുടെ' ലംഘനമാണ്. അതിനാൽ റോഡ് ഉപയോക്താക്കൾ കൊള്ളയടിക്കപ്പെട്ടുവെന്നും റിപ്പോർട്ടിൽ പറയുന്നു. തമിഴ്നാട്ടിലെ പറനൂർ ടോൾ പ്ലാസയിലെ ഫീസ്, ബാധകമായ ഉപയോക്തൃ ഫീസിന്റെ 75% ആയി കുറയ്ക്കാൻ എൻഎച്ച്എഐ കാലതാമസം വരുത്തി. 2017–18നും 2020–21നും ഇടയിൽ യാത്രക്കാരിൽനിന്ന് 22.10 കോടിരൂപ അധിക ടോൾ ഫീസ് ഈടാക്കാൻ ഇത് കാരണമായി. അതുപോലെ, ആന്ധ്രയിലെ മാടപം ടോൾ പ്ലാസയിൽ, പരിഷ്കരിച്ച ഫീസ് ചട്ടങ്ങൾ അനുസരിച്ച്, നവീകരണ സമയത്ത് ഫീസ് പരിഷ്കരിക്കരുത് എന്ന വ്യവസ്ഥ ലംഘിച്ചുകൊണ്ട് എൻഎച്ച്എഐ ഉപയോക്തൃ ഫീസ് വർഷംതോറും പരിഷ്കരിക്കുന്നു. ഇതിലൂടെ, 2018 ഓഗസ്റ്റ് മുതൽ 2021 മാർച്ചുവരെ രണ്ട് ടോൾ പ്ലാസകളിലെയും റോഡ് ഉപയോക്താക്കളിൽനിന്ന് എൻഎച്ച്എഐ അനധികൃതമായി 7.87 കോടി രൂപ പിരിച്ചെടുത്തു.

മറുവശത്ത്, തമിഴ്നാട്ടിൽ ദേശീയപാത –44ൽ രണ്ട് സെക്ഷനുകൾക്ക് വരുമാനം പങ്കിടാനുള്ള വ്യവസ്ഥകൾ ഇല്ലാത്തതിനാൽ 133.36 കോടി രൂപയുടെ വരുമാനം എൻഎച്ച്എഐക്ക് നഷ്ടപ്പെട്ടു. ഇവ എൻഎച്ച്എഐ നിർമ്മിച്ച് ടോൾ പിരിവിനായി സ്വകാര്യമേഖലയിൽപ്പെട്ട ബിഒടി (ബിൽഡ്, ഓപ്പറേറ്റ്, ട്രാൻസ്ഫർ ടോൾ) കൺസഷനറികൾക്ക് കൈമാറിയവയാണ്. അങ്ങനെ, നല്ലൊരു വിഭാഗം യാത്രക്കാർക്കും അധിക ടോൾ നൽകേണ്ടി വന്നപ്പോൾ, സ്വകാര്യ ടോൾ പിരിവ് കുത്തകകൾ വർധിച്ച വരുമാനം പോക്കറ്റിലാക്കിയത് ഖജനാവിനും നഷ്ടമായി. ടോൾ നിരക്കുകൾ, ടോളിംഗ് സംവിധാനങ്ങൾ, ഷാജഹാൻപൂർ–നീമ്രാന–ബെഹ്റോർ (ആർആർടിഎസ് എസ്എൻബി) റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം പോലെയുള്ള അടിസ്ഥാനസൗകര്യ പദ്ധതികൾ എന്നിവയും ആശങ്കാജനകമാണ്. കൂടാതെ, 1954ൽ നിർമ്മിച്ച ഒരു പാലത്തിന് വീണ്ടും ഉപയോക്തൃ ഫീസ് 'ദേശീയപാത ഫീസ് രണ്ടാം ഭേദഗതി നിയമങ്ങൾ 2011' ലംഘിച്ച് ഈടാക്കുന്നു. ഈ സംഭവങ്ങൾ റോഡ് ഗതാഗത മന്ത്രാലയത്തിന്റെ ഭാഗത്തുനിന്നുള്ള തികഞ്ഞ അശ്രദ്ധയുടെയും മേൽനോട്ടമില്ലായ്മയുടെയും സാക്ഷ്യമാണ്.

1 പദ്ധതികളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത 32,839 കോടി രൂപ ചെലവ് വരുന്ന ഡൽഹി–വഡോദര എക്സ്പ്രസ് വേയ്ക്ക് ദേശീയപാത അതോറിട്ടി ബോർഡ് അംഗീകാരം നൽകിയതായും റിപ്പോർട്ട് ചൂണ്ടിച്ചേർത്തു. അതിനാൽ, ഈ അധിക അനുമതി ഏകപക്ഷീയവും അനിയന്ത്രിതവുമാണ്. ഇതിന് കൃത്യമായ വിശദീകരണം നൽകിയിട്ടില്ല. ഉയർന്ന ചിലവുള്ള എൻജിനീയറിങ് പ്രൊക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ (ഇപിസി) പദ്ധതികളിലോ പൂർണമായും ധനസഹായം നൽകുന്ന സർക്കാർ പദ്ധതികളിലോ സിസിഇഎ നിർദ്ദേശിച്ചിട്ടുള്ള മൂല്യനിർണ്ണയ, അംഗീകാര സംവിധാനത്തിലെ പോരായ്മകളും സിഎജി കണ്ടെത്തി. ചെലവ് അധികരിക്കുന്നതും കാര്യമായി സംഭവിക്കുന്നുണ്ട്.

**ഒഴിവുകൾ നികത്താതിരിക്കുന്നത് റെയിൽ ഗതാഗത ശൃംഖലയുടെ പ്രവർത്തനത്തിനും കാര്യക്ഷമതയ്ക്കും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. നിലവിലുള്ള ജീവനക്കാർ അധിക സമ്മർദ്ദത്തിന് അടിപ്പെടുന്നു. യാത്രക്കാർക്ക് വിശ്വസനീയവും സുരക്ഷിതവുമായ സേവനങ്ങൾ ലഭ്യമാകുന്നില്ല. ട്രെയിൻ അപകടങ്ങൾ വർദ്ധിക്കുന്നു. വിപുലീകരണ പദ്ധതികൾ നിരവധി വന്നിട്ടും അതിവേഗ ട്രെയിനുകൾ അവതരിപ്പിച്ചിട്ടും, സുരക്ഷയ്ക്ക് ഉൾപ്പെടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനമന്ത്രാലയം നിരോധനം ഏർപ്പെടുത്തിയിരിക്കുന്നു.**

## ഭാരത് മാല പരിയോജനയുടെ ഒന്നാംഘട്ടത്തിന്റെ നിർവ്വഹണം

2017 ഒക്ടോബറിൽ, സാമ്പത്തികകാര്യ കാബിനറ്റ് കമ്മിറ്റി (സിസിഇഎ) 74,942 കിലോമീറ്റർ ദൈർഘ്യമുള്ള ദേശീയ പാതകളുടെ വികസനത്തിനായി 'ഭാരത്മാല പരിയോജന' എന്ന പുതിയ സമഗ്രപരിപാടിക്ക് 5,35,000 കോടി രൂപയ്ക്ക് അംഗീകാരം നൽകി. രാജ്യത്തുടനീളമുള്ള ചരക്കുനീക്കത്തിന്റെയും ജനങ്ങളുടെയും ഗതാഗതം കാര്യക്ഷമമാക്കുക എന്നതാണ് പരിപാടിയുടെ പ്രാഥമിക പരിഗണന. 2023 മാർച്ച് 31 വരെ, പരിയോജനയുടെ ഒന്നാംഘട്ടത്തിനായി (ബിപിപി-1) അനുവദിച്ച സിവിൽ ചെലവ് കിലോമീറ്ററിന് 23.89 കോടി രൂപയായി ഉയർന്നതായി സിഎജി പരാമർശിച്ചു. സിസിഇഎ അംഗീകരിച്ച, ഒരു കിലോമീറ്ററിന് 13.98 കോടി രൂപ എന്ന സ്ഥാനത്താണിത്. ഒരു കിലോമീറ്ററിന് 1.39 കോടി രൂപ സിസിഇഎ അംഗീകരിച്ചതിൽനിന്ന്, ഒരു കിലോമീറ്ററിന് 8.28 കോടി രൂപയാണ് നിർമാണത്തിന് മുമ്പുള്ള ചെലവ്. അതുപോലെ, 26,316 കിലോമീറ്റർ പദ്ധതി ദൈർഘ്യത്തിന് അനുവദിച്ച ചെലവ് 8,46,588 കോടി രൂപയാണ്. സിസിഇഎ അംഗീകരിച്ച ബിപിപി–

പദ്ധതികൾ അനുവദിക്കുന്നതിൽ ടെൻഡർ പ്രോട്ടോക്കോൾ ലംഘിച്ച സംഭവങ്ങളും സിഎജി റിപ്പോർട്ടിൽ ഉയർന്നു. ഉദാഹരണത്തിന്, ചില കേസുകളിൽ, വിജയിച്ച ലേലക്കാരൻ ലേലവ്യവസ്ഥ പാലിക്കുന്നില്ല, അല്ലെങ്കിൽ വ്യാജരേഖകളുടെ അടിസ്ഥാനത്തിലാണ് ലേലക്കാരനെ തിരഞ്ഞെടുത്തത്. വിശദമായ പദ്ധതി റിപ്പോർട്ടുകളുടെ അഭാവത്തിലോ തെറ്റായ പദ്ധതി റിപ്പോർട്ടുകളോ ഉള്ള സാഹചര്യത്തിലാണ് പ്രവൃത്തികൾ അനുവദിച്ചത്. നടപ്പാക്കുന്ന ഏജൻസികൾ ആവശ്യമായ ഭൂമിയുടെ ലഭ്യത ഉറപ്പാക്കാതെ പദ്ധതികൾ നൽകുകയായിരുന്നു, ഇത് പദ്ധതികൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും കാലതാമസമുണ്ടാക്കുന്നു.

"പ്രോജക്ടുകൾ സമർപ്പിക്കുന്നതിൽ ഏജൻസികൾ വരുത്തിയ ക്രമക്കേടുകൾ കണ്ടെത്തിയ സംഭവങ്ങൾ, ടെൻഡർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളുടെ വ്യക്തമായ ലംഘനമാണ്. അതായത്, ടെണ്ടർ വ്യവസ്ഥ പാലിക്കാത്ത ബിഡ്ഡർ, അല്ലെങ്കിൽ തെറ്റായ രേഖകളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ബിഡ്ഡർ, ഏതെങ്കിലും അംഗീകൃത പ്രോജക്ട് റിപ്പോർട്ടുകൾ ഇല്ലാതെ അല്ലെങ്കിൽ തെറ്റായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നൽകൽ എന്നിവ പോലുള്ളവ." ഇങ്ങനെയാണ് സിഎജി ഉപസംഹരിക്കുന്നത്.

## റെയിൽവേ മന്ത്രാലയം

2021–22 കാലയളവിൽ റെയിൽവേ മന്ത്രാലയത്തിന്റെ മൊത്തം ചെലവ് 35.19 ശതമാനവും മൂലധനച്ചെലവിൽ 22.61 ശതമാനവും വർധിച്ചതായി സിഎജി റിപ്പോർട്ടിൽ പറയുന്നു. അനുവദിച്ച ബജറ്റായ 57,626.20 കോടി രൂപയേക്കാൾ 7,778.43 കോടി രൂപയുടെ അധികച്ചെലവാണ് റെയിൽവേയ്ക്ക് ഉണ്ടായത്. "മുൻ സിഎജി ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടും അനുമതിയില്ലാത്ത ചെലവുകൾ കുറയ്ക്കാൻ മന്ത്രാലയം ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് വ്യക്തമാണ്." റിപ്പോർട്ട് പറയുന്നു.

2017നും 2021നും ഇടയിൽ നടന്ന റെയിൽവേ അപകടങ്ങളും സിഎജി വിശകലനം ചെയ്തിട്ടുണ്ട്. 2017ലെ മൊത്തം അപകടങ്ങളിൽ 69% കേസുകളും പാളം തെറ്റിയതുമായി ബന്ധപ്പെട്ടതാണെന്ന് അവർ കണ്ടെത്തി. പാളംതെറ്റുന്നതിന് കാരണമായ പ്രധാന ഘടകം "ട്രാക്ക് അറ്റകുറ്റപ്പണി" (171 കേസുകൾ), തുടർന്ന് "അനുവദനീയമായ പരിധിക്കപ്പുറമുള്ള ട്രാക്ക് പാരാമീറ്ററുകൾ" (156 കേസുകൾ) എന്നിവയുമായി ബന്ധപ്പെട്ടതാണെന്നും നിരീക്ഷിക്കുന്നു. 'തത്ഫലമായുണ്ടാകുന്ന' തീവണ്ടി അപകടങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയാണെങ്കിൽ, ബാലസോറിൽ അടുത്തിടെ കണ്ടതുപോലുള്ള പാളംതെറ്റലും കൂട്ടിയിടികളും മൂലമുണ്ടാകുന്ന അപകടങ്ങൾ 80ശതമാനമാണ്. വീഴ്ച വരുത്തുന്ന വ്യക്തികളുടെ മേലേക്ക് മാത്രം ബാധ്യത മാറ്റാനുള്ള സർക്കാരിന്റെ ശ്രമത്തിന്റെ സ്ഥാനത്ത്, സിഎജിയുടെ ഡാറ്റയും നിഗമനങ്ങളും ഈ പ്രശ്നം സ്ഥാപനപരമാണെന്ന് സൂചിപ്പിക്കുന്നു: "ഒഴിവുകൾ നികത്താതെയും നാമമാത്രമായ ഔട്ട്സോഴ്സിംഗ് ഉപയോഗിച്ചും ഇന്ത്യൻ റെയിൽവേ അറ്റകുറ്റപ്പണികൾ കൈകാര്യം ചെയ്തുവരുന്നു. സുരക്ഷാ വിഭാഗത്തിൽ മതിയായ ജീവനക്കാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും അത് അറ്റകുറ്റപ്പണിയുടെ ഗുണനിലവാരത്തെ ബാധിക്കുമെന്നും ഇത് വെളിപ്പെടുത്തുന്നു."

കഴിഞ്ഞ ജനുവരിയിൽ രാജ്യസഭയിൽ ഒരു നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് റെയിൽവേമന്ത്രിയുടെ മറുപടി പ്രകാരം ഇന്ത്യൻ റെയിൽവേയിൽ, 2022 ഡിസംബർ 1 വരെ 18 സോണുകളിലായി വ്യാപിച്ചുകിടക്കുന്ന 3.12 ലക്ഷം നോൺ-ഗസറ്റഡ് തസ്തികകൾ രാജ്യത്തുടനീളം ഒഴിഞ്ഞുകിടക്കുന്നു. ഇന്ത്യൻ

*(ശേഷം 5–ാം പേജിൽ)*

**കേരളത്തിലെ ആരോഗ്യരംഗം**

*(3–ാം പേജിൽ നിന്ന്)*

## പരിഹാരമെന്ത്?

ഇതുവരെ നടന്ന കുറ്റകൃത്യങ്ങളും ക്രമീകരണങ്ങളുടെയും ചുറ്റിവളയലിന്റെയും ആവശ്യമില്ല. ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന് നിരക്കുംവിധം ആവശ്യമുള്ളത്ര സർക്കാർ ആശുപത്രികൾ സ്ഥാപിക്കുക. ആവശ്യത്തിന് ഡോക്ടർമാരെയും നഴ്സുമാരുൾപ്പെടെ മറ്റ് ജീവനക്കാരെയും നിയമിക്കുക, അനുദിനം വളർന്നുകൊണ്ടിരിക്കുന്ന വൈദ്യശാസ്ത്രത്തിന്റെ മികവുകൾ ജനങ്ങൾക്കു ലഭ്യമാക്കുവാൻ നൂതനചികിത്സാ സംവിധാനങ്ങൾ ആശുപത്രികളിൽ ഏർപ്പെടുത്തുക, ആരോഗ്യ പരിപാലനത്തെ സംബന്ധിക്കുന്ന അവബോധം ജനങ്ങളിൽ എത്തിക്കാൻ സ്കൂൾതലം മുതൽതന്നെ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക, അതിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുക, ശാരീരിക-മാനസിക ആരോഗ്യം നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ പൊതുസംവിധാനങ്ങൾ ഒരുക്കുക, സ്കൂളുകളിൽ ജിംനേഷ്യങ്ങൾ, പൊതുകളിസ്ഥലങ്ങൾ, പാർക്കുകൾ, പാർക്കുകളിൽ വ്യായാമത്തിന് സംവിധാനങ്ങൾ ഒരുക്കുക ഇതൊക്കെയാണ് പൊതുജനാരോഗ്യത്തെ ഗൗരവമായി കാണുന്ന ഒരു ജനാധിപത്യസർക്കാർ ചെയ്യേണ്ടത്. എന്നാൽ നിസ്സാരമായി ചെയ്യാവുന്നത് എന്ന് ഏതൊരാൾക്കും തോന്നുന്ന ഈ നടപടികൾക്ക് കേന്ദ്രസംസ്ഥാന സർക്കാരുകൾ മുതിരാത്തത് ആഗോളവത്ക്കരണത്തിന്റെ പദ്ധതികൾക്കനുസൃതമായ പൊളിച്ചടുക്കലാണ് ആരോഗ്യരംഗത്ത് ഇക്കൂട്ടർ നടപ്പിലാക്കുന്നത് എന്നതുകൊണ്ടാണ്. ആഗോളവത്ക്കരണ നയങ്ങൾ ഉപേക്ഷിക്കാതെ അതിസമ്പന്നർ ഒഴികെയുള്ള സാമാന്യജനങ്ങളുടെ ആരോഗ്യപരിചരണം ഒരു മരീചികയാകുകയേ ഉള്ളൂ.

എംബിബിഎസും നഴ്സിങ്ങും പാരമെഡിക്കൽ കോഴ്സുകളും പാസ്സായി ഓരോ വർഷവും പുറത്തുവരുന്ന പതിനായിരങ്ങൾ തൊഴിലുതേടി നടക്കുകയും രാജ്യം വിടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഇന്ന് നിയമനങ്ങളുടെമേൽ അപ്രഖ്യാപിത നിരോധനം നിലനിർത്തിയിരിക്കുന്നതും സർക്കാർ സംവിധാനങ്ങളെ ക്ഷയിപ്പിച്ചെടുക്കുക എന്ന ലോകബാങ്ക് നിബന്ധനയുടെ ഭാഗമാണ്. ആരോഗ്യരംഗത്ത് 1964ലെ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും നിലനിൽക്കുന്നത്. ഇപ്പോഴത്തെ ആവശ്യത്തിന് നിരക്കുംവിധത്തിൽ സ്റ്റാഫ് പാറ്റേൺ മാറ്റേണ്ടതുണ്ട്. ആരോഗ്യവും ആരോഗ്യപരിപാലനവും ജനങ്ങളുടെ അവകാശമാണ്. അത് മനസ്സിലാക്കിക്കൊണ്ട് ആരോഗ്യരംഗത്തെ കൊള്ളയ്ക്കെതിരെ ജനങ്ങളും ഉണരേണ്ടിയിരിക്കുന്നു. അതിബൃഹത്തായ ജനകീയ പ്രക്ഷോഭത്തിലൂടെയല്ലാതെ ഈ പ്രശ്നങ്ങൾ പരിഹരിക്കുക സാധ്യമല്ല. ■

സിഎജി റിപ്പോർട്ട്

# സിഎജിയുടെ ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലുകളോട് പ്രതികരിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ല

*(4–ാം പേജിൽ നിന്ന്)*

റെയിൽവേയിൽ ജീവനക്കാരുടെ ക്ഷാമം മൂലം, നിലവിലുള്ള നിരവധി ജീവനക്കാർക്ക് ഓവർടൈം ജോലി ചെയ്യേണ്ടി വരുന്നുവെന്നും, നിരവധി ടിക്കറ്റ് ബുക്കിംഗ് ജാലകങ്ങൾ പ്രവർത്തന രഹിതമാകുന്നതിനാൽ നീണ്ട വരികൾക്കും തിരക്കിനും ഇടയാക്കുന്നുവെന്നും മാധ്യമങ്ങൾ റിപ്പോർട്ട്ചെയ്യാറുണ്ട്. ട്രാക്ക് മെയിന്റനൻസ്, റാക്ക് ഫിറ്റ്നസ്, സീനിയർ-ജൂനിയർ സെക്ഷൻ എൻജിനീയർമാർ, ഗ്യാങ്മാൻമാർ, ടെക്നീഷ്യൻമാർ എന്നിങ്ങനെ സുരക്ഷാ വിഭാഗത്തിൽ 50,000 മുതൽ 75,000 വരെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. റെയിൽവേ ഉദ്യോഗസ്ഥരാകട്ടെ, അവരുടെമേൽ മൊത്തത്തിലുള്ള പ്രവർത്തനങ്ങളുടെ വലിയ സമ്മർദ്ദം ഉണ്ടെന്നും, അവരുടെ ഗ്രൗണ്ട് ജീവനക്കാർക്ക് ട്രാക്കുകൾ പരിശോധിക്കാൻ ദിവസവും എട്ട് മുതൽ പത്ത് കിലോമീറ്റർ വരെ സഞ്ചരിക്കേണ്ടിവരുമെന്നും സമ്മതിക്കുന്നു. “ഞങ്ങൾക്ക് പകരം വരാൻ സ്റ്റാഫില്ലാത്തതിനാൽ 16 മണിക്കൂർ വരെ ഞാൻ ഇരട്ട ഷിഫ്റ്റിൽ ജോലി ചെയ്യുന്നു. ജീവനക്കാരുടെ കുറവ് കാരണം എനിക്ക് പഠിക്കാൻ അവധിയെടുക്കാൻ കഴിഞ്ഞില്ല”, മുംബൈയിലെ സെൻട്രൽ റെയിൽവേ ടിക്കറ്റ് ബുക്കിംഗ് ഓഫീസിലെ 29കാരനായ ഒരു ജീവനക്കാരൻ മാധ്യമങ്ങളോട് പറഞ്ഞതാണിത്.

നികത്താത്ത ഒഴിവുകൾ രാജ്യത്തിന്റെ റെയിൽ ഗതാഗത ശൃംഖലയുടെ മൊത്തത്തിലുള്ള പ്രവർത്തനത്തിനും കാര്യക്ഷമതയ്ക്കും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. അവ നിലവിലുള്ള ജീവനക്കാരിൽ അധിക സമ്മർദ്ദം ചെലുത്തുക മാത്രമല്ല, യാത്രക്കാർക്ക് സുരക്ഷിതമായ സേവനങ്ങൾ നിരാകരിക്കുകയും ചെയ്യുന്നു. എന്നിട്ടും, ഇത്രയധികം വിപുലീകരണ പദ്ധതികൾ ഏറ്റെടുത്തിട്ടും പുതിയ അതിവേഗ ട്രെയിനുകൾ അവതരിപ്പിച്ചിട്ടും, സുരക്ഷയ്ക്ക് ഉൾപ്പെടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനമന്ത്രാലയം നിരോധനം ഏർപ്പെടുത്തിയിരിക്കുന്നു. മറുവശത്ത്, ട്രാക്ക് മെയിന്റനൻസ്, സിഗ്നലിംഗ് സിസ്റ്റങ്ങളുടെ അറ്റകുറ്റപ്പണികൾ, ഓവർഹെഡ് ഉപകരണങ്ങളുടെ മെയിന്റനൻസ് ജോലികൾ എന്നിവയെല്ലാം ലാഭാധിഷ്ഠിതരായ വിവിധ സ്വകാര്യ കരാറുകാർക്ക് ഔട്ട്സോഴ്സ് ചെയ്യുന്നു. ഔട്ട്സോഴ്സ് ചെയ്ത് വരുന്ന ജീവനക്കാർക്ക് ഒരു ഉത്തരവാദിത്തവും കാണിക്കേണ്ട കാര്യമില്ലയെന്നത് ചിലപ്പോൾ ഗുരുതരമായ പ്രത്യാഘാതങ്ങളിലേക്ക് നയിക്കുന്നു, കൂടാതെ ഒരു ഉത്തരവാദിത്തമോ ബാധ്യതയോ ഇല്ലാത്ത ജീവനക്കാർ പലപ്പോഴും ജോലിയിൽ കുറുക്കുവഴി രീതികൾ അവലംബിക്കുന്നു. കൂടാതെ, മുൻഗണനേതര മേഖലകൾക്കുള്ള ഫണ്ടുകളുടെ ഉപയോഗം പല മേഖലകളിലും 25% വരെ ഉയർന്നു, സിഎജി റിപ്പോർട്ട് പറയുന്നു. റെയിൽവേ പ്രവർത്തനത്തിന്റെ അപകടകരമായ ഉൾക്കഥയാണിത്.

റെയിൽവേ നവീകരണത്തിലും റെയിൽവേ യാത്രയുടെ സുരക്ഷയിലും ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നാണ് സർക്കാർ ഏറെക്കാലമായി അവകാശപ്പെടുന്നത്. ദുരന്തത്തിന് ഉത്തരവാദികളായവർക്ക് ഏറ്റവും കടുത്ത ശിക്ഷ നൽകുമെന്ന് പ്രധാനമന്ത്രി മോദിതന്നെ പറഞ്ഞിട്ടുണ്ട്. റെയിൽവേ സുരക്ഷയ്ക്ക് മുൻഗണന നൽകുമെന്ന പ്രധാനമന്ത്രിയുടെ ഓഫീസിന്റെ (പിഎംഒ) അവകാശവാദങ്ങളുമായി തീവണ്ടി പാളം തെറ്റലുകളെക്കുറിച്ചുള്ള സിഎജി റിപ്പോർട്ട് പൊരുത്തപ്പെടുന്നില്ല.

## കേന്ദ്രസർക്കാർ കണക്കുകളുടെ ഓഡിറ്റ്

സിഎജി കണ്ടെത്തിയത്: “2020 മാർച്ച് 31 വരെ, മൊത്തം കുടിശ്ശികയുള്ള പബ്ലിക് അക്കൗണ്ട് ബാധ്യതകൾ 8,79,325 കോടി രൂപയാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ ചെറുകിട സമ്പാദ്യത്തിന്റെയും പ്രൊവിഡന്റ് ഫണ്ടിന്റെയും 5,74,881 കോടി രൂപയും, മറ്റ് ബാധ്യതകളുടെ അക്കൗണ്ടിൽ 3,04,444 കോടി രൂപയും ഉൾപ്പെടുന്നു. പക്ഷേ ഇതിൽ, എൻഎസ്എസ്എഫിന്റെ (നാഷണൽ സ്മോൾ സേവിംഗ്സ് ഫണ്ട്) പ്രത്യേക സംസ്ഥാന ഗവൺമെന്റ്സെക്യൂരിറ്റികളിൽ നടത്തിയ 4,40,438 കോടി രൂപയുടെ നിക്ഷേപവും സർക്കാർ സ്ഥാപനങ്ങളിലെ 3,66,546 കോടി രൂപ നിക്ഷേപവും പോസ്റ്റ് ഓഫീസ് ഇൻഷ്വറൻസ് ഫണ്ടുമായി ബന്ധപ്പെട്ട 82,963 കോടി രൂപയും എൻഎസ്എസ്എഫിലെ സഞ്ചിത കമ്മിയും(1,09,462 കോടിരൂപ) ഉൾപ്പെടുന്ന 9,99,409 കോടി രൂപയുടെ ബാധ്യതകൾ ഉൾപ്പെട്ടിട്ടില്ല.” മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കുടിശ്ശികയുള്ള പബ്ലിക് അക്കൗണ്ട്സ് ബാധ്യതകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ട പ്രഖ്യാപിത കണക്കിന്റെ ഇരട്ടിയിലധികം വരും. കൂടാതെ, സിഎജിയുടെ കണക്കനുസരിച്ച്, “യഥാർത്ഥ റവന്യൂ കമ്മി ബജറ്റ് എസ്റ്റിമേറ്റ് ഘട്ടത്തിലും പുതുക്കിയ എസ്റ്റിമേറ്റ് ഘട്ടത്തിലും യഥാക്രമം 37.43 ശതമാനവും 33.36 ശതമാനവും കവിഞ്ഞു. അതുപോലെ, ബജറ്റ് എസ്റ്റിമേറ്റ് ഘട്ടവും പുതുക്കിയ എസ്റ്റിമേറ്റ് ഘട്ടവുമായി താരതമ്യപ്പെടുത്തുമ്പോൾ യഥാർത്ഥ ധനക്കമ്മി യഥാക്രമം 2,43,970 കോടി രൂപയും 1,69,001 കോടി രൂപയും കൂടുതലാണ്.”

**കേന്ദ്രബജറ്റുകളിൽ നൽകിയിരിക്കുന്ന കണക്കുകൾ കൃത്യമല്ലെന്നും സർക്കാർ കമ്മി പരാമർശിച്ചതിനേക്കാൾ വളരെ കൂടുതലാണെന്നും സിഎജി റിപ്പോർട്ട് വ്യക്തമാക്കുന്നു. വലിയ കടമെടുപ്പുകൾക്ക് പുറമെ ഈ കമ്മി നികത്തുന്നതിന് അധിക കറൻസി നോട്ടുകൾ അച്ചടിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കണം. ഇത് പണപ്പെരുപ്പം ഉയർത്താൻ കാരണമായിട്ടുണ്ട്. അനുചിതമായ അക്കൗണ്ടിംഗിന്റെ ഉദാഹരണങ്ങൾ ഉൾപ്പെടെയുള്ള മറ്റ് നിരവധി കണ്ടെത്തലുകൾ വേറെയുമുണ്ട്.**

കേന്ദ്രബജറ്റുകളിൽ നൽകിയിരിക്കുന്ന കണക്കുകൾ കൃത്യമല്ലെന്നും സർക്കാർ കമ്മി പരാമർശിച്ചതിനേക്കാൾ വളരെ കൂടുതലാണെന്നും വ്യക്തമാണ്. വലിയ കടമെടുപ്പുകൾക്ക് പുറമെ (2023 മാർച്ച് 31ന് 155.8 ലക്ഷം കോടി രൂപയോളം സർക്കാർ കടമെടുത്തതായി കണക്കാക്കപ്പെട്ടിരുന്നു), ഈ കമ്മി നികത്തുന്നതിന് അധിക കറൻസി നോട്ടുകൾ അച്ചടിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കണം. ഇത് പണപ്പെരുപ്പം ഉയർത്താൻ കാരണമായിട്ടുണ്ട്. അങ്ങനെയാണെങ്കിൽ, സർക്കാർ ജനങ്ങളിൽ നിന്ന് സത്യം മറച്ചുവെക്കുകയാണ്. അനുചിതമായ അക്കൗണ്ടിംഗിന്റെ ഉദാഹരണങ്ങൾ ഉൾപ്പെടെയുള്ള മറ്റ് നിരവധി കണ്ടെത്തലുകൾ വേറെയുമുണ്ട്.

## അയോധ്യ പദ്ധതിയിലെ ക്രമക്കേടുകൾ

ഏറെ കൊട്ടിഘോഷിക്കുന്ന അയോധ്യ പദ്ധതിപോലും ക്രമക്കേടുകളും സംശയാസ്പദമായ സാമ്പത്തിക ഇടപാടുകളും നിറഞ്ഞതാണെന്ന് സിഎജി കണ്ടെത്തിയിട്ടുണ്ട്. ഗുപ്തർ ഘട്ട് വികസനത്തിനായി നടത്താത്ത പ്രവൃത്തികൾക്ക് കരാറുകാർക്ക് ക്രമവിരുദ്ധമായി പണം നൽകിയതായി സിഎജി കണ്ടെത്തി. “അയോധ്യയിലെ ഗുപ്തർ ഘട്ടിലെ ജോലികൾ 14 ലോട്ടുകളായി തുല്യവലുപ്പത്തിൽ വിഭജിക്കുകയും വിവിധ സ്വകാര്യ കരാറുകാർക്ക് പ്രവൃത്തികൾ നൽകുകയുംചെയ്തു. എന്നാൽ, കരാറുകാർ വാഗ്ദാനംചെയ്ത സാമ്പത്തിക ബിഡ്ഡുകളുടെയും നിരക്കുകളുടെയും താരതമ്യ വിശകലനം നടത്തുന്നതിൽ നിർവ്വഹണ ഏജൻസി (ജലസേചന വകുപ്പ്) വേണ്ടത്ര ശ്രദ്ധ ചെലുത്തിയില്ല. പകരം അവർ സമാന സ്വഭാവമുള്ള പ്രവൃത്തികൾ ഒരേ കരാറുകാർക്ക് നൽകുകയും ചെലവ് വ്യത്യസ്ത നിരക്കിൽ നൽകുകയും ചെയ്തു. ഇതിലൂടെ 19.13 ലക്ഷം രൂപ ലാഭിക്കുന്നതിൽ പരാജയപ്പെട്ടു”, എന്ന് റിപ്പോർട്ട് പറയുന്നു. രജിസ്റ്റർ ചെയ്യാത്ത കരാറുകാർക്ക് പണം നൽകിയതായും യുപിയിലെ അയോധ്യ വികസന പദ്ധതിയിൽ ആരോപണമുണ്ട്. സിഎജി അവരുടെ പ്രസ്താവനയിൽ വസ്തുതകൾ ചുരുക്കുന്നില്ല: “സെന്റേജ് ചാർജ്, ജിഎസ്ടി, ലേബർ സെസ് എന്നിവയിലേക്ക് നൽകേണ്ട യഥാർത്ഥതുക വിലയിരുത്തുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടു. അങ്ങനെ, ചെലവിന്റെ തെറ്റായ എസ്റ്റിമേറ്റ് കാരണം 6.07 കോടി രൂപ അധികമായി അനുവദിച്ചു... ഇത് കൂടാതെ വീണ്ടും 3.98 കോടി രൂപയും അധികമായി അനുവദിച്ചു. അങ്ങനെ, പ്രവൃത്തികളുടെ അനുവദിച്ച ചെലവിനത്തിൽ 3.86 കോടി രൂപ അധികമായി കണക്കാക്കി.”

റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നത്: “സ്കീം മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, പദ്ധതി നിരീക്ഷിക്കുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി സംസ്ഥാന സർക്കാർ ഒരു സംസ്ഥാന തല മോണിറ്ററിംഗ് കമ്മിറ്റിയെ (എസ്എൽഎംസി) നിയോഗിക്കണം. എന്നാൽ, പദ്ധതി അനുവദിച്ച തീയതിയിൽനിന്നും രണ്ടുവർഷത്തെ കാലതാമസത്തിനുശേഷമാണ് കമ്മിറ്റി രൂപീകരിച്ചത്. കൂടാതെ, 2021 ഫെബ്രുവരിക്കുമുമ്പ് ഒരു പുരോഗതി റിപ്പോർട്ടും ടൂറിസം മന്ത്രാലയത്തിലേക്ക് അയച്ചിട്ടില്ല. അതിനുശേഷം സാമ്പത്തികവും ഭൗതികവുമായ പുരോഗതി റിപ്പോർട്ടുകൾ ടൂറിസം മന്ത്രാലയത്തിലേക്ക് പ്രതിമാസ അടിസ്ഥാനത്തിൽ അയച്ചിട്ടില്ല.”

അതിനാൽ, അയോധ്യ പദ്ധതിക്കായി സർക്കാർ അനുവദിച്ച ഫണ്ട് ദുരുപയോഗം ചെയ്യുകയോ കൊള്ളയടിക്കുകയോ ഭരണകക്ഷിയുമായി അടുപ്പമുള്ള കരാറുകാർക്ക് കൈമാറുകയോ ചെയ്തിരിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

## ജനക്ഷേമ പദ്ധതികൾ

കൂടാതെ, ആയുഷ്മാൻ ഭാരത്-പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന (പിഎംജെഎവൈ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പിലെ ക്രമക്കേടുകൾ സിഎജി കണ്ടെത്തി. പദ്ധതിയുടെ ഡാറ്റാബേസിൽ മരിച്ചതായി രേഖപ്പെടുത്തിയ 3,446 രോഗികളുടെ ചികിത്സയ്ക്കായി ആകെ 6.97 കോടി രൂപ വിതരണം ചെയ്തിരുന്നു. പരിശോധനകൾ നിലവിലുണ്ടെന്ന് അവകാശപ്പെട്ടിട്ടും, സംവിധാനത്തിന്റെ പ്രയോഗത്തിലും നിയന്ത്രണ നടപടികളിലും ഉള്ള ബലഹീനതകൾ ഓഡിറ്റ് തുറന്നുകാട്ടി. പിഎംജെഎവൈയുടെ 7.5 ലക്ഷം ഗുണഭോക്താക്കൾ 9999999999, 8888888888, 9000000000 എന്നിങ്ങനെ ഏതെങ്കിലും ഒറ്റ സെൽ ഫോൺ നമ്പറിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും സിഎജി തിരിച്ചറിഞ്ഞു. കുംഭകോണത്തിലൂടെയോ അഴിമതിയിലൂടെയോ മോഷണം നടത്തുന്നില്ലെങ്കിൽ ഇത് എങ്ങനെ സംഭവിക്കും? ഇതെങ്ങനെ അധികാരികളുടെ ശ്രദ്ധയിൽപ്പെടാതെ പോകും? അതുമാത്രമല്ല. ചികിത്സയ്ക്കിടെ മരണമടഞ്ഞ 88,000ത്തിലധികം രോഗികളുടെ പേരിൽ പുതിയ ക്ലെയിമുകൾ നൽകുകയും പണം വിതരണം ചെയ്യുകയും ചെയ്തു. ആ പണം എവിടെ പോയി? ആരാണ് അത് വിഴുങ്ങിയത്? ആരുടെ പ്രേരണയാൽ അല്ലെങ്കിൽ ആരുടെ സഹായത്താലാണ് അത് ചെയ്തത്? 2.25 ലക്ഷം കേസുകളിൽ, ‘ശസ്ത്രക്രിയ’യുടെ തീയതി ഡിസ്ചാർജ്ചെയ്ത തീയതിയേക്കാൾ വൈകിയാണ്. അതുപോലെ, പിഎംജെഎവൈയുടെ ഡാറ്റാബേസിൽ 1.57 ലക്ഷം യുണീക് ഐഡികൾ ഒന്നിലധികം തവണ പ്രത്യക്ഷപ്പെട്ടു.

ഗുണഭോക്താക്കളെ മുൻകൂട്ടി തിരിച്ചറിയുന്നതിനുള്ള ഒരു നിശ്ചിത നടപടിക്രമത്തിന്റെയും ഐഇസി (വിവരം, വിദ്യാഭ്യാസം,ആശയവിനിമയം)പ്രവർത്തനങ്ങളുടെയും അഭാവം ദേശീയ സാമൂഹിക സഹായ പരിപാടിയുടെ (എൻഎസ്എപി) പരിധിയിൽ നിന്ന് അർഹരായ ഗുണഭോക്താക്കൾ പുറത്താകുന്നതിനും അല്ലെങ്കിൽ ഉൾപ്പെടുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനും ഗുണഭോക്താക്കളുടെ സാർവത്രിക കവറേജ് ഉണ്ടാകാതിരിക്കുന്നതിനും ഇടയാക്കിയതായി ഓഡിറ്റ് കൂട്ടിച്ചേർത്തു. മാത്രമല്ല, ദേശീയ സാമൂഹിക സഹായ പദ്ധതിക്ക് കീഴിലുള്ള ആസൂത്രിത ഐഇസി പ്രവർത്തനങ്ങൾ വിഭാവനം ചെയ്തതുപോലെ ഏറ്റെടുത്തിട്ടില്ല. മന്ത്രാലയത്തിന്റെ മറ്റ് പദ്ധതികളുടെ പ്രചാരണത്തിനായി 2.83 കോടി രൂപ വകമാറ്റി ചെലവഴിച്ചു. അതിനാൽ, ദേശീയ സാമൂഹിക സഹായ പദ്ധതിയുടെ സഹായം കിട്ടേണ്ടിയിരുന്ന ഗുണഭോക്താക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കാൻ ഉദ്ദേശിച്ചുള്ള ഐഇസി പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിഞ്ഞില്ല. കൂടാതെ, 19 സംസ്ഥാനങ്ങൾക്കായി ഓരോ ജില്ലയിലും അഞ്ച് പ്രചാരണ ബോർഡുകൾ വെയ്ക്കുന്ന ഗ്രാമ സമൃദ്ധി, സ്വച്ഛ് ഭാരത് പഖാവാഡ എന്നിങ്ങനെ മന്ത്രാലയത്തിന്റെ വിവിധ പദ്ധതികളുടെ പ്രചാരണ സാമഗ്രികൾക്കായി 2.44 കോടി രൂപയുടെ ഭരണാനുമതിയും ചെലവ് അനുമതിയും (ആഗസ്റ്റ് 2017) ലഭിച്ചു. “പ്രസ്തുത ക്യാമ്പയ്നിനുള്ള ഫണ്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംഎൻആർഇജിഎസ്) പ്രകാരം ലഭ്യമാണെന്ന് പ്രസ്താവിക്കുകയും

*(ശേഷം 6–ാം പേജിൽ)*

# സ്വകാര്യസേന: സാമ്രാജ്യത്വ യുദ്ധ സന്നാഹങ്ങളുടെ പുതിയ മുഖം

കഴിഞ്ഞ ജൂൺ 23ന് വന്ന ഒരു വാർത്ത ലോകത്തെ ഞെട്ടിച്ചു. റഷ്യൻ പ്രതിരോധ സേനയ്ക്കുനേരെ വാഗ്നർ ഗ്രൂപ്പ് നേതാവ് യെവ്ഗനി പ്രിഗോഷിൻ ആക്രമണമഴിച്ചുവിട്ടു എന്നതായിരുന്നു ആ വാർത്ത. ഔദ്യോഗിക റഷ്യൻസേന തന്റെ സ്വകാര്യ സേനാംഗങ്ങൾക്കെതിരെ ആക്രമണം നടത്തി എന്ന് ആരോപിച്ചുകൊണ്ടാണ് ഇതിന് മുതിർന്നത്. റഷ്യയിലെ രണ്ട് പ്രധാന നഗരങ്ങളും യുക്രൈൻ യുദ്ധത്തിന് മേൽനോട്ടം വഹിക്കുന്ന റഷ്യൻ മിലിട്ടറി ഹെഡ്ക്വാർട്ടേഴ്സും വാഗ്നർ ഗ്രൂപ്പ് പിടിച്ചെടുത്തു. വാഗ്നർ സേന മോസ്കോ ലക്ഷ്യമാക്കി നീങ്ങുകയും 200 കിലോമീറ്റർ അടുത്തെത്തുകയും ചെയ്തപ്പോൾ റഷ്യൻ ഗവൺമെന്റും വാഗ്നർ സേനയും തമ്മിൽ പൊടുന്നനെ ഒരു കരാർ ഉണ്ടാക്കുകയും വാഗ്നർ സേന പിൻവാങ്ങുകയും പ്രിഗോഷിൻ രാജ്യം വിട്ടുപോകുകയും ചെയ്തു. റഷ്യൻ സൈനിക മേധാവികളിൽനിന്ന് തന്റെ സേനയെ രക്ഷിക്കാനാണ് ഇത്തരമൊരു നീക്കം നടത്തിയതെന്ന് അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി. റഷ്യൻ രക്തം ചൊരിയുന്നത് ഒഴിവാക്കാൻവേണ്ടിയാണ് പിൻവാങ്ങിയതെന്നും വെളിപ്പെടുത്തി. കലാപം അടിച്ചമർത്തപ്പെട്ടുകഴിഞ്ഞ ചെയ്തതോടെ പ്രിഗോഷിനെക്കുറിച്ച് വിവരങ്ങൾ ഒന്നും ലഭ്യമല്ലാതായി.

## ആരാണ് പ്രിഗോഷിനും വാഗ്നർ കമ്പനിയും

വാഗ്നർ ഒരു സ്വകാര്യ മിലിട്ടറി കമ്പനിയാണ്. അവരുടെ പ്രവർത്തനം പല ഭൂഖണ്ഡങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. യുക്രൈൻ യുദ്ധത്തിൽ റഷ്യൻ സാമ്രാജ്യത്വ നേതൃത്വം ഇവരെ നിയോഗിക്കുകയായിരുന്നു. യുദ്ധം ആരംഭിക്കുന്നതുവരെ ഇവർക്ക് ഈ യുദ്ധത്തിൽ നിർണായക പങ്കുണ്ടെന്ന കാര്യം വളരെയൊന്നും അറിയപ്പെട്ടിരുന്നില്ല. യുദ്ധം ആരംഭിച്ചതിനുശേഷമാണ് അത് ഔപചാരികമായി സ്ഥിരീകരിക്കുകയും പ്രിഗോഷിൻ സൈനികത്തലവനെന്ന നിലയിൽ പൊതുരംഗത്ത് പ്രത്യക്ഷപ്പെടുകയും ചെയ്തത്. കവർച്ച കുറ്റത്തിന് പതിമൂന്ന് വർഷം ശിക്ഷിക്കപ്പെട്ട് ജയിലിലായിരുന്ന ആളാണ് പ്രിഗോഷിൻ. സോവിയറ്റ് യൂണിയനിൽ നടന്ന പ്രതിവിപ്ലവത്തെത്തുടർന്ന് 1990ലാണ് ഇയാൾ ജയിൽ വിമോചിതനായത്. ഇന്ന് ലോകത്ത് ഏറ്റവും അറിയപ്പെടുന്ന സ്വകാര്യസേന ഇയാളുടേതാണ്. റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിനുമായുള്ള അടുപ്പമാണ് ഈ ഉയർച്ചയ്ക്കു പിന്നിൽ. 2014ൽ, ഉക്രൈന്റെ ഭാഗമായിരുന്ന ക്രിമിയ റഷ്യൻ സേന പിടിച്ചെടുത്തപ്പോഴാണ് വാഗ്നർ ശ്രദ്ധിക്കപ്പെട്ടത്. കിഴക്കൻ യുക്രൈനിലെ ഡോൺബാസ് മേഖലയിൽ നടന്ന സായുധ വിഘടന പ്രവർത്തനങ്ങളിലും വാഗ്നറിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു.

വർഷങ്ങളായി ലോകത്തിന്റെ പലഭാഗങ്ങളിലും സാമ്രാജ്യത്വ റഷ്യ സൈനിക ഇടപെടലുകൾ നടത്താൻ വാഗ്നർ സേനയെ ആശ്രയിച്ചിരുന്നു എന്നത് വസ്തുതയാണ്. നേരിട്ട് സൈന്യത്തെ അയയ്ക്കാനോ വിഭവങ്ങൾ നൽകാനോ താൽപര്യപ്പെടാത്ത സന്ദർഭങ്ങളിൽ ഗോപ്യമായി ഇവരെ ഉപയോഗപ്പെടുത്തുകയാണ് ചെയ്തിരുന്നത്. റഷ്യൻ സേനയ്ക്കെതിരായ ഇവരുടെ കലാപം ഹ്രസ്വമായിരുന്നെങ്കിലും യുക്രൈൻ യുദ്ധത്തിൽ റഷ്യ സ്വകാര്യസേനയെ നിയോഗിച്ച കാര്യവും റഷ്യൻ സേനയിലെ അസ്വസ്ഥതകളുമൊക്കെ ഇതിലൂടെ വെളിപ്പെട്ടു.

(ശേഷം 7–ാം പേജിൽ)

## സിഎജി റിപ്പോർട്ട്

(5–ാം പേജിൽ നിന്ന്)

അതേ തലത്തിൽ വിനിയോഗിക്കുന്നതിന് ബന്ധപ്പെട്ട അധികാരി അംഗീകാരം നൽകുകയും ചെയ്തു; എന്നിരുന്നാലും, സോഷ്യൽ സെക്യൂരിറ്റി വെൽഫെയർ-എൻഎസ്എപി പദ്ധതികളിൽ നിന്നാണ് യഥാർത്ഥത്തിൽ ഫണ്ട് ചെലവഴിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു”- സിഎജി റിപ്പോർട്ട് വെളിപ്പെടുത്തി. വാർദ്ധക്യകാല പെൻഷൻ പദ്ധതികൾ ഉൾപ്പെടുന്ന എൻഎസ്എപിയിൽ നിന്ന് കേന്ദ്രഗ്രാമവികസന മന്ത്രാലയം മറ്റ് ചില പദ്ധതികൾ പരസ്യപ്പെടുത്തുന്നതിനായി പണം വകമാറ്റിയതെങ്ങനെയെന്ന് സിഎജി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീണ്, ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന എന്നീ പദ്ധതികളുടെ പരസ്യം മാത്രമാണ് വർക്ക് ഓർഡറിൽ പരാമർശിച്ചിരിക്കുന്നത്. അല്ലാതെയുള്ള എൻഎസ്എപിയുടെ സ്കീമുകളൊന്നും വർക്ക് ഓർഡറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ നഗ്നമായ ലംഘനമാണ്, മാത്രമല്ല വ്യാജരേഖ ചമയ്ക്കുന്നതിന് തുല്യവുമാണ്. അതിനാൽ, സാമ്പത്തിക പഴുതുകളും പൊതുപണം ദുരുപയോഗം ചെയ്യാനുള്ള സാധ്യതകളും തടയുന്നതിന് മേൽനോട്ട രീതികൾ വർധിപ്പിക്കേണ്ടതിന്റെ അടിയന്തര ആവശ്യകത റിപ്പോർട്ട് ഊന്നിപ്പറഞ്ഞു.

### ബിജെപി നേതാക്കളും സർക്കാരുമെല്ലാം മര്യാദാ പുരുഷോത്തമന്മാർ!

പ്രധാനമന്ത്രി മോദിയും അദ്ദേഹത്തിന്റെ ക്യാബിനറ്റ് സഹപ്രവർത്തകരും, അഴിമതിക്കും വഞ്ചനയ്ക്കും പൊതുപണം ധൂർത്തടിക്കുന്നതിനും എതിരെ നിൽക്കുന്ന കളങ്കമില്ലാത്തവരും കുരിശുയുദ്ധക്കാരുമായി പലപ്പോഴും സ്വയം അവതരിപ്പിക്കുന്നു. അഴിമതിക്കും ഫണ്ട് ദുരുപയോഗത്തിനും പ്രോത്സാഹനം നൽകുന്ന പ്രതിപക്ഷത്തെയും വിമതരെയും അവർ എപ്പോഴും വിമർശിക്കുന്നു. വാസ്തവത്തിൽ, ഭരണകക്ഷിയായ ബിജെപിയുടെയും സർക്കാരിന്റെയും അനുബന്ധമായി, അല്ലെങ്കിൽ കൂട്ടിലിട്ട തത്തകളായി മാറിയ സിബിഐയും ഇഡിയും, പ്രതിപക്ഷ നേതാക്കളുടെ അഴിമതിയും പണക്കൊഴുപ്പും അന്വേഷിക്കുന്നതിൽ ഇടയ്ക്കിടെ ഏർപ്പെടുന്നുമുണ്ട്. എന്നാൽ സർക്കാരിന്റെ തന്നെ വിവിധ വകുപ്പുകളിൽ കണ്ടെത്തിയ അപാകതകളും സംശയാസ്പദമായ ഇടപാടുകളും ഇതേ ഏജൻസികൾ എന്തുകൊണ്ട് അന്വേഷിക്കുന്നില്ല?

കർണാടക നിയമസഭാ തിരഞ്ഞെടുപ്പ് കാലത്ത് മുൻ ബിജെപി സർക്കാരിലെ മന്ത്രിമാർ കരാറുകാരിൽനിന്ന് 40% കമ്മിഷന് പണം ആവശ്യപ്പെട്ടതായി ആരോപണം ഉയർന്നിരുന്നു. എന്നാൽ ബിജെപിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ ഒരിക്കലും തങ്ങളുടെ വിധേയരായ അന്വേഷണ ഏജൻസികളുടെ സഹായത്തോടെ ഇത് അന്വേഷിക്കാൻ മെനക്കെട്ടില്ല. ഇപ്പോൾ സിഎജിയുടെ ഞെട്ടിക്കുന്ന കണ്ടെത്തലുകളിൽ തെളിയുന്ന എണ്ണിയാലൊടുങ്ങാത്ത പോരായ്മകൾ, ഫലങ്ങളുടെ മാനദണ്ഡങ്ങൾ പാലിക്കാത്തത്, ടെൻഡർ ബിഡ്ഡിംഗ് പ്രക്രിയയുടെ വ്യക്തമായ ലംഘനം, വമ്പിച്ച സാമ്പത്തിക കെടുകാര്യസ്ഥത എന്നിവയിലൂടെ, ബിജെപി തന്നെ ക്രമക്കേടുകൾ അനുവദിച്ചു കൊടുക്കുകയും സാമ്പത്തിക മാനദണ്ഡങ്ങൾ യഥേഷ്ടം ലംഘിക്കുകയും ചെയ്യുന്നു എന്നതിൽ സംശയമുണ്ടോ? ‘തിന്നുകയുമില്ല, തീറ്റിക്കുകയുമില്ല’ എന്ന, തെരഞ്ഞെടുപ്പിനു മുമ്പുള്ള ജനപ്രിയ മുദ്രാവാക്യം അർത്ഥമാക്കുന്നത്, താൻ അഴിമതിക്കാരനാകില്ല, മറ്റുള്ളവരെ അഴിമതി ചെയ്യാൻ അനുവദിക്കില്ല എന്നായിരുന്നു. എന്നാൽ എല്ലാ മേഖലകളിലും അഴിമതി കൊടികുത്തിവാഴുന്നുഎന്നതാണ് സിഎജി റിപ്പോർട്ട് വ്യക്തമാക്കുന്നത്.

ദേവേന്ദ്ര ഫഡ്നാവിസിന്റെ നേതൃത്വത്തിലുള്ള മഹാരാഷ്ട്രയിലെ മുൻ സർക്കാരിലെ നിരവധി മന്ത്രിമാർ വമ്പൻ അഴിമതികളിൽ ഏർപ്പെട്ടതിന്റെ പേരിൽ ആരോപണങ്ങൾ നേരിട്ടവരാണ്. കർണാടകയിലെ മുൻ ബിജെപി മുഖ്യമന്ത്രിയായിരുന്ന ബി.എസ്. യെദ്യൂരപ്പയുടെ അഴിമതി ആരോപണങ്ങൾ ബിജെപിയെ വളരെയധികം പിടിച്ചുകുലുക്കി, അദ്ദേഹത്തെ സസ്പെൻഡ് ചെയ്യുകയും പുറത്താക്കുകയും ചെയ്തു. അന്തരിച്ച അരുൺ ജെയ്റ്റ്ലിയുടെ പേര് ഡൽഹി ആൻഡ് ഡിസ്ട്രിക്റ്റ് ക്രിക്കറ്റ് അസോസിയേഷൻ (ഡിഡിസിഎ) അഴിമതിയിൽ ഉയർന്നുവന്നപ്പോൾ, അന്തരിച്ച സുഷമ സ്വരാജ്, ലളിത് മോദിയുടെ ഐപിഎൽ കേസിൽ പ്രതിപക്ഷത്തിന്റെ വിമർശനത്തിന്റെ ചൂട് നേരിട്ടു. മുൻ ഗുജറാത്ത് ബിജെപി മുഖ്യമന്ത്രി ആനന്ദിബെൻ പട്ടേലിന്റെ മകളും ബിജെപി അംഗവുമായ അനാർ പട്ടേൽ, തന്റെ പങ്കാളികളുടെ റിസോർട്ടുകൾക്കായി ചുളുവിലയ്ക്ക് ഭൂമി സ്വന്തമാക്കിയെന്നാണ് ആരോപണം. അനാറിന്റെ ബിസിനസ് പങ്കാളികളായ ദക്ഷേഷ് ഷായ്ക്കും അമോൽ ശ്രീപാൽ ഷേത്തിനും 250 ഏക്കർ സ്ഥലം ചതുരശ്ര മീറ്ററിന് 15 രൂപ നിരക്കിൽ റിസോർട്ടുകൾ നിർമ്മിക്കാൻ അനുവദിച്ചതായി റിപ്പോർട്ടുണ്ട്. ലളിത് മോദി – ഖനന അഴിമതികളിൽ മുൻ രാജസ്ഥാൻ മുഖ്യമന്ത്രി വസുന്ധര രാജെയുടെ പേര് ഉയർന്നിരുന്നു.

പാവപ്പെട്ട കുടുംബങ്ങൾക്ക് കിലോഗ്രാമിന് ഒരു രൂപയ്ക്ക് അരി നൽകുമെന്ന് വീമ്പിളക്കിയ ബിജെപി നേതൃത്വത്തിലുള്ള അന്നത്തെ ഛത്തീസ്ഗഡ് സർക്കാർ പൊതുവിതരണ സമ്പ്രദായത്തിന് കീഴിൽ ഗുണനിലവാരം കുറഞ്ഞ അരിയും അയോഡൈസ്ഡ് ഉപ്പും വിതരണം ചെയ്തതായി 2015 മാർച്ചിൽ സിഎജി കണ്ടെത്തിയിരുന്നു. ചീഞ്ഞളിഞ്ഞ സാധനങ്ങൾ വാങ്ങിയതിൽ 35,000 കോടിയിലധികം രൂപയുടെ തട്ടിപ്പ് നടത്തിയെന്നും കൈക്കൂലി സ്വീകരിച്ചതായും ആരോപണമുയർന്നിരുന്നു. ഒരു മുനിസിപ്പാലിറ്റി ജീവനക്കാരനിൽ നിന്ന് കണ്ടെടുത്ത ഡയറിയിൽ, ഛത്തീസ്ഗഡ് സാമ്പത്തിക കുറ്റകൃത്യ വിഭാഗം സമർപ്പിച്ച കുറ്റപത്രത്തിൽ പേരുള്ള വിവിധ സർക്കാർ ഉദ്യോഗസ്ഥർ, മന്ത്രിമാർ, എംഎൽഎമാർ, നിരവധി ഉന്നത വ്യക്തികൾ എന്നിവർക്ക് കോടികളുടെ കൈക്കൂലി ലഭിച്ച കണക്കുകൾ കൈകൊണ്ട് എഴുതിയിരുന്നു. 2014ലെ നിയമസഭാ തിരഞ്ഞെടുപ്പിന് മുമ്പ് രാജസ്ഥാൻ ബിജെപി 3.4 ലക്ഷം കോടി രൂപയുടെ അഴിമതി നടത്തിയെന്ന ആരോപണം വന്നിരുന്നു. അഴിമതിയുമായി ബന്ധമുണ്ടെന്ന് ആരോപിക്കപ്പെട്ട 40ലധികം ആളുകൾ ദുരൂഹമായി മരണപ്പെട്ട, മധ്യപ്രദേശിലെ 36,000 കോടി രൂപയുടെ വ്യാവസായിക് പരീക്ഷാ മണ്ഡൽ(വ്യാപം) കുംഭകോണവും പുറത്തുവന്നിരുന്നു. ഭരണകക്ഷിയായ ബിജെപിയും നേതാക്കളും ഉൾപ്പെട്ട ഈ കേസുകളിലൊന്നും ഒരു അന്വേഷണം പോലും നടന്നിട്ടില്ല. കുംഭകോണങ്ങൾ, അഴിമതി, വഞ്ചന, കൊള്ളയടിക്കൽ എന്നിവയിൽ അവരുടെ പങ്കാളിത്തം എത്ര വലുതാണെങ്കിലും ശിക്ഷാ നടപടികളിൽ നിന്ന് രക്ഷപ്പെടുന്നു. പിഎം കെയേഴ്സ് ഫണ്ട്, കള്ളപ്പണം വെളുപ്പിക്കലിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്.

ഭരിക്കുന്ന മുതലാളിത്തം അതിന്റെ ഘടനയ്ക്ക് ചുറ്റും അഴുകിയ വ്രണങ്ങളുമായി മരണക്കിടക്കയിൽ ശ്വാസം മുട്ടുകയാണ് എന്നതാണ് സത്യം. അതിനാൽ, ബിജെപി, കോൺഗ്രസ്, പ്രാദേശിക ബൂർഷ്വാ പാർട്ടികൾ, സോഷ്യൽ ഡെമോക്രാറ്റുകൾ– എന്നിങ്ങനെ മുതലാളിത്തത്തെ സേവിക്കാൻ ഉദ്ദേശിക്കുന്ന ആർക്കും അഴിമതി ചെയ്യാതിരിക്കാനാവില്ല. അതിനാൽ, ഇന്ത്യൻ രാഷ്ട്രീയത്തിലും ഭരണസംവിധാനത്തിലും അഴിമതി എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു. അഴിമതി, ലളിതമായി വിശദീകരിച്ചാൽ, സാമ്പത്തികനേട്ടങ്ങൾക്കോ, അധികാരം, പ്രതാപം തുടങ്ങിയ സങ്കുചിതവും വിഭാഗീയവുമായ വ്യക്തിഗത നേട്ടങ്ങൾക്കോ വേണ്ടി മറ്റുള്ളവരെ വഞ്ചിക്കുകയോ അവരിൽനിന്നും തട്ടിയെടുക്കുകയോ ചെയ്തുകൊണ്ട്, മനഃപൂർവം ദുഷ്പ്രവൃത്തികളിൽ മുഴുകുകയും, നിയമങ്ങളും തത്വങ്ങളും സമ്പ്രദായങ്ങളും ലംഘിക്കുകയും ചെയ്യുന്നതാണ്. ഭരണത്തിന്റെയും അധികാരത്തിന്റെയും ഉന്നത തലത്തിൽ കുതിച്ചുയരുന്ന അനിയന്ത്രിതമായ അഴിമതി ജനജീവിതത്തെ അങ്ങേയറ്റം വിനാശകരമായി ബാധിക്കുന്നുവെന്ന് പറയാതെ വയ്യ. സാമ്പത്തികമായും സാമൂഹികമായും ധാർമ്മികമായും സാംസ്കാരികമായും ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നത് സാധാരണക്കാരായ അധ്വാനിക്കുന്ന ജനങ്ങളാണ്.

നിർഭാഗ്യവശാൽ, ജനമുന്നേറ്റങ്ങളുടെ സമ്മർദ്ദം ക്ഷയിച്ചതോടെ, നിക്ഷിപ്ത താൽപ്പര്യങ്ങളുടെ കരങ്ങൾക്ക് യാതൊരു തടസ്സവുമില്ലാതെ അഴിമതി നടത്തുന്നതിനായി വാതിലുകൾ തുറന്നു. മുതലാളിത്തവിരുദ്ധ വിപ്ലവപ്രസ്ഥാനത്തിന് ഉതകുന്ന ഉയർന്ന തൊഴിലാളിവർഗ്ഗ ധാർമ്മികതയിലും സംസ്കാരത്തിലും നീതിബോധത്തിലും അധിഷ്ഠിതമായ സംഘടിതവും സുസ്ഥിരവും ശക്തവുമായ ജനാധിപത്യ പ്രസ്ഥാനങ്ങളുടെ ഒരു പ്രവാഹത്തിന് മാത്രമേ ഈ കുത്തൊഴുക്കിനെതിരെ ഫലപ്രദമായ പ്രതിരോധം തീർക്കാനാകൂ എന്ന് ഞങ്ങൾ ഒരിക്കൽ കൂടി ആവർത്തിക്കുന്നു. അഴിമതിയിലും, ഒപ്പം ദുഷിച്ച അധാർമിക പ്രവർത്തനങ്ങളിലും ശിക്ഷാഭീതിയില്ലാതെ ഏർപ്പെടാനുള്ള ശക്തരും സ്വാധീനമുള്ളവരുമായ വിഭാഗങ്ങളുടെ ആർത്തിക്ക് കടിഞ്ഞാണിടേണ്ടതുണ്ട്. വിപ്ലവത്തിലൂടെ മുതലാളിത്തത്തെ അട്ടിമറിക്കുന്നതുവരെ, ഇങ്ങനെയൊരു ബഹുജനമുന്നേറ്റത്തിനും, അതിന്റെ സ്വാധീനത്താൽ വളർന്നുവികസിക്കുന്ന ചിന്താധാരയുടെ അന്തരീക്ഷത്തിനും മാത്രമേ, പൊട്ടിപ്പുറപ്പെടുന്ന അഴിമതികൾക്കും കുംഭകോണങ്ങൾക്കുമെതിരെ ഫലപ്രദമായി പ്രതിരോധം തീർക്കാനാവൂ. ■

# ചന്ദ്രയാൻ ദൗത്യവിജയത്തെ ഹിന്ദുമതവുമായി ബന്ധിപ്പിക്കുന്നത് ഫാസിസ്റ്റ് പദ്ധതി

**ച**ന്ദ്രന്റെ, പര്യവേക്ഷണം ചെയ്യപ്പെടാത്ത ദക്ഷിണധ്രുവത്തിൽ ഇന്ത്യൻ ബഹിരാകാശ പേടകം വിജയകരമായി ഇറക്കിയത് ഇന്ത്യൻ ബഹിരാകാശ ശാസ്ത്രജ്ഞരുടെ തൊപ്പിയിലെ ഒരു തൂവലാണ്. സാങ്കേതിക വൈദഗ്ധ്യത്തിലെ ഇത്തരമൊരു കുതിപ്പിന് അവർ അഭിനന്ദനം അർഹിക്കുന്നു. എന്നാൽ, ഈ നേട്ടത്തിന്റെ ക്രെഡിറ്റ് തട്ടിയെടുക്കാനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ അരോചകമായ സ്വയം ഉയർത്തിക്കാണിക്കലിനും നമ്മൾ സാക്ഷ്യം വഹിക്കുകയുണ്ടായി. പ്രധാനമന്ത്രിയില്ലാതെ ഈ വിജയം സാധ്യമല്ലെന്ന ധാരണ സൃഷ്ടിക്കാനാണ് മോദിയുടെ പാദസേവകർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ഇന്ത്യയുടെ മുൻ ചാന്ദ്രദൗത്യമായ ചാന്ദ്രയാൻ-2 2019ൽ ചന്ദ്രനിൽ ഇറങ്ങാനിരിക്കെ, വിക്രം ലാൻഡർ ചന്ദ്രനിൽ സ്പർശിക്കുന്നത് കാണാൻ പ്രധാനമന്ത്രി മോദി തിടുക്കത്തിൽ ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനത്തിലേക്ക് (ഐഎസ്ആർഒ) ഓടിയെത്തിയത് നമ്മൾ നേരത്തെ കണ്ടിരുന്നു. അത്തരമൊരു ബഹിരാകാശ ദൗത്യത്തിന്റെ ക്രെഡിറ്റ് സ്വായത്തമാക്കാനുള്ള ശ്രമമാണ് അന്നും അദ്ദേഹം നടത്തിയത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം നിർഭാഗ്യവശാൽ, ആസൂത്രണം ചെയ്തതുപോലെ ചന്ദ്രോപരിതലത്തിൽ സോഫ്റ്റ് ലാൻഡിംഗ് നടത്തുന്നതിൽ ലാൻഡർ പരാജയപ്പെട്ടു. ഈ പരാജയത്തെ കുറിച്ചുള്ള വാർത്തകൾ വന്നപ്പോൾ പ്രധാനമന്ത്രി മോദി അവിടെനിന്നും പിന്മാറി. ശാസ്ത്രജ്ഞരുടെ വിജയം ഹൈജാക്ക് ചെയ്യാനുള്ള അത്തരമൊരു അവസരം നഷ്ടപ്പെട്ടതിൽ അദ്ദേഹം അസ്വസ്ഥനായിരുന്നുവെന്നത് പ്രകടമായിരുന്നു.

ചാന്ദ്രയാൻ-3 മിഷന്റെ വിജയത്തിലൂടെ ഇന്ത്യ ഒരു ആഗോള വൻശക്തിയായി ഉയരുന്നതിൽ പ്രധാനമന്ത്രി മോദിയും സർക്കാരും ആഹ്ലാദിക്കുമ്പോഴും പാർട്ടിയിലെ അദ്ദേഹത്തിന്റെ പാദസേവകർ ഈ വിജയത്തിന്റെ കാരണം നരേന്ദ്ര മോദിയുടെ ദീർഘ വീക്ഷണമുള്ള നേതൃത്വമാണെന്ന് അവകാശപ്പെടുമ്പോഴും ബിജെപി സർക്കാർ ശാസ്ത്രഗവേഷണങ്ങൾക്കുള്ള ഫണ്ട് തുടർച്ചയായി വെട്ടിക്കുറയ്ക്കുകയാണെന്ന കാര്യം നാം വിസ്മരിക്കരുത്. ഐഎസ്ആർഒയ്ക്കുള്ള ബജറ്റ് വിഹിതംപോലും കഴിഞ്ഞ വർഷത്തെ 13,700കോടി രൂപയിൽ നിന്നും ഈ വർഷം 12,543.91 കോടി രൂപയായി വെട്ടിക്കുറയ്ക്കുകയുണ്ടായി.

അതിലുപരി, വിക്രം ലാൻഡർ ചന്ദ്രോപരിതലത്തിൽ ഇറങ്ങിയ സ്ഥലത്തിന് പ്രധാനമന്ത്രി മോദി 'ശിവശക്തി' എന്ന് പേരിട്ടു എന്നതാണ് കൂടുതൽ അരോചകമായത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, "'ശിവൻ' മനുഷ്യരാശിയുടെ ക്ഷേമത്തെ ഉദാഹരിക്കുന്നു, 'ശക്തി' ഇത് നേടാൻ നമ്മെ പ്രാപ്തരാക്കുന്നു." അങ്ങനെ, ഹിന്ദുത്വ അജണ്ടയനുസരിച്ച് ഈ ശാസ്ത്രീയ നേട്ടത്തിന് അദ്ദേഹം വളരെ സമർത്ഥമായി ഒരു ഹിന്ദുമത നിറം നൽകി.

1966ൽ ഐക്യരാഷ്ട്രസഭയുടെ ബഹിരാകാശ കാര്യാലയം പുറപ്പെടുവിച്ച ബഹിരാകാശ ഉടമ്പടിയിലെ പരാമർശങ്ങൾ ഈ അവസരത്തിൽ പ്രസക്തമാണ്. ബഹിരാകാശ പര്യവേഷണത്തിന് ചില പൊതുതത്വങ്ങൾ സ്ഥാപിച്ചുകൊണ്ട് ഈ ഉടമ്പടി അതിന്റെ ആർട്ടിക്കിൾ രണ്ടിൽ ഇങ്ങനെ പറഞ്ഞു: "ചന്ദ്രനും മറ്റ് ആകാശഗോളങ്ങളും ഉൾപ്പെടെയുള്ള ബഹിരാകാശം, പരമാധികാരം അവകാശപ്പെടുന്നതിലൂടെയോ ഉപയോഗത്തിലൂടെയോ അധിനിവേശത്തിലൂടെയോ ഏതെങ്കിലും വിധത്തിലുള്ള ദേശീയ വിനിയോഗത്തിന് വിധേയമല്ല." ലളിതമായി പറഞ്ഞാൽ, ഇതിന്റെ അർത്ഥം രാജ്യങ്ങൾ ബഹിരാകാശ പര്യവേക്ഷണ പ്രവർത്തനങ്ങളിൽ സഹകരിക്കണം എന്നും ചന്ദ്രനിലെ ഏതെങ്കിലും സ്ഥലം തങ്ങളുടെതാണെന്ന അവകാശവാദം ഉന്നയിക്കരുത് എന്നുമാണ്.

1919ൽ സ്ഥാപിതമായതുമുതൽ ബഹിരാകാശവുമായി ബന്ധപ്പെട്ട നാമകരണത്തിന്റെ മദ്ധ്യസ്ഥൻ ഇന്റർനാഷണൽ അസ്ട്രോണമിക്കൽ യൂണിയനാണ് (ഐഎയു). അമേരിക്കയും സോവിയറ്റ് യൂണിയനും തങ്ങളുടെ ബഹിരാകാശ പേടകങ്ങൾ നൽകിയ, കൂടുതൽ ഉയർന്ന നിലവാരമുള്ള ചിത്രങ്ങളിലൂടെ കണ്ടെത്തിയ ബഹിരാകാശ വസ്തുക്കളുടെയും സ്ഥലങ്ങളുടെയും, പേരിടൽ നിർദ്ദേശങ്ങൾ അംഗീകാരത്തിനായി അസ്ട്രോണമിക്കൽ യൂണിയന് സമർപ്പിച്ചു. മാത്രമല്ല, ബഹിരാകാശ വസ്തുക്കൾക്ക് പേരിടുന്നതിന് നിശ്ചിത മാനദണ്ഡങ്ങളുണ്ട്. ബഹിരാകാശത്തെ വസ്തുക്കൾക്ക് നൽകുന്ന പേരുകൾ "ലളിതവും വ്യക്തവും സംശയങ്ങൾക്കതീതവും ആവണം, ഇപ്പോഴുള്ള പേരുകളുടെ തനിപ്പകർപ്പാവരുത്." കൂടാതെ, "പത്തൊൻപതാം നൂറ്റാണ്ടിന് മുമ്പുള്ള രാഷ്ട്രീയ നേതാക്കളുടെ പേരുകൾ ഒഴികെ രാഷ്ട്രീയമോ സൈനികമോ മതപരമോ ആയ വിവക്ഷയുള്ള പേരുകൾ ഉപയോഗിക്കാൻ പാടില്ല..." അതിനാൽ ചന്ദ്രോപരിതല പ്രദേശത്തിന് 'ശിവ' എന്ന ഒരു ഹിന്ദു ദേവന്റെ പേര് നൽകുന്നത് ബഹിരാകാശത്തെ പേരിടൽ സംബന്ധിച്ച അന്താരാഷ്ട്ര ചട്ടത്തിന്റ ലംഘനമാണ്.

മറ്റൊരു കാര്യമെന്തെന്നാൽ ഐഎസ്ആർഒ ചെയർമാൻ ഉൾപ്പെടെയുള്ള ബഹിരാകാശ ദൗത്യങ്ങളുമായി ബന്ധപ്പെട്ട ചില ഉന്നത ഉദ്യോഗസ്ഥർ മാധ്യമങ്ങളുടെ ശ്രദ്ധ ആകർഷിച്ചുകൊണ്ട് ദൗത്യത്തിന് മുമ്പും ശേഷവും നടത്തുന്ന ക്ഷേത്ര സന്ദർശനങ്ങളിലൂടെ ഒരു ശാസ്ത്രപദ്ധതിയുടെ വിജയത്തിന് കാരണം ഒരു പ്രകൃത്യതീത ശക്തിയായ ദൈവമാണെന്ന ധാരണ സൃഷ്ടിക്കാൻ ശ്രമിക്കുന്നു. ശാസ്ത്രത്തെ മതവുമായി ബന്ധിപ്പിക്കുന്നതിന്റെ മറ്റൊരു ഉദാഹരണമാണിത്. പരീക്ഷിച്ചതും പരിശോധിച്ചുറപ്പിച്ചതുമായ ശാസ്ത്രീയ നിയമങ്ങളുടെ കൃത്യമായ പ്രയോഗം മാത്രമാണ് വിജയം കൊണ്ടുവന്നതെന്ന് അവർക്കെല്ലാം അറിയാം. ആത്മീയതയും ശാസ്ത്രവും എതിർ ധ്രുവങ്ങളിലായി നിൽക്കുന്നതിനാൽ ശാസ്ത്രത്തിന്റ നേട്ടങ്ങളെ 'ദൈവിക അംഗീകാര'വുമായി എങ്ങനെ ബന്ധിപ്പിക്കാനാകും? ഇവിടെയാണ് ഇതിൽ അന്തർലീനമായിരിക്കുന്ന രാഷ്ട്രീയ ലക്ഷ്യം വ്യക്തമാകുന്നത്. വളരെക്കാലം മുമ്പുതന്നെ, യുക്തിരാഹിത്യത്തിലും പ്രത്യേക രീതിയിൽ ചിട്ടപ്പെടുത്തിയ ചിന്താപദ്ധതിയിലും അധിഷ്ഠിതമായ ഫാസിസത്തിന്റെ സാംസ്കാരിക അടിത്തറയെകുറിച്ച് വിശദീകരിക്കുമ്പോൾ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാപക ജനറൽ സെക്രട്ടറിയും ഉന്നതനായ മാർക്സിസ്റ്റ് ചിന്തകനുമായ സഖാവ് ശിബ്ദാസ് ഘോഷ് ഇങ്ങനെ ചൂണ്ടിക്കാട്ടി: "ഇത് ആത്മീയതയുടെയും ശാസ്ത്രത്തിന്റെസാങ്കേതികവശങ്ങളുടെയും സവിശേഷമായ സംയോജനമാണ്."

പ്രധാനമന്ത്രി മോദിയും ആർഎസ്എസും ബിജെപിയും ചില അനുസരണയുള്ള സാങ്കേതിക വിദഗ്ധരും ചേർന്ന് ചാന്ദ്രദൗത്യത്തിന്റെ വിജയത്തിന്റെ ക്രെഡിറ്റ് ഏറ്റെടുക്കുന്നതും അതേ സമയം അതിനെ ആത്മീയതയുമായും മതപരമായ ആഭിമുഖ്യവുമായും ബന്ധിപ്പിക്കുന്നതിനായി നടത്തുന്ന നീക്കങ്ങളും നാം കണ്ടുകഴിഞ്ഞു. ഭരണ മുതലാളിവർഗത്തിന്റെയും ബഹുരാഷ്ട്ര കുത്തകകളുടെയും വിശ്വസ്ത പ്രതിനിധികളെന്ന നിലയിൽ ആർഎസ്എസും ബിജെപിയും ഇന്ത്യൻ സമൂഹത്തിൽ സാമ്പത്തികമായും രാഷ്ട്രീയമായും സാംസ്കാരികമായും ഫാസിസ്റ്റ് സ്വേച്ഛാധിപത്യം സ്ഥാപിച്ചെടുക്കാൻ കൂടുതൽ കൂടുതൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണെന്നതിന്റെ തെളിവാണിത്. പഴയ ആശയങ്ങളെ ചോദ്യം ചെയ്യുന്നതിലൂടെയാണ് ശാസ്ത്രം വികസിക്കുന്നത്. പൗരാണിക ഭാരതത്തിലെ വിജ്ഞാനം ആധുനിക ശാസ്ത്രവിജ്ഞാനത്തെക്കാൾ മികച്ചതാണെന്ന അയഥാർത്ഥമായ അവകാശവാദങ്ങൾ വിദ്യാർത്ഥികളെ ആശയക്കുഴപ്പത്തിലാക്കും. അത് അവരിൽ ശാസ്ത്രീയ ചിന്താപദ്ധതി വളർന്നുവരുന്നതിന് വിഘാതം സൃഷ്ടിക്കുമെന്നും സാമൂഹികബോധമുള്ള ശാസ്ത്രസമൂഹത്തിന് ഉറച്ച അഭിപ്രായമുണ്ട്. ഐഎസ്ആർഒയുടെ വിജയം, അർപ്പണബോധത്തിന്റെയും ചാതുര്യത്തിന്റെയും ശാസ്ത്രഗവേഷണത്തിലെ മികവിന്റെയും പ്രതിഫലനമാണ്. ഈ വിജയത്തിന് ആത്മീയ നിറം നൽകാനുള്ള ഏതൊരുശ്രമവും അങ്ങേയറ്റം ദുരുദ്ദേശപരവും ശാസ്ത്രീയ ചിന്താ പ്രക്രിയയെ അട്ടിമറിക്കുന്നതുമാണ്. ■

## സ്വകാര്യസേന

(6-ാം പേജിൽ നിന്ന്)

പ്രിഗോഷിന്റെ നേതൃത്വത്തിൽ വാഗ്നർ സേനയ്ക്ക് നെസ്റ്റോവ് നഗരം പിടിച്ചടക്കാനും മോസ്കോയുടെ സമീപത്തുവരെ എത്താനമൊക്കെ ഇത്ര അനായാസം കഴിഞ്ഞത് എങ്ങനെയെന്നതും ശ്രദ്ധിക്കപ്പെട്ടു. തലസ്ഥാനനഗരം സംരക്ഷിക്കാൻ റഷ്യൻ സേനയ്ക്ക് വല്ലാതെ പണിപ്പെടേണ്ടിവന്നു. റഷ്യൻ മണ്ണിൽനിന്നും യുക്രെൻ യുദ്ധത്തിൽനിന്നും വാഗ്നർസേനയെ ഒഴിവാക്കി എങ്കിലും മറ്റുരാജ്യങ്ങളിൽ നടത്തുന്ന സൈനികസംരംഭങ്ങളിൽനിന്ന് ഇവരെ മാറ്റിനിർത്താൻ ഇപ്പോഴും റഷ്യൻ അധികൃതർ തയ്യാറായിട്ടില്ല. കുറച്ചുനാളായി അപ്രത്യക്ഷനായിരുന്ന പ്രിഗോഷിൻ പിന്നീട് മോസ്കോയുടെ വടക്കുപടിഞ്ഞാറുള്ള ടെവർ മേഖലയിൽ വച്ചുണ്ടായ ഒരു വിമാനാപകടത്തിൽ കൊല്ലപ്പെടുകയുണ്ടായി. എയർഫോഴ്സ് മേധാവിയും പ്രിഗോഷിനുമായി നല്ല അടുപ്പം പുലർത്തിയിരുന്ന സൈനികജനറലുമായ സർജി സുറുവികിനെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്ത അന്നുതന്നെയാണ് ഇത് സംഭവിക്കുന്നത്. അതുകൊണ്ടുതന്നെ ഈ മരണവുമായി ബന്ധപ്പെട്ട് പലദുരൂഹതകളും അവശേഷിക്കുന്നതായാണ് കരുതപ്പെടുന്നത്.

### സ്വകാര്യസേന ഒരു വമ്പൻ ബിസിനസ്

റഷ്യ-യുക്രെൻ യുദ്ധത്തിലല്ല സ്വകാര്യസേന ആദ്യമായി പ്രത്യക്ഷപ്പെടുന്നത്. മധ്യപൂർവ്വദേശത്തും ആഫ്രിക്കയിലും ലാറ്റിൻ അമേരിക്കയിലുമൊക്കെ അമേരിക്കൻ സാമ്രാജ്യത്വം നടത്തുന്ന സൈനിക ആക്രമണങ്ങളിൽ വളരെ മുമ്പേതന്നെ സ്വകാര്യസേനയെ ഉപയോഗിക്കാറുണ്ട്. സ്വകാര്യസേനയെ നിയോഗിക്കുന്നതുവഴി സാമ്രാജ്യത്വശക്തികൾക്ക് യുദ്ധകുറ്റകൃത്യങ്ങളുടെ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിയാനാകും. വിദേശ രാജ്യങ്ങളിലേയ്ക്ക് സൈന്യത്തെ അയയ്ക്കുന്നതിന് എതിരായ ജനവികാരത്തെ ശമിപ്പിക്കാനും സർക്കാരുകൾക്ക് കഴിയും. ഉദാഹരണത്തിന് 2007ൽ ബാഗ്ദാദിലെ നിസൗർ സ്ക്വയറിൽ നടന്ന സംഘർഷത്തിൽ ബ്ലാക് വാട്ടർ എന്ന സ്വകാര്യസേന പതിനാല് ഇറാക്കി സിവിലിയൻമാരെ കൊന്നു. ഇവർ അമേരിക്കൻ സേനയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആയിരുന്നില്ല. അമേരിക്കൻ പ്രതിരോധവകുപ്പ് അവരുടെ ഉദ്യോഗസ്ഥരുടെ സംരക്ഷണത്തിനുവേണ്ടി കരാർ അടിസ്ഥാനത്തിൽ നിയോഗിച്ചിരുന്നതാണ് ഇവരെ. സാമ്രാജ്യത്വ സർക്കാരുകൾ യുദ്ധക്കുറ്റവാളികളെ സംരക്ഷിക്കുന്നു എന്നതും രഹസ്യമല്ല. 2015ൽ ഒരു അമേരിക്കൻ കോടതി കൂട്ടക്കൊല നടത്തിയതിന്റെ പേരിൽ ബ്ലാക് വാട്ടർ ഉദ്യോഗസ്ഥർ ആയിരുന്ന മൂന്നുപേരെ മുപ്പതുവർഷം തടവിനും ഒരാളെ ജീവപര്യന്തം തടവിനും ശിക്ഷിക്കുകയുണ്ടായി. എന്നാൽ വെറും അഞ്ചുവർഷം കഴിഞ്ഞ് ഡോണാൾഡ് ട്രംപ് സ്ഥാനമൊഴിയുന്നതിനു മുമ്പ് ഇവരെ മോചിപ്പിക്കുകയുണ്ടായി. ഒരു പ്രമുഖ വാർത്താ ഏജൻസി ഇതേക്കുറിച്ച് പറഞ്ഞത് ലോകത്ത് എവിടെയും യുദ്ധവും അക്രമവും പുറംപണി കരാർ നൽകി നടപ്പിലാക്കാൻ അവസരം ഒരുക്കിക്കൊണ്ട് തഴച്ചുവളരുന്ന ഈ സ്വകാര്യസേനാ വ്യവസായം അമേരിക്കയുടെ 'ഭീകരതയ്ക്കെതിരായ യുദ്ധ'ത്തിന്റെ വികൃതമായ പാരമ്പര്യം പേറുന്നതാണ് എന്നത്രേ.

ഇറാക്കിലും അഫ്ഗാനിസ്ഥാനിലും അമേരിക്കൻ സേന യുദ്ധമുഖത്ത് വൻതോതിൽ ആശ്രയിച്ചത് സ്വകാര്യകരാറുകാരെ ആണ്. സൈനികർ, ട്രക്കുകൾ, വിമാനങ്ങൾ, ഇന്ധനം, ഹെലികോപ്റ്ററുകൾ, കപ്പലുകൾ, ഡ്രോണുകൾ, ആയുധങ്ങൾ, സൈനിക സാമഗ്രികൾ തുടങ്ങിയവയൊക്കെ കരാറുകാർ നൽകി. നിർമ്മാണം, ഭക്ഷണവിതരണം, ഐടി, ചരക്കുനീക്കം തുടങ്ങിയവയുമായി ബന്ധപ്പെട്ട സേവനങ്ങളും ലഭ്യമാക്കി. വർഷങ്ങൾ നീണ്ടയുദ്ധത്തിൽ മിക്കപ്പോഴും അമേരിക്കൻ സേനയെക്കാൾ ആൾബലം കരാർ സേനയ്ക്ക് ആയിരുന്നു. ഇറാക്കിലെയും അഫ്ഗാനിസ്ഥാനിലെയും അമേരിക്കൻ ആക്രമണങ്ങളിൽ അമേരിക്കൻ സേനയുടെ എഴുപത് ശതമാനവും സ്വകാര്യസൈനിക കമ്പനികളുടേതായിരുന്നു. 2020ൽ ഇവരുടെ എണ്ണം അമേരിക്കൻ സേനയുടെ ഏതാണ്ട് ഇരട്ടിവരുന്ന 22562ആയിരുന്നു. ഇതിനുമുമ്പ് ഒരിക്കലും

(ശേഷം 8-ാം പേജിൽ)

സ്വകാര്യസേന

# കോർപ്പറേറ്റ് ഭീമന്മാർക്ക് സാമ്രാജ്യത്വശക്തികൾ ഏൽപ്പിക്കുന്ന പുറംപണികരാറായി യുദ്ധം മാറിയിരിക്കുന്നു

*(7–ാം പേജിൽ നിന്ന്)*

അമേരിക്ക ഇറാക്ക് യുദ്ധത്തിലെപ്പോലെ സ്വകാര്യകമ്പനികളെ ഏർപ്പെടുത്തിയിട്ടില്ല. ചിലപ്പോൾ സൈനിക ഉദ്യോഗസ്ഥരെക്കാൾ കൂടുതൽ കരാറുകാർ ഉണ്ടായിരുന്ന സ്ഥിതിയുമുണ്ട്. യഥാർത്ഥത്തിൽ അമേരിക്ക അതിന്റെ സൈന്യത്തിന്റെ ഒരു പ്രബലവിഭാഗമെന്ന നിലയിൽ സ്വകാര്യസേനയെ സൃഷ്ടിച്ചെടുക്കുകയായിരുന്നു. (കോർപ്പറേറ്റ് ഭീമന്മാരായ ലോക്ഹീഡ് മാർട്ടിൻ, ബോയിംഗ്, ജനറൽ ഡൈനാമിക്സ്, റേത്തിയൻ, നോർത്ത് റോഫ് ഗ്രുമ്മൻ തുടങ്ങിയവരൊക്കെ ഏറെക്കാലം ശ്രമിച്ചുകൊണ്ടിരുന്നത് മികച്ച യുദ്ധവിമാനങ്ങളും അനുബന്ധ സാമഗ്രികളും പോലുള്ള യുദ്ധസാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള വൈദഗ്ധ്യം നേടുന്നതിനുവേണ്ടിയാണ്. 2020 ജൂൺവരെ പെന്റഗൺ പ്രതിരോധ കരാറുകാർക്ക് നൽകിയ 480ബില്യൺ ഡോളറിന്റെ മൂന്നിലൊന്നുഭാഗവും മേൽപ്പറഞ്ഞ അഞ്ചുഭീമൻ കമ്പനികളാണ് കരസ്ഥമാക്കിയത്.) അതായത് ഇറാക്കിന്റെമേൽ അമേരിക്ക നടത്തിയ അധിനിവേശയുദ്ധത്തിന്റെ മുന്നണിയിൽ ആക്രമണകാരിയായ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പ്രധാന സൈനികകരാറുകാരൻ എന്നനിലയിൽ നിലയുറപ്പിച്ചിരുന്നത് ബ്ലാക് വാട്ടർ വേൾഡ് വൈഡ് എന്ന കുത്തകകമ്പനിയായിരുന്നു എന്നർത്ഥം.

## സ്വകാര്യസൈനിക കമ്പനികളുടെ ഇടപെടൽ വിപുലമാകുന്നു

സാമ്പ്രദായികമായി പറഞ്ഞാൽ ഒരു സ്വകാര്യസൈനിക കമ്പനി സുരക്ഷാ സംബന്ധമായോ സൈനികമായോ ഉള്ള സേവനങ്ങൾ നൽകുന്ന ഒരു സ്വകാര്യസംരംഭമാണ്. കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും സുരക്ഷാ ഉദ്യോഗസ്ഥരെ നൽകുക, സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുക, സുരക്ഷ സംബന്ധമായ കൺസൾട്ടന്റ് ജോലികൾ ചെയ്യുക, പ്രമുഖരുടെ സുരക്ഷയ്ക്കായി ബോഡിഗാർഡുകളെ നൽകുക തുടങ്ങിയവയൊക്കെ ഇവരുടെ സേവനങ്ങളിൽപെടും. ഉദാഹരണത്തിന് 2003ൽ സദ്ദാം ഹുസൈനെ അട്ടിമറിച്ചതിനുശേഷം 2003-2006കാലയളവിൽ ഇറാക്കിലെ അമേരിക്കൻ വിരുദ്ധ ഗ്രൂപ്പുകൾ അവിടെ ഒരു കലാപശ്രമം നടത്തിയപ്പോൾ ഇറാക്കി സുരക്ഷാസേനയും മഹ്ദീ സേനയിലെ പോരാളികളും തമ്മിൽ വ്യാപകമായ ഏറ്റുമുട്ടലുണ്ടായി. പ്രമുഖ എണ്ണവ്യവസായ നഗരമായ ബസ്ര, ബാഗ്ദാദിന്റെ പല മേഖലകൾ, ഷിയാകളുടെ പ്രമുഖ കേന്ദ്രമായ അൽ ദിവാനിയ, കൂട്ട് തുടങ്ങിയ സ്ഥലങ്ങളിലൊക്കെ നടന്ന ഏറ്റുമുട്ടലുകളിൽ മരിച്ചവരുടെ എണ്ണം നൂറുകടന്നു. ഈ കലാപം അടിച്ചമർത്താൻ അമേരിക്ക വൻതോതിൽ സ്വകാര്യകമ്പനികളെ നിയോഗിച്ചു. 1,46,800അമേരിക്കൻ പട്ടാളക്കാരെ കടത്തിവെട്ടി 1,63,400 സ്വകാര്യസൈനികർ അന്ന് രംഗത്തുണ്ടായിരുന്നു. 2010ൽ അഫ്ഗാനിസ്ഥാനിൽ താലിബാന്റെ നേതൃത്വത്തിൽ വലിയ 'ജനകീയ പ്രക്ഷോഭം' ഉണ്ടായപ്പോൾ അതിനെ അടിച്ചമർത്താൻ നിയോഗിക്കപ്പെട്ടവരിൽ അമേരിക്കൻ സേനാംഗങ്ങൾ 79100ഉം കരാർസേന 112100 ഉം ആയിരുന്നു. സ്വകാര്യസേനയുടെ പ്രവർത്തനം യുദ്ധച്ചെലവ് വലിയതോതിൽ വർദ്ധിപ്പിച്ചു എന്നാണ് സർക്കാർ വിദഗ്ദ്ധർ വിലയിരുത്തിയത്. എന്നാൽ ഇത് സമ്പദ്ഘടനയുടെ സൈനികവത്ക്കരണം എന്ന എല്ലാ സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളുടെയും നയത്തിന് അനുപൂരകമായിരുന്നു. പിന്നീട് സ്വകാര്യസൈനിക കമ്പനികളുടെ പ്രവർത്തനം വിപുലമായി. യുദ്ധംകൊണ്ട് തകർന്ന ഇറാക്ക്, ലിബിയ, അഫ്ഗാനിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലെ പുനർനിർമ്മാണ പ്രവർത്തനങ്ങളും ഇവർ ഏറ്റെടുത്തു. അമേരിക്കൻ സാമ്രാജ്യത്വം സ്ഥാപിച്ച പാവസർക്കാരുകളുടെ സുരക്ഷാച്ചുമതലയും ഇവർ ഏറ്റെടുത്തു. ഇറാക്ക് അധിനിവേശത്തിൽനിന്ന് അമേരിക്കയിലെയും മറ്റ് വിദേശരാജ്യങ്ങളിലെയും കമ്പനികൾ എത്രത്തോളം നേട്ടം ഉണ്ടാക്കി എന്ന് ഫൈനാൻഷ്യൽ ടൈംസ് പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ വ്യക്തമാക്കുകയുണ്ടായി. യുദ്ധാനന്തരം ഇറാക്കിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി നീക്കിവച്ച എഴുപത്തിരണ്ട് ബില്യൺ ഡോളർ ഈ കമ്പനികൾ പങ്കിട്ടെടുത്തു. വാസ്തവത്തിൽ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് കണക്കിൽപ്പെടാതെയും അനാവശ്യ പദ്ധതികൾക്കും മറ്റുമായി നൂറ്റിനാൽപ്പത്തി അഞ്ച് ബില്യൺ ഡോളറാണ് ചെലവഴിക്കപ്പെട്ടത്.

വാഗ്നറുടെ പ്രവർത്തനമേഖലയാകട്ടെ ഇതിനെക്കാളൊക്കെ വളരെ ഉയർന്ന തലത്തിലുള്ളതാണ്. അവർ ഒരു രാജ്യത്തിന്റെ ഔദ്യോഗികസേനയെപ്പോലെതന്നെ ഒരേസമയം വ്യത്യസ്ത മേഖലകളിൽ പടവെട്ടുകയും രഹസ്യാന്വേഷണ പ്രവർത്തനങ്ങളും രാഷ്ട്രീയ കരുനീക്കങ്ങളുമൊക്കെ നടത്തുകയും ചെയ്യുന്നു. മറ്റൊരർത്ഥത്തിൽ സാമ്രാജ്യത്വ ശക്തികൾ സമ്പദ്ഘടനയുടെ സൈനികവത്ക്കരണം നിരന്തരം ത്വരിതപ്പെടുത്തുകയും കുപ്രസിദ്ധമായ വ്യവസായ-സൈനികസഖ്യം വളർത്തിയെടുക്കുകയും ചെയ്യുന്നു. എന്നിട്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാദേശികവും ഭാഗികവുമായ യുദ്ധങ്ങൾ(അധിനിവേശങ്ങൾ ഉൾപ്പെടെ) സൃഷ്ടിച്ചുകൊണ്ട് കുന്നുകൂട്ടി വച്ചിരിക്കുന്ന ആയുധങ്ങൾ എടുത്ത് പ്രയോഗിക്കുന്നു. തുടർന്ന് സ്വകാര്യകമ്പനികൾക്ക് പുതിയ ആയുധങ്ങൾക്കായി ഓർഡർ നൽകുന്നു. അതോടൊപ്പം യുദ്ധംകൊണ്ട് തകർന്ന രാജ്യങ്ങളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങളും എന്തിന് ചാരപ്പണി ഉൾപ്പെടെയുള്ള കാര്യങ്ങളും ഏൽപ്പിച്ചുകൊടുക്കുന്നു.

## എന്തുകൊണ്ട് സ്വകാര്യസേന കമ്പനികളെ അമിതമായി ആശ്രയിക്കുന്നു

മുതലാളിത്ത-സാമ്രാജ്യത്വ വ്യവസ്ഥയാകെ അതിന്റെ സഹജമായ സ്വഭാവം കൊണ്ടുതന്നെ ഗുരുതരമായ ഒരു കമ്പോളപ്രതിസന്ധിയിൽ പെട്ടിരിക്കുകയാണെന്ന് ഗൗരവബുദ്ധിയായ ഏതൊരാൾക്കും അറിയാം. പാപ്പരാക്കപ്പെട്ടുകൊണ്ടിരിക്കുന്ന ജനങ്ങളുടെ ക്രയശേഷി അനുദിനം ഇടിഞ്ഞുകൊണ്ടിരിക്കുന്നതിനാൽ കുത്തകകൾ പരമാവധി ലാഭം ലാക്കാക്കി നിർമ്മിച്ച് വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന വ്യാവസായികോൽപ്പന്നങ്ങളും ഉപഭോക്തൃവസ്തുക്കളും അവർക്ക് വാങ്ങിക്കാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ അമിതോൽപ്പാദനം എന്ന സ്ഥിതി സംജാതമാകുന്നു. ഉൽപ്പാദനക്ഷമമായ മേഖലകളിലെ ഈ മുരടിപ്പുമൂലം വൻതോതിൽമൂലധനംഇക്കൂട്ടരുടെകൈയിൽ നിഷ്ക്രിയമായിരിക്കുന്ന സാഹചര്യം ഉണ്ടാകുന്നു. അതുമൂലം ഇവർ ഊഹക്കച്ചവട മേഖലയിലേയ്ക്ക് തിരിയുകയും സ്റ്റോക് മാർക്കറ്റ് ഇടപാടുകൾ വർദ്ധിക്കുകയും ചെയ്യുന്നു. എത്ര പണം ഓഹരിവിപണികളിലേയ്ക്ക് ഒഴുക്കിയാലും വീണ്ടും അധികമൂലധനം കെട്ടിക്കിടക്കുന്ന സ്ഥിതിയാണ് ഉള്ളത്. ഈ സാഹചര്യത്തിലാണ് മൂലധനസേവകരായ ഗവൺമെന്റുകൾ പ്രതിരോധരംഗം മൂലധനശക്തികൾക്ക് തുറന്നുകൊടുത്തുകൊണ്ട് മുന്നോട്ടുവരുന്നത്. മുതലാളിത്തം എവ്വിധമാണ് എല്ലാത്തിനെയും ചരക്കാക്കി മാറ്റുന്നത് എന്ന് വളരെമുന്നെതന്നെ കാൾ മാർക്സ് വിശദമാക്കിയിട്ടുണ്ട്. മുതലാളിത്തത്തിന്റെ പരമോന്നത ഘട്ടമായ സാമ്രാജ്യത്വം, അനന്തമായ കൊള്ള നടത്താനായി കമ്പോളം പിടിക്കാനും, തിരിച്ചുപിടിക്കാനുമായി ലോകയുദ്ധമടക്കമുള്ള യുദ്ധങ്ങൾ ഉണ്ടാക്കുന്നു എന്ന് ലെനിനും ചൂണ്ടിക്കാണിച്ചു. എസ്‌യുസിഐ(സി)യുടെ സ്ഥാപകജനറൽ സെക്രട്ടറിയും ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ദാർശനികനുമായ സഖാവ് ശിബ്ദാസ് ഘോഷ് ഇക്കാര്യം ഇപ്രകാരം കൂടുതൽ വിശദമാക്കി, "കൃത്രിമമായി സൃഷ്ടിച്ചെടുക്കുന്ന വർദ്ധിതമായ സൈനിക ഉപഭോഗത്തിലൂടെ മുതലാളിത്ത കമ്പോള പ്രതിസന്ധിയെ മറികടക്കാനും ഊർജ്ജസ്വലത ഉറപ്പുവരുത്തുന്നതിനുമായി പരമാവധി മൂലധനകേന്ദ്രീകരണം നടത്തിയും വ്യവസായത്തിന്റെ സൈനികവത്ക്കരണവും ആയുധസമാഹരണവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ് സാമ്രാജ്യത്വം."(Call of the hour) എന്നാൽ ഇന്ന് യുദ്ധംതന്നെ ലാഭം കൊയ്യുന്നതിനുള്ള ഒരു ചരക്കായി രൂപാന്തരപ്പെട്ടിരിക്കുന്നു. അതായത്, യുദ്ധം സാമ്രാജ്യത്വ സർക്കാരുകൾ കോർപ്പറേറ്റ് ഭീമന്മാർക്ക് പുറംപണി കരാറായി ഏൽപ്പിച്ചുകൊടുക്കുന്നു എന്നു പറയാം. വമ്പൻ കോർപ്പറേറ്റുകൾ എല്ലാം സൈനിക സംബന്ധമായ ഉൽപ്പാദനത്തിലേയ്ക്ക് അതിവേഗം ചുവട് മാറ്റുകയാണ്. ഈ പ്രക്രിയയിലൂടെ അവർ ഒരു പുതിയതരം കൂലിപ്പട്ടാളത്തിന് ജന്മം നൽകിയിരിക്കുന്നു. അവർക്ക് പ്രത്യേക രാജ്യമോ ദേശസ്നേഹമോ മൂല്യങ്ങളോ, മനുഷ്യജീവനോട് എന്തെങ്കിലും പരിഗണനകളോ ഒന്നും ഇല്ല. നല്ല കാശുതരുന്ന ഏതൊരു സാമ്രാജ്യത്വ ഗവൺമെന്റിനുവേണ്ടിയും ഏതൊരു ബഹുരാഷ്ട്ര കുത്തകയ്ക്കു വേണ്ടിയും അവർ വിടുപണി ചെയ്യും. ഈ സ്വകാര്യസേനയിൽ ചേരുന്നവർ കൂടുതലും വികസ്വര രാജ്യങ്ങളിൽനിന്നുള്ളവരാണ്. ജീവിക്കാൻ ഒരു മാർഗ്ഗം കാണാതെ, ജീവിക്കാൻവേണ്ടി എന്ത് ക്രൂരകൃത്യവും ചെയ്യാൻ മടിയില്ലാത്തവരായി ഇവർ യൂണിഫോം അണിഞ്ഞ് മനുഷ്യരെ കൊന്നൊടുക്കുന്നു. ബ്ലാക് വാട്ടർ വാടകയ്ക്ക് എടുത്ത കൂലിപ്പടയാളികൾ അമേരിക്കൻ സാമ്രാജ്യത്വത്തിനുവേണ്ടി പണിയെടുക്കുമ്പോൾ വാഗ്നർ റഷ്യൻ സാമ്രാജ്യത്വത്തിന് വിടുപണി ചെയ്യുന്നു. പുതുതായി ഉദയം ചെയ്തിരിക്കുന്ന ഈ യുദ്ധവ്യാപാരം പരമാവധി ലാഭം നേടാനുള്ള പുതിയൊരു സാധ്യത തുറന്നുവയ്ക്കുന്നു. എന്നാൽ ഈ യുദ്ധവ്യാപാരം ഉരുത്തിരിഞ്ഞുവന്നിരിക്കുന്നത് കമ്പോള സമ്പദ്ഘടനയുടെ നിയമങ്ങൾ പ്രകാരമാണ്. അതുകൊണ്ടുതന്നെ ഭരണമുതലാളി വർഗ്ഗത്തിനും ബഹുരാഷ്ട്ര കുത്തകകൾക്കും കമ്പോളത്തിന്റെ നിരന്തരമായ സൃഷ്ടി നടത്തിയേ കഴിയൂ. ചെറുതോ വലുതോ ആയ ഇടതടവില്ലാത്ത യുദ്ധങ്ങൾ അവർക്ക് ഉറപ്പായും അത്തരമൊരു കമ്പോളം സൃഷ്ടിച്ചുകൊടുക്കുന്നു. യുദ്ധങ്ങൾക്കുമാത്രമേ ഇന്ന് അത്തരത്തിൽ കമ്പോളം സൃഷ്ടിക്കാനാകൂ. അതുകൊണ്ടാണ് ഒന്നിനുപുറകേ ഒന്നായി യുദ്ധങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സാമ്രാജ്യത്വ ശക്തികൾ സൃഷ്ടിക്കുന്ന ഈ യുദ്ധങ്ങൾ യുദ്ധക്കച്ചവടക്കാരെ ആഹ്ലാദിപ്പിക്കുമ്പോൾ നിരപരാധികളായ അനേകായിരങ്ങളുടെ ജീവനും ജീവനോപാധികളും തകർക്കപ്പെടുകയാണ്. മധ്യപൂർവ്വദേശത്തും പിന്നീട് ആഫ്രിക്കയിലും ഇപ്പോഴിതാ യുക്രൈനിലും നാം അത് കാണുന്നു. സ്വകാര്യസൈനിക കമ്പനികൾക്ക് കോടിക്കണക്കിന് ഡോളർ ചൊരിഞ്ഞുകൊടുക്കുന്നതുവഴി അതിശക്തമായൊരു സൈനിക കരാർ വ്യവസായം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അത് ആഗോളമായിത്തന്നെ ചെറുതും വലുതുമായ രാജ്യങ്ങളെ യുദ്ധങ്ങളിലേയ്ക്കും മറ്റ് അക്രമപ്രവർത്തനങ്ങളിലേയ്ക്കും ആനയിക്കുകയും അതിന് നിരക്കുംപടിയുള്ള വിദേശനയത്തിനും ബന്ധങ്ങൾക്കും ജന്മംകൊടുക്കുംവിധം മാറ്റിത്തീർക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

## ജനങ്ങൾ ചെറുത്തേ മതിയാകൂ

സ്വകാര്യസേന പെരുകുന്നത് മുതലാളിത്ത-സാമ്രാജ്യത്വത്തിന്റെ കരുത്തിനെയല്ല, ദൗർബല്യത്തെയാണ് കാണിക്കുന്നത്. ജീർണവും മരണാസന്നവുമായ അതിന്റെ ആയുസ്സ് നീട്ടിയെടുക്കാൻ അവർ സംസ്കൃതിയുടെ എല്ലാ തത്വങ്ങളും തച്ചുടയ്ക്കുന്നു. ജനങ്ങളെ അപമാനവീകരിക്കാനുള്ള ഒരു അവസരവും പാഴാക്കുന്നില്ല. യുദ്ധഭീതി പടർത്തുക മാത്രമല്ല, നഗ്നമായ സൈനിക ഇടപെടലും അധിനിവേശവും മറ്റ് രാജ്യങ്ങളിൽ നടത്തുന്നു. പ്രത്യേകിച്ച് വിദൂരമായ വികസ്വര രാജ്യങ്ങളിൽ. സ്വന്തം രാജ്യത്തെ ജനങ്ങളുടെ വിചാരണയിൽനിന്നൊഴിഞ്ഞ് രഹസ്യമായും സുഗമമായും ഈ പദ്ധതി നടപ്പിലാക്കി എടുക്കുന്നു. ഇന്ന് മാനവരാശിയുടെ ഏറ്റവും വലിയ ശത്രു, മാനവസംസ്കൃതിയുടെ അന്തകൻ മുതലാളിത്ത-സാമ്രാജ്യത്വമാണ്.

സാമ്രാജ്യത്വത്തിന്റെ ഈ ഭീകരസന്നാഹങ്ങൾക്കെതിരെ ജനങ്ങളുടെ ചെറുത്തുനിൽപ്പ് പോരാട്ടങ്ങളുടെ ബദൽപ്രവാഹം സൃഷ്ടിച്ചെടുക്കുക എന്നതാണ് ഇന്നത്തെ അടിയന്തരാവശ്യകത. കെടുതികൾ അനുഭവിക്കുന്ന ജനങ്ങളിൽ ശരിയായ പ്രത്യയശാസ്ത്രബോധം ഉദിക്കുമ്പോഴാണ് ചെറുത്തുനിൽപ്പ് വളർന്നുവരിക. സാമ്രാജ്യത്വ ശക്തികൾ സംഹാരായുധങ്ങൾ കൈയാളുന്നെങ്കിൽ ജനങ്ങളും മാർക്സിസം-ലെനിനിസം എന്ന അജയ്യമായ ആയുധം കൈയാളുന്നുണ്ടെന്ന കാര്യം വിസ്മരിക്കരുത്. ശരിയായ വിപ്ലവനേതൃത്വത്തിൻ കീഴിൽ വളർന്നുവരുന്ന സംഘടിത ജനകീയ ശക്തിക്കുമാത്രമേ സാമ്രാജ്യത്വ ആക്രമണങ്ങൾക്കെതിരെ ഫലപ്രദമായ പ്രതിരോധം തീർക്കാനാകൂ എന്ന് സഖാവ് ശിബ്ദാസ് ഘോഷ് പലവട്ടം ഊന്നിപ്പറഞ്ഞിട്ടുള്ള കാര്യം നമുക്ക് ഓർമ്മയിൽ സൂക്ഷിക്കാം. ശരിയായ നേതൃത്വത്തിൻ കീഴിൽ ജനകീയ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചാൽമാത്രമേ അവ യുക്ത്യധിഷ്ഠിതമായ പരിണതിയിൽ എത്തൂ. ലോകമെമ്പാടുമുള്ള സാമ്രാജ്യത്വ വിരുദ്ധരും സ്വാതന്ത്ര്യപ്രേമികളും ദേശസ്നേഹികളുമായ ജനവിഭാഗങ്ങളെയാകെ ഒന്നിപ്പിച്ചുകൊണ്ട് ആഗോളതലത്തിൽ ശക്തമായ സാമ്രാജ്യത്വവിരുദ്ധ സമാധാനപ്രസ്ഥാനം കെട്ടിപ്പടുക്കുക എന്നതാണ് അടിയന്തര കർത്തവ്യം. ഈ പ്രസ്ഥാനത്തെ ശരിയായ ദിശയിൽ നയിക്കാൻ യഥാർത്ഥ കമ്മ്യൂണിസ്റ്റുകൾ അതിന്റെ അകക്കാമ്പായി വർത്തിക്കേണ്ടതുണ്ട്. സാമ്രാജ്യത്വ കഴുകന്മാരുടെ മരണപ്പാച്ചിലിന് അന്ത്യം കുറിക്കാൻ ഇതിലൂടെ മാത്രമേ സാധിക്കൂ. ■

# ചൂഷിത ജനതയുടെ കണ്ണീരൊപ്പാൻ മാർക്സിസത്തിനേ സാധിക്കൂ

സഖാവ് അധ്യക്ഷൻ, സഖാക്കളെ, സുഹൃത്തുക്കളെ,

ഈ മഹാസമ്മേളനത്തിലേക്ക് നാടിന്റെ പലഭാഗങ്ങളിൽ നിന്നായി എത്തിച്ചേർന്നിരിക്കുന്ന തൊഴിലാളികൾ, കർഷകതൊഴിലാളികൾ, വനിതകൾ, വിദ്യാർത്ഥികൾ, ഇടത്തരക്കാർ, മറ്റ് സഹോദര പാർട്ടികളുടെ പ്രതിനിധികൾ തുടങ്ങിയ എല്ലാവരെയും ഞാൻ കേന്ദ്ര കമ്മിറ്റിയുടെ പേരിൽ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. ഈ പരിപാടിയുടെ വിജയത്തിനായി പണം നൽകി സഹായിച്ച സാധാരണക്കാർ, സാമ്പത്തികമായും അല്ലാതെയും പലവിധത്തിൽ സഹായിച്ച സുഹൃത്തുക്കൾ എല്ലാവരോടും ഞാൻ നന്ദി പറയുന്നു. നിങ്ങളുടെ നിർലോഭമായ സഹായസഹകരണങ്ങൾ ഇല്ലാതെ ഇതുപോലൊരു മഹാസമ്മേളനം സംഘടിപ്പിക്കുവാൻ സാധിക്കുമായിരുന്നില്ല. അതിനുള്ള സാമ്പത്തിക ശേഷി നമുക്കില്ല എന്ന് നിങ്ങളേവർക്കും അറിയാം. നിങ്ങളുടെ സംഭാവനകളെ ആശ്രയിച്ചാണ് നമ്മൾ പ്രവർത്തിക്കുന്നത്.

ഇവിടെ കൂടിയിരിക്കുന്നവരിൽ വലിയൊരു വിഭാഗം ബംഗാളി സംസാരിക്കുന്നവർ ആയതിനാൽ ഞാൻ ബംഗാളിയിൽ തുടരട്ടെ. ബംഗാളി അറിയാത്ത, രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽനിന്ന് വന്നവരോട് ഞാൻ ക്ഷമ ചോദിക്കുന്നു.

ഈ ചരിത്ര മുഹൂർത്തത്തിൽ സഖാവ് ശിബ്ദാസ്ഘോഷിന്റെപ്രസംഗത്തിൽനിന്നും ഏതാനും വാക്കുകൾ ഞാനിവിടെ ഉദ്ധരിക്കട്ടെ: "നമ്മുടെ പാർട്ടിയുടെ പ്രാരംഭകാലത്ത് നമ്മുടെ കൈവശം ഒന്നുമില്ലായിരുന്നു. പണമില്ല, ആളുകളില്ല, കയറിക്കിടക്കാൻ ഒരിടമില്ല. ആരും നമ്മെക്കുറിച്ച് കേട്ടിട്ട് പോലുമില്ലായിരുന്നു. ഞാനന്ന് ചെറുപ്പക്കാരനായിരുന്നു. ഇന്ത്യയിൽ ഒരു ശരിയായ വിപ്ലവപ്രസ്ഥാനം ഇല്ലെന്നും അത്തരമൊരു പ്രസ്ഥാനം കെട്ടിപ്പടുക്കേണ്ടതുണ്ടെന്നും പറയാൻ തന്റേടം കാണിച്ച ചെറുപ്പക്കാരൻ. നമ്മുടെ വാദങ്ങൾ കേട്ടവരിൽ പലരും നാം പറഞ്ഞതിനോട് യോജിച്ചു. പറയുന്നതെല്ലാം ശരിയാണ്, പക്ഷേ ഇതൊരു ഭ്രാന്തൻ എടുത്തുചാട്ടമായിപ്പോയി. അങ്ങനെയൊരു പ്രസ്ഥാനം കെട്ടിപ്പടുക്കുക എന്ന് പറഞ്ഞാൽ അസാധ്യമാണ്, ഇതൊന്നും പ്രായോഗികമല്ല. ഇങ്ങനെ പോയി അവരുടെ പ്രതികരണം. ഞാനവരോട് വാദിക്കാൻ ഒന്നും പോയില്ല. ഇങ്ങനെ ഒരു സാഹചര്യത്തിൽ എന്താണ് പ്രായോഗികം എന്ന് ഞാൻ അവരോട് ചോദിച്ചു. മനസാക്ഷി പണയംവെച്ച് ഈ വ്യവസ്ഥിതിയുടെ ഒരു അടിമയായി, അതിന്റെ നടത്തിപ്പുകാരനായി മാറണോ? അത് എനിക്ക് സാധിക്കില്ല. ഈ സമരത്തിൽ പരാജയപ്പെട്ട് മരിക്കേണ്ടി വന്നാൽ അന്തസ്സോടെ തലയുയർത്തിപ്പിടിച്ച് മരിക്കും. ഈ വ്യവസ്ഥിതിക്ക് എന്നെ കൊല്ലാൻ സാധിച്ചേക്കും പക്ഷേ വിലയ്ക്ക് എടുക്കാനാവില്ല. ആ കാലത്ത് ഒരു മുറി വാടകയ്ക്ക് എടുക്കാൻ പോലും നമുക്ക് സാധിക്കുമായിരുന്നില്ല. എല്ലാ പ്രതിസന്ധികളെയും നേരിട്ടുകൊണ്ട് പാർട്ടി കെട്ടിപ്പടുക്കാനായി നാം പരിശ്രമിക്കുന്ന ആ ദിവസങ്ങളിൽ പലപ്പോഴും ഞങ്ങൾ പട്ടിണിയിലായിരുന്നു. എന്നാൽ അതിൽ ഞങ്ങൾക്കാർക്കും പരാതി ഉണ്ടായിരുന്നില്ല. സിപിഐ അന്ന് ഇന്നത്തെപ്പോലെ വിഘടിച്ചിരുന്നില്ല. അവർ നമ്മളെ പരിഹസിക്കുമായിരുന്നു. കൂണുപോലെ ഇന്നലത്തെ മഴയിൽ മുളച്ചിരിക്കുകയാണിവർ, എസ്‌യുസിഐ ഒരു പാർട്ടിയാണെങ്കിൽ പാറ്റയും ഒരു പക്ഷിയാണ് എന്നിങ്ങനെ പോയി അവരുടെ പരിഹാസം. ഞാനിതെല്ലാം നിശബ്ദമായി സഹിച്ചു. പാർട്ടി കെട്ടിപ്പടുക്കാനുള്ള നിശ്ചയദാർഢ്യവുമായി മുന്നോട്ടുപോയി. വർഷങ്ങളോളം ഞങ്ങളെല്ലാം വെറും പുൽപ്പായയിൽ കിടന്നുറങ്ങി. ദിവസങ്ങളോളം ഭക്ഷണം ഇല്ലാതെ



2023 ഓഗസ്റ്റ് 5ന് കൽക്കട്ടയിലെ ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിൽ നടന്ന സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി ആചരണത്തിന്റെ സമാപന സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് ബംഗാളിയിൽ നടത്തിയ പ്രഭാഷണത്തിന്റെ മലയാളം പരിഭാഷയുടെ ഒന്നാം ഭാഗം

പ്രവർത്തിച്ചു. പക്ഷേ ഇതെല്ലാം പുറത്തുപറയാൻ ഞങ്ങൾക്ക് നാണക്കേടായിരുന്നു. പാർട്ടിക്കുവേണ്ട വിഭവങ്ങൾ സമാഹരിക്കാൻ കഴിയാത്തത് ഞങ്ങളുടെ കഴിവുകേടായിട്ടാണ് ഞങ്ങൾ കണ്ടത്. അതേക്കുറിച്ച് അഭിമാനിക്കാൻ എന്താണ് ഉള്ളത്? അതെങ്ങനെയാണ് ഒരു ത്യാഗം ആവുന്നത്? വിപ്ലവജീവിതത്തിലെ ഇല്ലായ്മകളും വല്ലായ്മകളും വളരെ വേദനാജനകമെന്ന് പുറത്തുനിന്ന് നോക്കുമ്പോൾ തോന്നും. എന്നാൽ ആ ജീവിതത്തിൽ വിപ്ലവകാരികൾ അനുഭവിക്കുന്ന ശാന്തിയും സന്തോഷവും അതിനു പുറത്ത് സുരക്ഷിത ജീവിതം നയിക്കുന്നവർക്ക് വിഭാവനം ചെയ്യാൻപോലും സാധിക്കില്ല. ഒരു വിപ്ലവകാരിയെ സംബന്ധിച്ചിടത്തോളം വിപ്ലവത്തെക്കാൾ വിലയേറിയ യാതൊന്നുമില്ല. വിപ്ലവ ജീവിതത്തേക്കാൾ ഉദാത്തമായി ഒരു ജീവിതവും ഇല്ല. ഞാൻ പട്ടിണി കിടന്നു മരിച്ചേക്കാം. അത് ആരും അറിഞ്ഞില്ലെന്ന് വന്നേക്കാം. പക്ഷേ ഇതൊന്നും പാഴാവാൻ പോകുന്നില്ല. പട്ടിണി കിടന്നു മരിക്കുമ്പോൾ ശരിയായ വിപ്ലവ സിദ്ധാന്തമോ വിപ്ലവ പാർട്ടിയോ ഇല്ലാതെ ഇവിടെ ഒരു മാറ്റവും വരില്ല എന്ന സന്ദേശം ബാക്കിവെച്ചാണ് ഞങ്ങൾ മരിക്കുക. അതൊരിക്കൽ പതിനായിരക്കണക്കിന് മനുഷ്യരിലേക്ക് എത്തിച്ചേരും. ഒരു മരണവും വെറുതെയാവാൻ പോകുന്നില്ല."

തങ്ങൾ ഏറ്റെടുത്തിരിക്കുന്ന സമരം പരാജയപ്പെടില്ലെന്ന് സഖാവ് ശിബ്ദാസ് ഘോഷിന് അത്രമേൽ ബോധ്യമുണ്ടായിരുന്നു. ഇന്ന് ഇവിടെ കൂടിയിരിക്കുന്ന ഈ മഹാമനുഷ്യസാഗരം കാണിക്കുന്നത് ആ സമരം വെറുതെയായില്ല എന്നുതന്നെയാണ്. ഇന്ന് രാജ്യമെമ്പാടും വ്യാപിച്ചിരിക്കുന്ന നമ്മുടെ പാർട്ടിയുടെ ചെറിയൊരു ഭാഗം മാത്രമാണ് ഇവിടെ എത്തിച്ചേർന്നിരിക്കുന്നത്. രാജ്യത്തിന്റെ 26 സംസ്ഥാനങ്ങളിൽ നിന്നും പ്രവർത്തകരും അനുഭാവികളും ഇവിടെ വന്നിരിക്കുന്നു. നമ്മുടെ മുഴുവൻ അംഗങ്ങളെയും ഇന്നിവിടെ എത്തിക്കാൻ വേണ്ട യാത്രാ സൗകര്യങ്ങളൊരുക്കാനുള്ള സാമ്പത്തികശേഷി നമുക്കില്ല. സഖാവ് ശിബ്ദാസ് ഘോഷ് ഇന്നും നമ്മുടെ ഹൃദയങ്ങളിൽ ജീവിക്കുന്നു. അദ്ദേഹം കാണിച്ചുതന്ന പാതയിലൂടെയാണ് നാം മുന്നേറിക്കൊണ്ടിരിക്കുന്നത്. ഇന്ന് നമുക്ക് എംഎൽഎമാരും എംപിമാരും ഇല്ല. അധികാരത്തിന്റെ പിൻബലമോ മാധ്യമങ്ങളുടെ പിന്തുണയോ നമുക്കില്ല. മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തകൾ മാത്രമാണ് നമ്മുടെ കൈമുതൽ. മാർക്സിസം-ലെനിനിസത്തെ കൂടുതൽ സമ്പുഷ്ടമാക്കി അദ്ദേഹം നമ്മെ ഏൽപ്പിച്ചിരിക്കുന്നു.

ഒരിടത്തരം കുടുംബത്തിലെ മൂത്ത മകനായിരുന്ന സഖാവ് ശിബ്ദാസ് ഘോഷ്. വളരെ ചെറിയ പ്രായത്തിൽ വിപ്ലവ ആശയങ്ങളാൽ പ്രചോദിതനായി സ്വാതന്ത്ര്യ സമരത്തിൽ അണിചേരുകയായിരുന്നു അദ്ദേഹം. അക്കാലത്ത് മകൻ തങ്ങളെ ഉപേക്ഷിച്ച് പോയാൽ തങ്ങൾക്ക് ആരാണ് തുണ എന്ന് അദ്ദേഹത്തിന്റെ മാതാപിതാക്കൾ അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി. എന്നാൽ നിരാലംബരായ ലക്ഷക്കണക്കിന് മാതാപിതാക്കൾ ഈ നാടിന്റെ തെരുവുകളിൽ കരയുകയാണെന്ന് സഖാവ് ഘോഷ് അവരോട് പറഞ്ഞു. അവരുടെയെല്ലാം കണ്ണുനീർ താൻ കാണുന്നു. അതും തുടക്കേണ്ട കടമ എന്റേതാണ്. "വിപ്ലവ രാഷ്ട്രീയം ഉദാത്തമായ വികാരങ്ങൾ ഉൾക്കൊള്ളുന്നതാണെ"ന്ന് പിന്നീട് അദ്ദേഹം നമ്മെ പഠിപ്പിക്കുകയുണ്ടായി. ചരിത്രത്തിലെ യുഗപുരുഷന്മാരുടെയെല്ലാം പറയാതെ പോയ സന്ദേശമാണത്. ക്രിസ്തുവിന്റെ, ബുദ്ധന്റെ, നബിയുടെ, നവോത്ഥാന നായകരുടെ, നമ്മുടെ സ്വാതന്ത്ര്യസമര സേനാനികളുടെ എല്ലാം സന്ദേശമാണത്- സഖാവിന്റെ വാക്കുകളിലൂടെ പ്രകാശിതമായിരിക്കുന്നത്. ഉയർന്ന വികാരവായ്പ്പോടെ വിപ്ലവ ജീവിതത്തെ കാണാൻ അദ്ദേഹം നമ്മെ പഠിപ്പിച്ചു.

## എന്തുകൊണ്ട് മാർക്സിസം?

ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കാൻ വേണ്ടി മാത്രമല്ല അദ്ദേഹം സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തത്. നമ്മുടെ നാട്ടിലെ അടിച്ചമർത്തപ്പെട്ട പാവങ്ങളെ എല്ലാത്തരം ചൂഷണങ്ങളിൽനിന്നും മോചിപ്പിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. അതിനുള്ള ശരിയായ പാത ഏത് എന്ന അന്വേഷണത്തിലായിരുന്നു അക്കാലത്ത് അദ്ദേഹം. ഒരു സത്യാന്വേഷി. പാവങ്ങളുടെ മോചനത്തിന് മതങ്ങൾ സഹായിക്കുമോ? ലോകം നിയന്ത്രിക്കുന്ന ഒരു ശക്തിയുണ്ടെന്നതാണ് മതചിന്തയുടെ കാതൽ. പാവങ്ങളെയും പണക്കാരെയും സൃഷ്ടിച്ചത് ആ ശക്തി - ദൈവം - ആണ്. നല്ലതും ചീത്തയുമായ എല്ലാ കാര്യങ്ങളും ദൈവത്തിന്റെ ഹിതമനുസരിച്ചാണ് നടക്കുന്നത്. ഈ വിശ്വാസ പ്രകാരം പാവങ്ങൾ അനുഭവിക്കുന്ന ദുരിതത്തിന്റെ കാരണം മുൻജന്മ കർമ്മങ്ങളാണ്. ഇത്തരമൊരു തത്വചിന്തയാൽ പാവങ്ങളെ മോചിപ്പിക്കാൻ ആവില്ല എന്ന് സഖാവ് ഘോഷ് തിരിച്ചറിഞ്ഞു. തൊഴിലില്ലായ്മ, പിരിച്ചുവിടൽ, എല്ലാവർക്കും വിദ്യാഭ്യാസം ലഭ്യമാക്കുക, വനിതകളുടെ അന്തസ്സ് സംരക്ഷിക്കുക, എല്ലാവർക്കും ചികിത്സ ഉറപ്പാക്കുക തുടങ്ങിയ ആധുനിക ജീവിതത്തിന്റെ സമസ്യകൾക്കൊന്നും മതത്തിൽ പരിഹാരമില്ല.

ഇത്തരം പ്രശ്നങ്ങൾക്കുള്ള ഉത്തരം മഹാന്മാരുടെ ജീവിതത്തിൽനിന്ന് ലഭിക്കുമോ? ഏതെങ്കിലുമൊരു ഗുരുവിന്റെ പാതപിന്തുടർന്ന് മോചനമാർഗം കണ്ടെത്താൻ സാധിക്കുമോ? അവിടെയും വിവിധ മഹാത്മാക്കൾക്ക് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ആണെന്ന് കാണാം. ഇന്ത്യൻ നവോത്ഥാനത്തിന്റെ അഗ്രഗാമിയായിരുന്ന വിദ്യാസാഗർ പറഞ്ഞത് വേദങ്ങളിലോ വേദാന്തങ്ങളിലോ സത്യത്തിന്റെ കണികപോലും ഇല്ലെന്നാണ്. മറിച്ച് സത്യാന്വേഷണത്തിന് നാം അവലംബിക്കേണ്ടത് ശാസ്ത്രത്തെയും ഭൗതികവാദത്തെയുമാണ്. വിദ്യാസാഗർ ദൈവത്തിൽ വിശ്വസിച്ചിരുന്നില്ല എന്നാൽ മഹാത്മാവായ സ്വാമി വിവേകാനന്ദൻ വേദങ്ങളെ വാനോളം പുകഴ്ത്തി. അതേ വിവേകാനന്ദൻതന്നെ വിദ്യാസാഗറിനെ അളവറ്റ് ബഹുമാനിക്കുകയും മഹാത്മാവ് എന്ന് ആദരിക്കുകയും ചെയ്തിട്ടുണ്ട്. നമ്മൾ ഇവരിൽ ആരെ സ്വീകരിക്കും, വിദ്യാസാഗറിനെയോ വിവേകാനന്ദനെയോ ?

ശാസ്ത്രീയ മാർഗ്ഗത്തിലൂടെ മാത്രമേ സത്യം കണ്ടെത്താൻ സാധിക്കുകയുള്ളൂ എന്ന് സഖാവ് ഘോഷ് തിരിച്ചറിഞ്ഞു. ശാസ്ത്രത്തിന്റെ സത്യം പരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെടുന്നതാണ്. എന്താണ് വെള്ളം? ലോകത്തെമ്പാടും അതിന് ഒരു ഉത്തരമാണ് ശാസ്ത്രം നൽകുന്നത്. എന്താണ് വൈദ്യുതി? അതിനും ഒരു ഉത്തരമേയുള്ളൂ. പരീക്ഷണ-നിരീക്ഷണങ്ങളിലൂടെ പരിശോധിച്ച് ശരിയെന്നുറപ്പുവരുത്തുന്നൊരു ഉത്തരം. ഇങ്ങനെ ശാസ്ത്രത്തിന്റെ രീതി ഉപയോഗിച്ച് രൂപപ്പെടുത്തിയ ഒരേയൊരു തത്വചിന്ത മാർക്സിസം ആണ്. ഒരു ശാസ്ത്രീയ തത്വചിന്തയാണത്. അത്തരമൊരു തത്വചിന്തയ്ക്ക് മാത്രമേ സാമൂഹ്യ ജീവിതത്തിലെ കുഴപ്പിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ സാധിക്കുകയുള്ളൂ.

പദാർത്ഥലോകം നിരന്തരം മാറിക്കൊണ്ടിരിക്കുകയാണെന്ന് ശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്. സകലതും സദാ ചലനത്തിലാണ്. വസ്തു പ്രപഞ്ചത്തിന്റെ നിലനിൽപ്പിന്റെ, വികാസത്തിന്റെ അടിസ്ഥാനം ഈ നിരന്തര ചലനമാണ്. ഇതാവട്ടെ നിയതമായ നിയമങ്ങൾക്ക് അനുസരിച്ചാണുതാനും. ഓരോ വസ്തുവിന്റെയും ചലനത്തിന് അതിന്റേതായ നിയമങ്ങളുണ്ട്. വ്യത്യസ്ത ശാസ്ത്ര ശാഖകൾ പഠിക്കുന്നത് ഇങ്ങനെ വ്യത്യസ്ത മേഖലകളിലുള്ള ചലനത്തിന്റെയും വികാസത്തിന്റെയും നിയമങ്ങളും സ്വഭാവങ്ങളും ആണ്. പദാർത്ഥത്തെ എന്നപോലെ അതിന്റെ നിയമങ്ങളെയും സൃഷ്ടിക്കാനോ നശിപ്പിക്കാനോ നമുക്ക് സാധിക്കില്ല. അവയെ മനസ്സിലാക്കാനും നൂതന ആവശ്യങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കാനും സാധിക്കും. വ്യത്യസ്ത മേഖലകളെ പഠിച്ച് അവയ്ക്കിടയിലെ പരസ്പര ബന്ധത്തെ മനസ്സിലാക്കിയും ക്രോഡീകരിച്ചും ചില സാമാന്യ തത്വങ്ങളിൽ എത്തിച്ചേരാൻ സാധിക്കും.

(ശേഷം 10-ാം പേജിൽ)

# മാർക്സിസം എന്ന ശാസ്ത്രീയ തത്വചിന്തയുടെ വെളിച്ചത്തിനുമാത്രമേ തൊഴിലാളിവർഗ്ഗവിമോചനത്തിനുള്ള നേർവഴി കാണിച്ചുതരാൻ സാധിക്കൂ

## സഖാവ് പ്രൊവാഷ് ഘോഷിന്റെ പ്രസംഗം

(9–ാം പേജിൽ നിന്ന്)

അത്തരം തത്വങ്ങളാണ് മാർക്സിസത്തിന്റെ അടിസ്ഥാനം. ഈ ലോകത്തെ മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്ന ശാസ്ത്രീയമായ തത്വചിന്തയാണ് മാർക്സിസം എന്ന് പറയുന്നത് ഇതുകൊണ്ടാണ്. അങ്ങനെ ശാസ്ത്രീയമായി മനസ്സിലാക്കുന്ന സത്യത്തിന് മാത്രമേ നമുക്ക് നേർവഴി കാണിച്ചുതരാൻ സാധിക്കുകയുള്ളൂ.

### സിപിഐ ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടി ആയിരുന്നില്ല

മാർക്സിസത്തിന്റെ വെളിച്ചത്തിൽ സഖാവ് ശിബ്ദാസ് ഘോഷ് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ വിലയിരുത്തി. സ്വാതന്ത്ര്യത്തിനുവേണ്ടി അനവധിയായ ത്യാഗങ്ങൾ സഹിക്കുന്നതും രക്തസാക്ഷിത്വം പുൽകുന്നതും സാധാരണ മനുഷ്യരാണെങ്കിലും അതിന്റെ നേതൃത്വം ഇന്ത്യൻ ബൂർഷ്വാസിയുടെ പിന്തുണയോടെയുള്ള ഗാന്ധിയൻ ആശയധാരയാണ് എന്ന് അദ്ദേഹം കണ്ടു. എന്നാൽ മധ്യവർഗ്ഗ വിപ്ലവകാരികളുടെ നേതൃത്വത്തിലുള്ള ഒരു സന്ധിയില്ലാ ധാരയും അക്കാലത്ത് സ്വാതന്ത്ര്യസമരത്തിൽ സജീവമായിരുന്നു. അനുശീലൻ സമിതി, യുഗാന്തർ, ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ ആർമി, ഗദ്ദർ പാർട്ടി തുടങ്ങിയ ഒറ്റപ്പെട്ട ചെറു ഗ്രൂപ്പുകളായിട്ടായിരുന്നു അവരുടെ പ്രവർത്തനം. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഇങ്ങനെ രണ്ട് ധാരകൾ ഉണ്ടെന്ന കാര്യം 1925ൽ തന്നെ മഹാനായ സ്റ്റാലിൻ ചൂണ്ടിക്കാട്ടിയിരുന്നു. വമ്പൻ മുതലാളിമാർ ബ്രിട്ടീഷ് സാമ്രാജ്യത്വവുമായി സന്ധിയിലാണ്. സ്വന്തം സമ്പത്ത് സംരക്ഷിക്കുന്നതിനെക്കുറിച്ചാണ് അവരുടെ വേവലാതി. ബ്രിട്ടീഷുകാരെക്കാൾ അവർ ഭയപ്പെടുന്നത് തൊഴിലാളി വർഗ്ഗ വിപ്ലവത്തെ ആണ്. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകൾ ചെയ്യേണ്ടുന്നത് ഈ രണ്ട് ധാരകളിൽ പെറ്റി ബൂർഷ്വാ വിപ്ലവധാരയെ ശക്തിപ്പെടുത്തുകയും വമ്പൻ മുതലാളിമാരെ സ്വാതന്ത്ര്യസമരത്തിൽ ഒറ്റപ്പെടുത്തുകയും ആണെന്നും അക്കാലത്ത് സഖാവ് സ്റ്റാലിൻ പറഞ്ഞിരുന്നു. എന്നാൽ ഇതിന് നേർവിപരീതമായാണ് സിപിഐ പ്രവർത്തിച്ചതെന്ന് സഖാവ് ഘോഷ് കണ്ടു. മാർക്സിസ്റ്റ് ആശയങ്ങൾക്ക് വിരുദ്ധമായാണ് അവർ പ്രവർത്തിച്ചത്.

ഒരു സമയത്ത് കോൺഗ്രസിനകത്തെ വിപ്ലവ ഗ്രൂപ്പുകൾ ഒന്നടങ്കം ഗാന്ധിയൻ നേതൃത്വത്തിനെതിരെ സുഭാഷ്ചന്ദ്ര ബോസിനെ പിന്തുണച്ചു. അങ്ങനെ കോൺഗ്രസ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട സുഭാഷ്ചന്ദ്ര ബോസ് "സോവിയറ്റ് യൂണിയൻ നമ്മുടെ സുഹൃത്താണ്, ആ പേര് കേട്ടാൽതന്നെ സാമ്രാജ്യത്വത്തിന് മുട്ടിടിക്കും" എന്ന് ഹരിപുര സമ്മേളനത്തിൽ പറയുകയുണ്ടായി. തൊഴിലാളികളും കർഷകത്തൊഴിലാളികളും സ്വദേശി പ്രസ്ഥാനത്തിന്റെ ഭാഗമാവണമെന്നും ജമീന്ദാരി സമ്പ്രദായം അവസാനിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ബ്രിട്ടീഷ് ഭരണത്തിന് കീഴിലെ ഡൊമീനിയൻ പദവിക്കുവേണ്ടി നിലകൊള്ളുന്ന ഗാന്ധിയൻ നേതൃത്വത്തിന്റെ നിലപാടിന് വിരുദ്ധമായി 'പൂർണ്ണ സ്വരാജ്' ആണ് നമുക്ക് വേണ്ടതെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ഈ നിലപാടുകൾ ബ്രിട്ടീഷ് ഭരണാധികാരികളെയെന്നപോലെ ഇന്ത്യൻ മുതലാളി വർഗ്ഗത്തെയും ഗാന്ധിയൻ നേതൃത്വത്തെയും ഭയചകിതരാക്കി. അടുത്ത തിരഞ്ഞെടുപ്പിൽ അവർ നേതാജിക്കെതിരെ പട്ടാഭി സീതാരാമയ്യയെ മത്സരിപ്പിച്ചു.

എന്നാൽ ആ തവണയും നേതാജി തന്നെയാണ് വിജയിച്ചത്. ഇതേ തുടർന്ന് നേതാജിക്ക് കൂച്ചുവിലങ്ങിടാൻ മുതലാളി വർഗ്ഗം ഗാന്ധിജിയുടെ നേതൃത്വത്തിൽ ഒരു ഗൂഢപദ്ധതി തയ്യാറാക്കി. കോൺഗ്രസിനകത്ത് ഗാന്ധിയുടെ അനുമതി കൂടാതെ ഒരു തീരുമാനവും എടുക്കാൻ പാടില്ലെന്ന് ത്രിപുരി കോൺഗ്രസിൽ അവർ നിർദ്ദേശിച്ചു. എന്ന് മാത്രമല്ല, ഗാന്ധിയുടെ സമ്മതത്തോടെ മാത്രമേ കോൺഗ്രസ് പ്രവർത്തകസമിതി രൂപീകരിക്കാവൂ എന്നും ശഠിച്ചു. അന്നത്തെ സിപിഐയും കോൺഗ്രസിനകത്തെ സോഷ്യലിസ്റ്റുകളും ഈ നിർദ്ദേശങ്ങളെ പിന്തുണയ്ക്കുകയാണ് ചെയ്തത്. പ്രസിഡന്റ് എന്ന നിലയിൽ സ്വതന്ത്രമായി പ്രവർത്തിക്കാൻ നേതാജിയെ അവർ അനുവദിച്ചില്ല. ഇതേ തുടർന്ന് 1939ൽ കൽക്കട്ട സമ്മേളനത്തിൽവച്ച് നേതാജിക്ക് പദവി രാജിവെക്കേണ്ട അവസ്ഥയുണ്ടായി. അതിനുശേഷം കോൺഗ്രസ് അദ്ദേഹത്തെ സസ്പെൻഡ് ചെയ്തു, ഫലത്തിൽ പുറത്താക്കി. ആ ചരിത്രം ഒന്നും ഇന്ന് പലർക്കും അറിയില്ല.

1940ൽ റാംഘറിൽ വച്ച് നടന്ന സമാന്തര സമ്മേളനത്തിൽ സുഭാഷ്ചന്ദ്ര ബോസ്, കോൺഗ്രസിനകത്ത് ഇടത് പക്ഷക്കാരെ എല്ലാം ഒന്നിപ്പിച്ച് നിർത്തി ഒരു ഇടതുപക്ഷ കൂട്ടായ്മയുണ്ടാക്കണമെന്ന് അഭിപ്രായപ്പെടുകയും അതിൽ ചേരാൻ സിപിഐയോട് അഭ്യർത്ഥിക്കുകയും ചെയ്തു. ഒരു യഥാർത്ഥ മാർക്സിസ്റ്റ് പാർട്ടി രൂപീകരിക്കാനുള്ള മുന്നൊരുക്കമായാണ് ഈ കൂട്ടായ്മയെ നേതാജി കണ്ടത്. എന്നാൽ സിപിഐ ഈ അഭ്യർത്ഥന നിരസിച്ചു. ഇന്ത്യയിൽ കമ്മ്യൂണിസം എന്ന മഹത്തായ ആശയത്തിന് വേരോടാൻ സാധിക്കാത്തത് ഇവിടുത്തെ കമ്മ്യൂണിസ്റ്റുകൾ എന്ന് അവകാശപ്പെടുന്നവർക്ക് മറ്റുള്ളവരോടൊത്ത് പ്രവർത്തിക്കാൻ അറിയാത്തതുകൊണ്ടാണെന്നും അവർ തങ്ങളുടെ സുഹൃത്തുക്കളെ പോലും ശത്രുപാളയത്തിലേക്ക് തള്ളിവിടുകയാണെന്നും വലിയ വേദനയോടെ സുഭാഷ്ചന്ദ്ര ബോസ് പറയുകയുണ്ടായി. അങ്ങനെ കോൺഗ്രസിനകത്തെ ബൂർഷ്വാ നേതൃത്വത്തിന് പകരമായി സുഭാഷ്ചന്ദ്ര ബോസിനെ മുൻനിരയിൽ നിർത്തിക്കൊണ്ട് മറ്റൊരു നേതൃത്വത്തിന് രൂപം കൊടുക്കാനുള്ള അവസരം സിപിഐ ഉപയോഗപ്പെടുത്തിയില്ല. ഇന്ത്യൻ മുതലാളി വർഗ്ഗത്തിന് കോൺഗ്രസിനുള്ളിലെ തങ്ങളുടെ സ്വാധീനം അരക്കിട്ടുറപ്പിക്കാൻ ഈ നിലപാട് സഹായകമായി. എന്നു മാത്രവുമല്ല, സ്വാതന്ത്ര്യസമരത്തിൽ അണിചേരാൻ തൊഴിലാളികളെയോ കർഷകരെയോ അവർ സംഘടിപ്പിച്ചതുമില്ല. 1942ലെ ഓഗസ്റ്റ് പ്രക്ഷോഭം ഇന്ത്യ ഒന്നാകെ അലകൾ ഉയർത്തിയിരുന്നു. ബ്രിട്ടീഷ് ഭരണാധികാരികൾ ഭയചകിതരായി. കോൺഗ്രസിലെ ഗാന്ധിയന്മാരും ഇതിനെ ഭയന്നു. എന്നാൽ സിപിഐ ആ പ്രക്ഷോഭത്തിനെതിരായി നിലകൊണ്ടു. അന്ന് എല്ലാവരും കരുതിയത് സോവിയറ്റ് യൂണിയന്റെ നിർദ്ദേശപ്രകാരമാണ് അവരങ്ങനെ ചെയ്തതെന്നാണ്. എന്നാൽ 1952ൽ 'എന്തിനാണ് 1942ൽ നിങ്ങൾ ബ്രിട്ടീഷുകാരുടെ കൂടെ ചേർന്നത്' എന്ന് ചോദിച്ചുകൊണ്ട് സ്റ്റാലിൻ തന്നെ അവരെ കുറ്റപ്പെടുത്തി. അതാണ് സിപിഐ. ജാപ്പനീസ് സഹായത്തോടെ സുഭാഷ്ചന്ദ്ര ബോസ് ഐഎൻഎ രൂപീകരിച്ചു. 'ഒരു കഴുകനെ പിടിക്കാൻ മറ്റൊരു കഴുകനെ ഉപയോഗിക്കുക' എന്ന നിലപാടായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. സുഭാഷ്ചന്ദ്ര ബോസിനെ പോലെ ഒരു രാജ്യസ്നേഹി ജപ്പാന്റെ ഏജന്റ് ആവുമോ? ഇന്ത്യയിൽ ജപ്പാൻ ഭരണം കൊണ്ടുവരാൻ അദ്ദേഹം ശ്രമിക്കുമായിരുന്നോ? ബ്രിട്ടീഷുകാർക്കെതിരെ ജപ്പാന്റെ സഹായം സ്വീകരിക്കുകയായിരുന്നു അദ്ദേഹം. ഐഎൻഎ പടയാളികളെ ജപ്പാന്റെ ഭാഗം ചേർത്ത് സോവിയറ്റ് യൂണിയന് എതിരായി പൊരുതാൻ അദ്ദേഹം സമ്മതിച്ചില്ല. എന്നാൽ സിപിഐ അദ്ദേഹത്തെ ജപ്പാന്റെ ഏജന്റ് എന്ന് വിളിച്ച് ആക്ഷേപിച്ചു. രാജ്യത്തെ വിഭജിക്കാൻ കോൺഗ്രസും ഹിന്ദുമഹാസഭയും മുസ്ലിംലീഗും തയ്യാറെടുത്തപ്പോൾ ഹിന്ദുക്കളും മുസ്ലീങ്ങളും രണ്ട് ദേശീയതകളാണെന്ന് പറഞ്ഞുകൊണ്ട് സിപിഐ അതിനെ പിന്തുണച്ചു.

### ലെനിനിസ്റ്റ് ആശയങ്ങൾക്ക് അനുസൃതമായല്ല സിപിഐ രൂപീകരിച്ചത്

ഈ സംഭവങ്ങളെല്ലാം സഖാവ് ശിബ്ദാസ് ഘോഷ് വിശദമായി പരിശോധിച്ചു. എന്തുകൊണ്ടാണ് സിപിഐ ഇങ്ങനെ ഒന്നിന് പിറകെ ഒന്നായി തെറ്റായ നിലപാടുകൾ കൈക്കൊണ്ടത്? സിപിഐ ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി അല്ലാത്തതുകൊണ്ടാണ് ഇത് സംഭവിക്കുന്നത് എന്ന നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേർന്നത്. അതിന്റെ രൂപീകരണംതന്നെ ശരിയായ പ്രക്രിയയിലൂടെ ആയിരുന്നില്ല. ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കാൻ അദ്ദേഹം തയ്യാറെടുപ്പുകൾ തുടങ്ങി. ആ സമയത്ത് അവിഭക്ത സിപിഐ ശക്തമായ ഒരു പ്രസ്ഥാനമായിരുന്നു എന്നോർക്കണം. അവർക്ക് കമ്മ്യൂണിസ്റ്റ് ആചാര്യന്മാരായ സഖാക്കൾ സ്റ്റാലിന്റെയും മാവോയുടെയും പിന്തുണയുണ്ടായിരുന്നു. എന്നിട്ടും സിപിഐ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി അല്ല എന്ന് സഖാവ് ഘോഷ് വിലയിരുത്തിയത് എന്തുകൊണ്ടാണ്? സിപിഐ നേതാക്കൾ സത്യസന്ധരും ആത്മാർത്ഥതയുള്ളവരും ആയിരുന്നു എന്ന് സഖാവ് ഘോഷിന് അറിയാമായിരുന്നു. അവരെല്ലാം സൈദ്ധാന്തികമായി മാർക്സിസം പഠിച്ചവരുമായിരുന്നു. എന്നാൽ പാണ്ഡിത്യവും അറിവും ഒന്നല്ല. പാണ്ഡിത്യം എന്നത് കേവലം പുസ്തകപാരായണത്തിലൂടെ ഉണ്ടാകുന്നതാണ്. മാർക്സിസം അങ്ങനെ ഗ്രഹിക്കാൻ കഴിയുന്നതല്ല. മാർക്സിസം ജീവിതത്തിൽ പകർത്താനുള്ളതാണ്. അല്ലാതെ പുസ്തകം വായിച്ചുമാത്രം പഠിക്കേണ്ടതല്ല. ലോകത്തെ മാറ്റുന്നതിനു മുൻപ് നാം തന്നെ നമ്മളെ മാറ്റേണ്ടതുണ്ട് എന്നാണ് മാർക്സ് പറഞ്ഞത്. നമ്മളെല്ലാം മുതലാളിത്ത സമൂഹത്തിൽ ജനിച്ചുവളർന്നവരാണ്. പണത്തോടും സമ്പത്തിനോടുമുള്ള ആർത്തി, പ്രശസ്തിക്കും സ്ഥാനമാനങ്ങൾക്കും വേണ്ടിയുള്ള ത്വര, കുടുംബത്തെ ചൊല്ലിയുള്ള ദൗർബല്യങ്ങൾ, സ്വാർത്ഥത എന്നിവയെല്ലാം ഈ ദൂഷിച്ച മുതലാളിത്തത്തിൽ നിന്നും നമ്മുടെ രക്തത്തിൽ അലിഞ്ഞ് ചേർന്നിരിക്കുകയാണ്. ജന്മിത്ത ചിന്താധാരകളും നമ്മുടെ മനസ്സിൽ സ്വാധീനം ഉറപ്പിച്ചിട്ടുണ്ടാകും ; ഇത്തരമൊരു മാനസികാവസ്ഥയുമായി ഒരാൾക്ക് മാർക്സിസ്റ്റ് ആകാൻ സാധിക്കുകയില്ല. ബൂർഷ്വാ ചിന്തകളുടെ എല്ലാ സ്വാധീനവും ഇല്ലാതാക്കിയേ ഒരാൾക്ക് മാർക്സിസ്റ്റ് ആകാൻ സാധിക്കുകയുള്ളൂ.

### മാർക്സിസം ഇന്ത്യൻ മണ്ണിൽ മൂർത്തവത്ക്കരിച്ചത് സഖാവ് ശിബ്ദാസ് ഘോഷ്

അതുകൊണ്ടാണ് കേവലം ഒരു പ്രഖ്യാപനംകൊണ്ടോ പ്രമേയം പാസാക്കിയോ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കാൻ സാധിക്കില്ല എന്ന് സഖാവ് ലെനിൻ പറഞ്ഞത്. പ്രത്യശാസ്ത്രപരമായ ഐക്യം ആർജ്ജിക്കുന്ന ഒരു ആശയ സമരത്തിലൂടെ മാത്രമേ പാർട്ടി രൂപീകരിക്കാൻ സാധിക്കൂ. മാർക്സിസം ഒരു ആയുധമാക്കി പോരാടുന്നവർ ചിന്താപരമായി ഐക്യപ്പെടേണ്ടതുണ്ട്. എല്ലാ വിഷയങ്ങളിലുമുള്ള ഒരു ജീവിത സമരവും അവർ നടത്തേണ്ടതുണ്ട്. എന്നാൽ ഇത്തരമൊരു പ്രത്യയശാസ്ത്ര സമരത്തിലൂടെയല്ല സിപിഐ രൂപംകൊള്ളുന്നത്. കൽക്കത്ത, ബോംബെ, കാൺപൂർ, ഡൽഹി എന്നിവിടങ്ങളിൽനിന്ന് കമ്മ്യൂണിസത്തിൽ ആകൃഷ്ടരായി വന്ന ചിലർ, വിവിധ വിഷയങ്ങളെ സംയോജിപ്പിച്ചുകൊണ്ട് ഒരു സുപ്രഭാതത്തിൽ ഒരു പുതിയ പാർട്ടിക്ക് രൂപംകൊടുക്കുകയായിരുന്നു. അതാണ് സിപിഐ. മാർക്സിസ്റ്റ് സിദ്ധാന്തം എന്നത് പൊതുവായ ഒരു ദിശ നൽകുമെങ്കിലും ഓരോ രാജ്യത്തെയും സവിശേഷ സാഹചര്യം അനുസരിച്ചാണ് അത് നടപ്പിലാക്കേണ്ടത് എന്ന് ലെനിൻ പറഞ്ഞിട്ടുണ്ട്. ഇംഗ്ലണ്ടിൽ നടപ്പിലാക്കുന്നതുപോലെയല്ല ഫ്രാൻസിൽ മാർക്സിസം നടപ്പിലാക്കുക, അതുപോലെയല്ല ജർമ്മനിയിൽ.

ഈ ലെനിനിസ്റ്റ് തത്വം അനുസരിച്ച് പൊതുവായ മാർക്സിസ്റ്റ് സിദ്ധാന്തത്തെ ഇന്ത്യൻ മണ്ണിലെ സവിശേഷ സാഹചര്യങ്ങൾക്കനുസരിച്ചാണ് പ്രയോഗിക്കേണ്ടത്. ഇന്ത്യയുടെ സവിശേഷമായ സാഹചര്യങ്ങൾ-സാമ്പത്തികവും രാഷ്ട്രീയവും, വിശിഷ്യ ഇവിടുത്തെ സംസ്കാരം, ഈ നാട്ടിലെ ബൂർഷ്വാ ചിന്തയുടെയും പ്രത്യയശാസ്ത്രത്തിന്റെയും പ്രത്യേകതകൾ, ഹിന്ദു മുസ്ലീം വിഭാഗങ്ങളായുള്ള വേർതിരിവ്, സാമൂഹ്യമായ കാഴ്ചപ്പാട്, പെരുമാറ്റരീതികൾ, അഭിരുചികൾ-എല്ലാംപരിഗണിക്കേണ്ടതുണ്ട്. ഒരു രാജ്യത്തിന്റെ സവിശേഷ സാഹചര്യത്തിൽ മാർക്സിസം മൂർത്തമായി പ്രയോഗിക്കുക എന്നുപറയുന്നത് ഇതിനെയാണ്. സിപിഐ നേതാക്കൾ ഇത്തരം വശങ്ങളെക്കുറിച്ച് ചിന്തിച്ചിരുന്നില്ല. ലെനിന്റെ ഈ പാഠത്തിന് അവർ വേണ്ടത്ര പ്രാധാന്യം നൽകിയില്ല. അങ്ങനെയാണ് ലെനിൻ മാർക്സിസത്തെ റഷ്യയിൽ പ്രയോഗിക്കുന്നത്. മാവോ ചൈനയിൽ അവിടുത്തെ സവിശേഷമായ സാഹചര്യത്തിലാണ് മാർക്സിസം പ്രയോഗിക്കുന്നത്. സഖാവ് ശിബ്ദാസ് ഘോഷ് ഈ വശത്തിന് വലിയ പ്രാധാന്യം നൽകി. ഇന്ത്യയിലെ സാഹചര്യത്തിന് ഇണങ്ങുംവിധം വളരെ ക്രിയാത്മകമായി അദ്ദേഹം മാർക്സിസ്റ്റ് സിദ്ധാന്തം ഇവിടെ പ്രയോഗിച്ചു. ആ പ്രക്രിയയിൽ അദ്ദേഹം മാർക്സിസ്റ്റ് സിദ്ധാന്തത്തെ വികസിപ്പിക്കുകയും തത്വചിന്ത, രാഷ്ട്രീയം, സമ്പദ്ശാസ്ത്രം, സംസ്കാരം, കല, സാഹിത്യം എന്നിങ്ങനെ വിവിധ മേഖലകളിൽ തന്റേതായ സംഭാവനകൾ നൽകുകയും ചെയ്തു.

### സമുന്നത മാർക്സിസ്റ്റ് ദാർശനികൻ എന്ന നിലയിൽ സഖാവ് ഘോഷ് ഉയർന്നുവന്നു

രണ്ടാമതായി, പാർട്ടി രൂപീകരിക്കുന്നവർക്ക് ഇടയിൽ എല്ലാ വിഷയങ്ങളെക്കു

(ശേഷം 11–ാം പേജിൽ)

# ജനങ്ങളെ ആകർഷിക്കേണ്ടത് യുക്തിഭദ്രമായ വാദങ്ങളിലൂടെയും അന്തസ്സാർന്ന പെരുമാറ്റത്തിലൂടെയുമാണ്, കാപട്യത്തിലൂടെ അല്ല

**സഖാവ് പ്രൊവാഷ് ഘോഷിന്റെ പ്രസംഗം**

*(10–ാം പേജിൽ നിന്ന്)*

റിച്ചും മാർക്സിസം-ലെനിനിസത്തിന് അനുസൃതമായി ഉത്തരംതേടുന്ന ഒരു കൂട്ടായ ചിന്താപ്രക്രിയ, തീക്ഷ്ണമായ ഒരു പ്രത്യയശാസ്ത്ര സമരത്തിലൂടെ വളർത്തിയെടുക്കേണ്ടതുണ്ട്. അങ്ങനെ സൃഷ്ടിക്കപ്പെടുന്ന ചിന്ത ഏറ്റവും ഉയർന്ന തരത്തിൽ പ്രകാശിപ്പിക്കുന്ന ഒരാൾ ആ ചിന്തയുടെ ഏറ്റവും മികച്ച മൂർത്തരൂപം എന്ന നിലയിൽ ഒരു നേതാവായി ഉയർന്നുവരും. അങ്ങനെ ഉയർന്നുവന്നവരാണ് ലെനിൻ, സ്റ്റാലിൻ, മാവോ എന്നിവർ. സിപിഐ അത്തരമൊരു പ്രത്യയശാസ്ത്ര സമരത്തിൽ ഏർപ്പെടാത്തതുകൊണ്ടുതന്നെ അവർക്കിടയിൽനിന്ന് അങ്ങനെ ഒരു നേതൃത്വം, ഒരു ചിന്തകൻ ഉയർന്നുവന്നില്ല. നമ്മുടെ പാർട്ടിയിലെ അത്തരമൊരു സമരത്തിന്റെ ഫലമായി സഖാവ് ശിബ്ദാസ്ഘോഷ് ഒരു മാർക്സിസ്റ്റ് ചിന്തകനായി ഉയർന്നുവന്നു. ഇത് വെറുതെ ഒരു പ്രമേയം പാസ്സാക്കി ഉണ്ടാക്കുന്നതല്ല. വ്യത്യസ്ത ചിന്തകളുടെ വൈരുദ്ധ്യാത്മകമായ വിനിമയത്തിലൂടെയും സംഘർഷത്തിലൂടെയുമാണ് ഒരു ചിന്തകൻ ഉണ്ടായിവരുന്നത്. ഇങ്ങനെയാണ് പ്രത്യയശാസ്ത്ര കേന്ദ്രീയത പാർട്ടിക്കുള്ളിൽ വികസിക്കുന്നത്.

മൂന്നാമതായി, വളരെ ഉയർന്ന നിലവാരത്തിലുള്ള വിപ്ലവകാരികളുടെ ഒരു ദളം വികസിപ്പിച്ചെടുത്തു മാത്രമേ വിപ്ലവപാർട്ടി ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. സ്വകാര്യസ്വത്ത് ഉപേക്ഷിക്കുക മാത്രമല്ല, സ്വകാര്യസ്വത്തിന്റെ മനോഘടനയിൽനിന്നുതന്നെ വിമുക്തമായ-എന്റേത് എന്ന ചിന്ത തന്നെ ഇല്ലാത്ത, എന്റെ വീട്, എന്റെ താൽപര്യങ്ങൾ, എന്റെ വികാരങ്ങൾ, ഇഷ്ടാനിഷ്ടങ്ങൾ, ചിന്തകൾ, എന്റെ പേര്, എന്റെ അഭിമാനം, എന്റെ സ്നേഹം-എന്ന മനോഭാവമില്ലാത്ത ഉയർന്ന നിലവാരമുള്ള വിപ്ലവകാരികൾ. സ്വകാര്യസ്വത്ത് ഇല്ലെങ്കിൽപ്പോലും അത്തരമൊരു മനോഭാവം മുതലാളിത്തത്തിൽ വളരെ സ്വാഭാവികമാണ്. അതിൽനിന്നും മുക്തരായ, വ്യക്തിപരമായ താൽപര്യങ്ങളും തൊഴിലാളിവർഗ്ഗത്തിന്റെ, തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെ, വിപ്ലവ പാർട്ടിയുടെ താൽപര്യങ്ങളുമായി താദാത്മ്യപ്പെട്ടിരിക്കുന്ന ഏറ്റവും ഉയർന്ന നിലവാരത്തിലുള്ള വിപ്ലവകാരികളാണ് പാർട്ടിയുടെ നേതാക്കൾ. അത്തരമൊരു സംഘം വിപ്ലവകാരികളെ ഒരു പ്രത്യയശാസ്ത്ര സമരത്തിലൂടെ രൂപപ്പെടുത്തിയെടുക്കാതെ പാർട്ടി ഉണ്ടാക്കാനാവില്ല. ഈ ഒരുക്കങ്ങളെല്ലാം പൂർത്തിയായതിനുശേഷമാണ് സഖാവ് ശിബ്ദാസ് ഘോഷ് എസ്‌യുസിഐ(സി) രൂപീകരിക്കുന്നത്.

അതേസമയം സിപിഐ നേതാക്കളുടെ രാഷ്ട്രീയ ജീവിതവും വ്യക്തി ജീവിതവും രണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ് സംസ്കാരത്തെക്കുറിച്ചോ കമ്മ്യൂണിസ്റ്റ് സിദ്ധാന്തം വ്യക്തി ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനെക്കുറിച്ചോ അവർ ആലോചിച്ചതേ ഇല്ല. പിന്നീട് വന്ന സിപിഐ(എം)ഉം ഇങ്ങനെതന്നെയാണ് ചെയ്തത്. അതുകൊണ്ടുതന്നെ ഇവർക്ക് കമ്മ്യൂണിസ്റ്റ് പാർട്ടികളായി മാറാൻ കഴിഞ്ഞില്ല. കേഡർമാരും കമ്മ്യൂണിസത്തോട് ആകർഷണവും ഇടതുപക്ഷീയതയും ആത്മാർത്ഥമായ കഠിനാദ്ധ്വാനവും വലിയ പ്രക്ഷോഭങ്ങളും മാത്രം പോര കമ്മ്യൂണിസ്റ്റ് പാർട്ടി ഉണ്ടാക്കാൻ. നാം ചൂണ്ടിക്കാണിച്ച മുന്നൊരുക്കങ്ങളും പ്രത്യയശാസ്ത്ര കേന്ദ്രീയതയും ഉണ്ടായിരിക്കണം.

ഇന്നത്തെജീർണിച്ചമുതലാളിത്തത്തിന്റെ കാലത്ത് വ്യക്തിവാദം ഏറ്റവും ദുഷിച്ച വ്യക്തി കേന്ദ്രീയതയിലേയ്ക്ക് തരംതാണിരിക്കുകയാണ്. ഈ അവസ്ഥ മറികടക്കാൻ പാർട്ടി രൂപീകരണത്തെക്കുറിച്ചുള്ള ലെനിനിസ്റ്റ് സിദ്ധാന്തത്തെ കൂടുതൽ വികസിപ്പിച്ച് അതിന്റെ അടിസ്ഥാനത്തിലാണ് സഖാവ് ശിബ്ദാസ്ഘോഷ് നമ്മുടെ പാർട്ടി സ്ഥാപിച്ചിരിക്കുന്നത്. എന്നാൽ ഇത്തരമൊരു മുന്നൊരുക്കം സിപിഐയോ അതിൽനിന്ന് വിഘടിച്ചുപോയ മറ്റുപാർട്ടികളോ നടത്തിയിട്ടില്ല. അതിനാൽത്തന്നെ അവയൊന്നുംകമ്മ്യൂണിസ്റ്റ് പാർട്ടികൾ ആയില്ല. പെറ്റിബൂർഷ്വാ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികളാകാനേ അവയ്ക്ക് കഴിഞ്ഞുള്ളൂ.

### ഇന്ത്യൻ വിപ്ലത്തിന്റെ ശരിയായ തന്ത്രമാവിഷ്ക്കരിച്ചത് സഖാവ് ശിബ്ദാസ് ഘോഷ് ആണ്

1947ൽ അധികാര കൈമാറ്റം നടന്നപ്പോൾ ഇന്ത്യയിലെ ദേശീയ മുതലാളിത്തം അധികാരത്തിൽ വന്നതായും രാഷ്ട്രീയ സ്വാതന്ത്ര്യംനേടിയതായുംസഖാവ്ഘോഷ് മനസ്സിലാക്കി. ഇവിടെയും അദ്ദേഹത്തിന് സിപിഐയോട് വിയോജിപ്പാണ്. 1947ൽ ഇന്ത്യയ്ക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം കിട്ടിയ കാര്യം സിപിഐ അംഗീകരിച്ചില്ല. അതു മുന്നോട്ടുള്ള ഒരു ചുവടുവയ്പാണ് എന്നുമാത്രമാണ് അവർ പറഞ്ഞത്. എന്നുമാത്രമല്ല, നെഹ്റു പുരോഗമനകാരിയാണെന്നും സർദാർ പട്ടേൽ പിന്തിരിപ്പനാണെന്നും അവർ കരുതി. അതുകൊണ്ട് അവർ നെഹ്റുവിനെ പിന്തുണച്ചു. ഇവിടെ സിപിഐയുടെയോ സിപിഐ(എം)ന്റെയോ പ്രവർത്തകരുണ്ടെങ്കിൽ അവർ 1964വരെയുള്ള പാർട്ടി രേഖകൾ പരിശോധിച്ചുനോക്കണം. ഇന്ത്യ രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയ കാര്യം അവരുടെ നേതാക്കൾ അംഗീകരിച്ചിരുന്നില്ല എന്നു കാണാം. എന്നാൽ ഇന്ത്യയിൽ ബൂർഷ്വാസി അധികാരത്തിൽവന്നെന്നുമാത്രമല്ല, അവർ കുത്തകമുതലാളിമാരായി കഴിഞ്ഞതായും സഖാവ് ഘോഷ് വിലയിരുത്തി. ലെനിൻ പറഞ്ഞതുപോലെ, മുതലാളിത്തത്തിന്റെ ഏറ്റവും ഉയർന്ന ഘട്ടം, ഇന്ത്യൻമുതലാളിത്തംആകുത്തകഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുന്നു. ഇന്ന് ഇന്ത്യൻ മുതലാളിത്തം ബഹുരാഷ്ട്ര കമ്പനികൾക്ക് രൂപം നൽകിയിരിക്കുന്നു, സാമ്രാജ്യത്വ സ്വഭാവം ആർജ്ജിച്ചിരിക്കുന്നു. ഇന്ത്യയിലെ കുത്തകമുതലാളിമാർ വിദേശ രാജ്യങ്ങളിലും അവിടുത്തെ ഖനികളിലുമായി 16,50,350കോടി രൂപയാണ് നിക്ഷേപിച്ചിട്ടുള്ളത്.

ഇന്ത്യയിൽ മുതലാളിത്തം രാഷ്ട്രീയ അധികാരം നേടിയതോടെ ഇവിടുത്തെ വിപ്ലവം മുതലാളിത്തത്തിനെതിരായ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഘട്ടത്തിൽ എത്തിച്ചേർന്നതായി സഖാവ് ഘോഷ് നിർണയിച്ചു. എന്നാൽ സിപിഐ(എം) നേതാക്കൾ കരുതുന്നത് ഇന്ത്യ ഇപ്പോഴും ജന്മിത്തത്തിനെതിരായ ജനാധിപത്യ വിപ്ലവത്തിന്റെ ഘട്ടത്തിലാണെന്നും ആ വിപ്ലവത്തിന്റെ സഖ്യശക്തിയാണ് ദേശീയ ബൂർഷ്വാസി എന്നുമാണ്. പഴയ ജനാധിപത്യ വിപ്ലവത്തിന്റെ സിദ്ധാന്തംതന്നെ വീണ്ടും ചവച്ചുകൊണ്ടിരിക്കുകയാണ് അവർ. അതുകൊണ്ടാണ് അവർ ബിജെപിയുടെ വർഗ്ഗീയതയ്ക്കെതിരെ എന്നുപറഞ്ഞ് കോൺഗ്രസിനോടും കോൺഗ്രസിന്റെ ജനാധിപത്യ വിരുദ്ധ പ്രവണതകൾക്കെതിരെ ബിജെപിയോടും കൂട്ടുകൂടുന്നത്. അക്കാലത്തെ അവിഭക്ത സിപിഐയുടെയും പിന്നീട് സിപിഐ(എം)ന്റെയും നിലപാടുകളാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. എന്തുകൊണ്ട് സഖാവ് ശിബ്ദാസ് ഘോഷ് എസ്‌യുസിഐ രൂപീകരിച്ചുവെന്ന് വ്യക്തമാക്കാനാണ് ഇത്രയും പറഞ്ഞത്.

സഖാവ് ശിബ്ദാസ് ഘോഷ് വലിയ ഊന്നൽ നൽകിയ മറ്റൊരു പ്രധാന വിഷയം സംസ്കാരത്തിന്റേതാണ്, "ഏതൊരു പ്രത്യയശാസ്ത്രത്തിന്റെയും തത്വചിന്തയുടെയും സത്ത കുടികൊള്ളുന്നത് അതിന്റെ ധാർമ്മിക-സദാചാര മൂല്യങ്ങളിലാണ്." എന്ന് അദ്ദേഹം പറഞ്ഞു. ഒരു രാഷ്ട്രീയ തത്വചിന്തയ്ക്കോ പ്രസ്ഥാനത്തിനോ, അനുയായികളുടെ ധാർമ്മിക ബോധമോ, സാംസ്കാരിക നിലവാരമോ ഉയർത്താൻ സാധിക്കുന്നില്ലെങ്കിൽ അത്തരം രാഷ്ട്രീയം ഉപയോഗശൂന്യമെന്നു മാത്രമല്ല, ദോഷകരവുമാണ്. ഒരു ജീർണിച്ച ശവശരീരം അതിനോട് നമുക്ക് എത്ര വൈകാരികമായ അടുപ്പമുണ്ടെങ്കിലും, നാം അത് ഉപേക്ഷിച്ചേ മതിയാകൂ. അല്ലെങ്കിൽ അത് ചീഞ്ഞുനാറി ആളുകൾക്കും സമൂഹത്തിനും ഉപദ്രവമാകും. അതുപോലെതന്നെയാണ് ഉയർന്ന ധാർമ്മിക സദാചാര ബോധ്യങ്ങളില്ലാത്ത രാഷ്ട്രീയവും. ജീവൻ നഷ്ടപ്പെട്ട രാഷ്ട്രീയമാണത്. അതിനെ ഉപേക്ഷിച്ചേ മതിയാകൂ. ഇത് സഖാവ് ശിബ്ദാസ് ഘോഷിന്റെ വളരെ പ്രധാനപ്പെട്ട ഒരു പാഠമാണ്.

പാർട്ടിക്ക് പുറത്തുള്ള ഒട്ടനവധി സാധാരണക്കാർ ഇന്ന് ഇവിടെ വന്നിട്ടുണ്ട്. നമ്മുടെ പാർട്ടി സഖാക്കളോട് മതിപ്പുള്ളവരാണ് അവർ. നമ്മുടെ പാർട്ടി വളരെ വ്യത്യസ്തമാണെന്ന് അവരിൽ പലരും പറയാറുണ്ട്. എവിടെയാണ് ആ വ്യത്യാസം. ശരിയാണ്, ഞങ്ങൾ തെരഞ്ഞെടുപ്പ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു പാർട്ടിയല്ല. ഞങ്ങൾ ഒരു വിപ്ലവപാർട്ടിയാണ്. വോട്ടുനേടാൻ വേണ്ടി തരംതാണ അവസരവാദ രാഷ്ട്രീയം നമ്മൾ കളിക്കാറില്ല. വലിയ പാർട്ടികളെ പുകഴ്ത്താറില്ല. സഖാവ് ശിബ്ദാസ്ഘോഷിന്റെ പാഠങ്ങളുടെ വെളിച്ചത്തിൽ വിപ്ലവപ്രത്യയശാസ്ത്രം നമ്മുടെ പാർട്ടിയിൽ മുകളിൽനിന്നും താഴേ അറ്റംവരെ ജീവസ്സുറ്റ നിലയിൽ പ്രായോഗികമാക്കുന്നുണ്ട്. മറ്റൊരു കാര്യം, സഖാവ് ഘോഷ് പഠിപ്പിച്ചതുപോലെ ധാർമ്മിക-സദാചാര മൂല്യങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ നമ്മൾ സദാ ശ്രമിക്കുന്നു എന്നതാണ്. നമ്മുടെ പ്രവർത്തകർ ഈ സമൂഹത്തിന്റെ മക്കളാണ്. ഈ സമൂഹത്തിലെ മറ്റ് അംഗങ്ങളിൽ നിന്നും അവർ വ്യത്യസ്തരായിരിക്കുന്നത് എന്തുകൊണ്ടാണ്.

സഖാവ് ശിബ്ദാസ്ഘോഷിന്റെ പാഠങ്ങൾ ജീവിതത്തിൽ സ്വാംശീകരിച്ചതുകൊണ്ടാണ്. വലിയ വ്യസനത്തോടെ സഖാവ് ഘോഷ് ഒരിക്കൽ പറയുകയുണ്ടായി: "നമ്മൾ ഇന്ന് വേരുകൾ അറ്റവരായിരിക്കുന്നു. സ്വാതന്ത്ര്യസമരകാലത്ത് ഉയർത്തിപ്പിടിച്ചിരുന്ന ഉയർന്ന നിലവാരവുമായുള്ള പൊക്കിൾക്കൊടിബന്ധം നമുക്ക് നഷ്ടമായിരിക്കുന്നു...പുറംലോകത്തു നിന്നും പ്രൗഢമായ പദാവലികൾ എടുത്ത് ഉപയോഗിക്കാറുണ്ടെങ്കിലും, നമ്മുടെതന്നെ മണ്ണിൽ ഉയർന്നുവന്ന ഉയർന്ന സാംസ്കാരിക ക്ഷമത നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. രാഷ്ട്രീയ-സാഹിത്യ-സാംസ്കാരിക മേഖലയിൽ ഒരുകാലത്ത് നമ്മൾ ആർജ്ജിച്ചിരുന്ന ഉയർന്ന ധാർമ്മിക-സദാചാര-സാംസ്കാരിക മൂല്യങ്ങളും സൗന്ദര്യബോധവും നമുക്ക് നഷ്ടമായിരിക്കുന്നു. അങ്ങനെ നമ്മുടെ വേരുകൾ അറ്റുപോയി. ഇന്ന് വലിയ വാചാടോപം ഉണ്ട്, പക്ഷെ ഉദാത്തമായ വിചാരങ്ങളും മൃദുലവികാരങ്ങളും നാം വളർത്തിയെടുക്കുന്നില്ല."

ഉയർന്ന സ്വഭാവവിശേഷങ്ങൾ ആർജ്ജിക്കാനുള്ള ജീവസ്സുറ്റ ഒരു സമരം നമ്മുടെ പാർട്ടിയിൽ നടക്കുന്നുണ്ട്. നമ്മുടെ പാർട്ടി വ്യത്യസ്തമാണെന്ന് പറയുന്നവരോട് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് രണ്ട് സംഗതികളാണ്. ഒന്ന്, സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളുടെ അടിസ്ഥാനത്തിൽ നിരന്തരം പഠിക്കാനും വിപ്ലവ രാഷ്ട്രീയം അനുവർത്തിക്കാനും നമ്മുടെ സഖാക്കൾ സദാ ശ്രമിച്ചുകൊണ്ടിരിക്കുന്നു. രണ്ട്, ഇന്ന് ഉയർന്ന സ്വഭാവവിശേഷങ്ങൾ ആർജ്ജിക്കാനും അവർ നിരന്തരം ശ്രമിക്കുന്നു. ജനങ്ങളെ ആകർഷിക്കേണ്ടത് ഭീഷണിപ്പെടുത്തിയോ ബലപ്രയോഗത്തിലൂടെയോ കാപട്യത്തിലൂടെയോ അല്ല, മറിച്ച് അന്തസ്സാർന്ന പെരുമാറ്റത്തിലൂടെയും സ്വഭാവത്തിലൂടെയും യുക്തിഭദ്രമായ വാദങ്ങളിലൂടെയുമാണെന്ന് സഖാവ് ഘോഷ് നമ്മെ പഠിപ്പിച്ചിട്ടുണ്ട്. മഹാന്മാരുടെയും നവോത്ഥാന നായകരുടെയും സ്വാതന്ത്ര്യസമര സേനാനികളുടെയും ജീവിതവും സമരവും മാതൃകയാക്കാൻ സഖാവ് ഘോഷ് നമ്മോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവരുടെ സ്വഭാവസവിശേഷതകൾ ആധുനിക കാലത്തിന് അനുസൃതമായി, പുതിയ സാഹചര്യങ്ങൾക്ക് ചേർന്ന രീതിയിൽ വികസിപ്പിച്ച് ഉയർന്ന കമ്മ്യൂണിസ്റ്റ് സംസ്കാരമായി പരിവർത്തനപ്പെടുത്തേണ്ടതുണ്ട്. ഈ സമരമാണ് നമ്മുടെ പാർട്ടി പ്രവർത്തകരെ വ്യത്യസ്തരാക്കുന്നത്.

### വോട്ടുരാഷ്ട്രീയമല്ല വേണ്ടത്, വർഗ്ഗ–ബഹുജന പ്രക്ഷോഭങ്ങളാണ്

നമ്മളും തെരഞ്ഞെടുപ്പിൽ മത്സരിക്കാറുണ്ട്. തെരഞ്ഞെടുപ്പിൽ ജനങ്ങൾ വിശ്വസിക്കുന്നിടത്തോളംകാലം നമ്മുടെ രാഷ്ട്രീയ സന്ദേശം അവരിൽ എത്തിക്കാൻ നമ്മളും മത്സരിക്കേണ്ടതുണ്ട്. എന്നാൽ ഏതുവിധേനയും ജയിക്കുകയല്ല നമ്മുടെ ലക്ഷ്യം. മതത്തിന്റെയും ജാതിയുടെയും അടിസ്ഥാനത്തിൽ വോട്ടുബാങ്കുകൾ ഉണ്ടാക്കുക നമ്മുടെ രീതിയല്ല. നമ്മളെ സംബന്ധിച്ചിടത്തോളം ആളുകൾ ചൂഷകരെന്നും ചൂഷിതരെന്നും രണ്ട് വിഭാഗങ്ങളാണ്. അല്ലാതെ, മുസ്ലീമോ, ഹിന്ദുവോ, മേൽജാതിക്കാരനോ, കീഴ്ജാതിക്കാരനോ അല്ല. നമ്മൾ ചൂഷിതരുടെ പക്ഷത്തുനിന്ന് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നു. ചൂഷിതജനതയെ വിഭാഗീയതയ്ക്ക് അതീതമായി സംഘടിപ്പിച്ച് തെരഞ്ഞെടുപ്പിൽ ജയിക്കാൻ സാധിച്ചാൽ നല്ലത്. എന്നാൽ ജയിക്കുന്നില്ലെന്ന് കരുതി ഈ തത്വം നമ്മൾ ഒരിക്കലും ഉപേക്ഷിക്കില്ല. ജനങ്ങളുടെ ഉയർന്ന സാംസ്കാരിക ബോധത്തിന്റെ അടിസ്ഥാനത്തിലുള്ള വർഗ്ഗ ബഹുജന മുന്നേറ്റങ്ങളിലൂടെ വിപ്ലവത്തിന് അനുകൂലമായ നിലമൊരുക്കുക എന്നതാണ് നമ്മുടെ കടമ. അതുമായി നാം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കും.

*(അടുത്ത ലക്കത്തിൽ തുടരും)*

REGISTERED.
R.N. 24773/1992
UNITY Malayalam Monthly
2023 October
Price: Rs. 10.00

## ദേശീയ വിദ്യാഭ്യാസ നയം 2020 പിൻവലിക്കുക: രാജ്ഭവൻ മാർച്ച്

# വഞ്ചനാപരമായ ദേശീയ വിദ്യാഭ്യാസ നയം പൂർണമായും തള്ളിക്കളയുക – പ്രൊഫ. സച്ചിദാനന്ദ സിൻഹ

ദേശീയ വിദ്യാഭ്യാസ നയത്തിന് എതിരായ പ്രക്ഷോഭത്തിന് പുതിയ മാനം കൈവന്ന ദിനമായിരുന്നു സെപ്റ്റംബർ 26. സേവ് എഡ്യൂക്കേഷൻ കമ്മിറ്റിയുടെ ആഹ്വാനം ഏറ്റെടുത്തുകൊണ്ട് അധ്യാപക സംഘടനകളും വിദ്യാർത്ഥി സംഘടനകളും സാംസ്കാരിക വ്യക്തിത്വങ്ങളും ഒന്നിച്ചണിനിരന്ന രാജ്ഭവൻ മാർച്ച് അന്നായിരുന്നു നടന്നത്. ഭാഷാദ്ധ്യാപക സംഘടനകളും ഗവേഷക മേഖലയിലെ വിദ്യാർത്ഥികളും സമരത്തിന്റെ ഭാഗമായി. ഭാരത നവോത്ഥാന പ്രസ്ഥാനത്തിന്റെ അഗ്രഗാമി ഈശ്വരചന്ദ്രവിദ്യാ സാഗർ ജന്മ വാർഷികദിനത്തിലാണ് വിദ്യാഭ്യാസത്തെ രക്ഷിക്കാൻ ആവശ്യപ്പെട്ട് ബഹുജനങ്ങൾതെരുവിൽ ഇറങ്ങിയത് എന്നതും ശ്രദ്ധേയമായി.

രാജ്ഭവൻ മാർച്ച് പ്രമുഖ വിദ്യാഭ്യാസ ചിന്തകൻ പ്രൊഫ. സച്ചിദാനന്ദ സിൻഹ ഓഡിയോ സന്ദേശം വഴി ഉദ്ഘാടനം ചെയ്തു. പുതിയ ദേശീയവിദ്യാഭ്യാസ നയം വിപൽക്കരമാണെന്ന് പ്രൊഫ. സച്ചിദാനന്ദ സിൻഹ പറഞ്ഞു. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ നല്ല വശങ്ങൾ മാത്രം തെരഞ്ഞെടുത്ത് നടപ്പിലാക്കാമെന്ന സംസ്ഥാന സർക്കാരുകളുടെ വാദം വഞ്ചനാപരമാണെന്നും സിൻഹ അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസത്തെ സമ്പൂർണ്ണമായും ഇല്ലാതാക്കുന്നതിനുള്ള സമഗ്രമായ പദ്ധതിയാണ് എൻഇപി 2020. മധുരത്തിൽ പൊതിഞ്ഞ അപകടകരമായ ആശയങ്ങളാണ് എൻഇപി രേഖയിലുള്ളത്. ഈ നയം പൂർണമായും നിരാകരിക്കുകയെന്നതാണ് ഇന്നത്തെ ആവശ്യകത പ്രൊഫ. സച്ചിദാനന്ദ സിൻഹ ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു.



ആൾ ഇന്ത്യാ സേവ് എഡ്യുക്കേഷൻ കമ്മിറ്റി സംഘടിപ്പിച്ച രാജ്ഭവൻ മാർച്ചിൽ കവി കരീപ്പുഴ ശ്രീകുമാർ മുഖ്യപ്രസംഗം നടത്തുന്നു.

കവി കരീപ്പുഴ ശ്രീകുമാർ മുഖ്യപ്രസംഗം നടത്തി. ദേശീയ വിദ്യാഭ്യാസ നയത്തിനെതിരായ വികാരമാണ് കേരളത്തിനുള്ളതെന്ന് കേരള ഗവർണർ കേന്ദ്ര സർക്കാരിനെ അറിയിക്കണമെന്ന് കരീപ്പുഴ ശ്രീകുമാർ ആവശ്യപ്പെട്ടു. മിത്തും പുരാണങ്ങളും ചരിത്രവും ശാസ്ത്രവുമെന്ന പേരിൽ ഏറ്റെടുക്കാൻ കേരളം തയ്യാറല്ല. കേരളത്തിന്റെ വിദ്യാഭ്യാസ സംരക്ഷണ പോരാട്ടങ്ങളെ പ്രതിനിധീകരിച്ച് കൊണ്ട് രചിച്ച "സ്കൂൾ ബാഗ്" എന്ന കവിത അദ്ദേഹം ആലപിച്ചു.

ഡിസാസ്റ്റർ മാനേജ്മെന്റ് വിദഗ്ധ ഡോ.കെ.ജി.താര, പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ, പ്രൊഫ. വിൻസന്റ് മാളിയേക്കൽ, ഡോ.ഡി. സുരേന്ദ്രനാഥ്, സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന വൈസ് പ്രസിഡന്റ് എം.ഷാജർഖാൻ, ജി.നാരായണൻ, കെപിഎസ്ടിഎ മുൻ സംസ്ഥാന പ്രസിഡന്റ് സലാഹുദ്ദീൻ, കേരള അറബിക് മുൻഷി അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി തമീമുദ്ദീൻ, കേരള സ്കൂൾ ടീച്ചേഴ്സ് മൂവ്മെന്റ് സംസ്ഥാന ജനറൽ സെക്രട്ടറി സലാഹുദ്ദീൻ മാസ്റ്റർ, മുൻ കോളേജ് എജ്യുക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഡോ.എം. ജ്യോതിരാജ്, കെഎസ്‌യു ജില്ലാ പ്രസിഡന്റ് ഗോപു നെയ്യാർ, എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഡോ.എസ്. അലീന, കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി വൈസ് പ്രസിഡന്റ് എ.ജെയിംസ്, ഡിആർഎസ്ഒ അഖിലേന്ത്യ പ്രസിഡന്റ് അഖിൽ മുരളി, പാരലൽ കോളേജ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അശോക് കുമാർ, കേരള യുക്തിവാദി സംഘം ആലപ്പുഴ ജില്ലാ സെക്രട്ടറി എസ്. അഭിലാഷ്, എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ്, ടീച്ചേഴ്സ് യൂണിറ്റി സെന്റർ സംസ്ഥാന കൺവീനർ എം. എ. പുഷ്പ തുടങ്ങിയവർ പ്രസംഗിച്ചു. ഓൾ ഇന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന പ്രസിഡന്റ് പ്രൊഫ. ജോർജ്ജ് ജോസഫ് അധ്യക്ഷത വഹിച്ചു, സംസ്ഥാന സെക്രട്ടറി അഡ്വ.ഇ.എൻ.ശാന്തിരാജ് സ്വാഗതവും തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ സംരക്ഷണ സമിതി കൺവീനർ ഗോവിന്ദ് ശശി നന്ദിയും പറഞ്ഞു. ■

# ചെങ്ങറ ഭൂസമര നായകൻ ളാഹ ഗോപാലന്റെ 2–ാം ചരമ വാർഷികം ആചരിച്ചു

ചെങ്ങറ ഭൂസമര നായകൻ ളാഹ ഗോപാലന്റെ 2–ാം ചരമ വാർഷിക ദിനത്തിൽ അനുസ്മരണ സമ്മേളനം നടത്തി. സമരഭൂമിയിലെ അംബേദ്കർമാതൃകാ ഗ്രാമത്തിൽ നടത്തിയ സമ്മേളനം മുൻ എംഎൽഎ ജോസഫ് എം.പുതുശ്ശേരി ഉദ്ഘാടനം ചെയ്തു. ഭൂരഹിതരായ ജനതയ്ക്കായി പോരാട്ടത്തിന്റെ ജ്വാലയേന്തിയ മഹാനാണ് ളാഹ ഗോപാലൻ എന്ന് അദ്ദേഹം പറഞ്ഞു. ധീരോദാത്തമായ പ്രക്ഷോഭങ്ങൾ നേടിത്തന്ന അവകാശങ്ങളാണ് ഇന്ന് നാം അനുഭവിക്കുന്നത്. അടിച്ചമർത്തിയും ഫീസ് ഈടാക്കിയും പ്രതിഷേധ ശബ്ദങ്ങളെ നിശബ്ദമാക്കാനുള്ള ശ്രമം ഭരണാധികാരികൾ നടത്തുകയാണ്. ഇതിനെതിരെ അയ്യൻകാളിയുടെയും ളാഹ ഗോപാലന്റെയും പാത പിന്തുടർന്ന് കൂടുതൽ ശക്തമായ പോരാട്ടവുമായി മുന്നോട്ട് പോകണം എന്ന് അദ്ദേഹം പറഞ്ഞു.




എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം മിനി കെ.ഫിലിപ്പ് ളാഹ ഗോപാലൻ അനുസ്മരണ സമ്മേളനത്തിൽ പ്രസംഗിക്കുന്നു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം മിനി കെ.ഫിലിപ്പ് മുഖ്യപ്രഭാഷണം നടത്തി. സാധുജന വിമോചന സംയുക്ത വേദി സംസ്ഥാന പ്രസിഡന്റ് കെ.എസ്.ഗോപി അദ്ധ്യക്ഷത വഹിച്ചു. സാമൂഹ്യ പ്രവർത്തകനായ ഡോ.കെ.ടി.റജികുമാർ, കെ റെയിൽ വിരുദ്ധ സമിതി കോട്ടയം ജില്ലാ ചെയർമാൻ ബാബു കുട്ടൻചിറ, പരിസ്ഥിതി പ്രവർത്തകൻ റജി മലയാലപ്പുഴ, ചെങ്ങറ ഭൂസമര സഹായ സമിതി അംഗം ബിനു ബേബി, ജനകീയ പ്രതിരോധസമിതിജില്ലാനേതാവ് കെ.ജി.അനിൽകുമാർ, എസ്.രാധാമണി, എസ്‌വിഎസ്‌വി സംസ്ഥാന രക്ഷാധികാരികളായ മാണികളം അച്യുതൻ, അജികുമാർ കറ്റാനം, മുതിർന്ന സമരപ്രവർത്തകൻ അരവിന്ദാക്ഷൻ, എസ്‌വിഎസ്‌വി വൈസ് പ്രസിഡന്റ് പുഷ്പ മറ്റൂർ, ജോയിന്റ് സെക്രട്ടറി സുരേഷ് കുമാർ കല്ലേലി, ട്രഷറർ പി.കെ.ബാബു, ഹരികുമാർ തുടങ്ങിയവർ പ്രസംഗിച്ചു. ■

## പത്രപ്രവർത്തകർക്കും മാധ്യമങ്ങൾക്കും നേരെയുള്ള പോലീസ് റെയ്ഡിനെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ശക്തമായി അപലപിക്കുന്നു

എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രവാഷ് ഘോഷ് പുറപ്പെടുവിക്കുന്ന പ്രസ്താവന

അറിയപ്പെടുന്ന പത്രപ്രവർത്തകർ, സ്റ്റാർട്ട്അപ്പ് കൊമേഡിയൻമാർ, ആക്ഷേപഹാസ്യതാരങ്ങൾ, കമന്റേറ്റർമാർ എന്നിവരുടെ ഡൽഹിയിലെ വസതികളിൽ അതിരാവിലെ റെയ്ഡ് നടത്തുകയും കരിനിയമമായ യുഎപിഎ ചുമത്തിയിട്ടുള്ള കേസിൽ ഭീകരവാദബന്ധം ആരോപിച്ച് അവരെ ചോദ്യം ചെയ്യുകയുമുണ്ടായ നടപടിയെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ശക്തമായി അപലപിക്കുന്നു. 1975ലെ അടിയന്തരാവസ്ഥക്കാലത്ത് പത്രപ്രവർത്തകർക്കുനേരെ നടന്ന അതിക്രമങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് ഈ നടപടി. പോലീസിന്റെ നടപടിയിൽ എന്തെങ്കിലും വിശദീകരണം നൽകാൻ ബിജെപി സർക്കാർ തയ്യാറായിട്ടില്ല. ബിജെപിയുടെ ഫാസിസ്റ്റ് ഏകാധിപത്യ വാഴ്ചയിൽ ആവിഷ്കാര സ്വാതന്ത്ര്യവും പത്രസ്വാതന്ത്ര്യവും കനത്ത വെല്ലുവിളി നേരിടുകയാണെന്ന് ഈ കടന്നാക്രമണം ഒരിക്കൽക്കൂടെ സ്ഥിരീകരിക്കുന്നു. ജനാധിപത്യവിശ്വാസികളും മാധ്യമപ്രവർത്തകരും ഉയർത്തിയിരിക്കുന്ന പ്രതിഷേധത്തോടൊപ്പം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയും ചേരുന്നു. ■

## പ്രകടനങ്ങൾക്ക് ഫീസ് ഏർപ്പെടുത്തിയ നടപടിക്കെതിരെ പ്രതിഷേധ സംഗമം

പ്രകടനങ്ങൾക്ക് ഫീസ് ഏർപ്പെടുത്തിയ സംസ്ഥാന സർക്കാർ നടപടിക്കെതിരെ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ പാലക്കാട് സ്റ്റേഡിയം ബസ് സ്റ്റാന്റിനു മുന്നിൽ പ്രതിഷേധ സംഗമം നടത്തി. ജകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി കെ.അബ്ദുൾ അസീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സംഗമം കോളവിരുദ്ധ സമരസമിതി ചെയർമാൻ വിളയോടി വേണുഗോപാൽ ഉദ്ഘാടനം ചെയ്തു.

കെ.വാസുദേവൻ(സാധുജന പരിപാലന സംഘം), കെ.മായാണ്ടി (എസ്‌സി/എസ്‌റ്റി സംരക്ഷണ മുന്നണി), വി.പത്മമോഹൻ (ഇന്ത്യൻ ലേബർ പാർട്ടി), ഹംസ ചെമ്മാനം, ശാക്കിർ പുലാപ്പെറ്റ (വെൽഫെയർ പാർട്ടി), സജീഷ് കുത്തനൂർ (പാലക്കാട് കർഷക മുന്നേറ്റം), കെ. കാർത്തികേയൻ, സന്തോഷ് കുട്ടാല, റെയ്മണ്ട് ആന്റണി, കെ.പ്രസാദ്, അമ്പലക്കാട് വിജയൻ തുടങ്ങിയവർ സംഗമത്തെ അഭിസംബോധന ചെയ്തു. ■



കോളവിരുദ്ധ സമര സമിതി ചെയർമാൻ വിളയോടി വേണുഗോപാൽ പ്രതിഷേധസംഗമം ഉദ്ഘാടനം ചെയ്യുന്നു.

Volume: 50 No: 7 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.